بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 7

ലക്കം 3

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജനുവരി 20/ഹി.ശം. 1400 സ്വുൽഹ് 20/1443 ജമാദുൽ ആഖർ 16

## അല്ലാഹുവിന്റെ വചനം

قُلۡ لِّمَنۡ مَّا فِی السَّمٰوٰتِ وَالۡاَرۡضِ ؕ قُلۡ لِّلّٰہِ ؕ کَتَبَ عَلٰی نَفۡسِہِ الرَّحۡمَۃَ ؕ لَیَجۡمَعَنَّکُمۡ اِلٰی یَوۡمِ الۡقِیٰمَۃِ لَا رَیۡبَ فِیۡہِ ؕ اَلَّذِیۡنَ خَسِرُوۡۤا اَنۡفُسَہُمۡ فَہُمۡ لَا یُؤۡمِنُوۡنَ ﴿سورۃ الانعام:13﴾

ചോദിക്കുക. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം ആർക്കവകാശപ്പെട്ടതാണ്? 'അല്ലാഹുവിന്' എന്നു പറയുക! അവൻ കാരുണ്യത്തെ തന്റെ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു. തീർച്ചയായും അവൻ നിങ്ങളെ ഉയിർത്തെഴുന്നേല്പു നാൾവരെ ഒരുമിച്ചുകൂട്ടിക്കൊണ്ടിരിക്കും. അക്കാര്യത്തിൽ ഒരു സംശയവുമില്ല. തങ്ങളുടെ ആത്മാക്കളെ നഷ്ടപ്പെടുത്തുന്നവരാരോ അവർ വിശ്വസിക്കുകയില്ല.'(6:13)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

**ഫലാ ജുനാഹ അലയ്ഹി അൻയ്യത്ത്വവ്വഫ ബിഹിമാ** യെ പറ്റി ഹദ്റത്ത് ആഇശാ(റ)യുടെ വിശദീകരണം.

(1643) ഉർവാ പറഞ്ഞു: 'നിശ്ചയമായും സ്വഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടവയാണ്. കഅ്ബയിൽച്ചെന്ന് ഹജ്ജോ ഉംറയോ അനുഷ്ഠിക്കുന്നവന് അവ രണ്ടും ത്വവാഫ് ചെയ്യുന്നതിൽ കുറ്റമൊന്നുമില്ല.' ഈ ആയത്തിനെ കുറിച്ച് എന്തു പറയുന്നുവെന്ന് ഹദ്റത്ത് ആഇശ(റ)യോടു ചോദിച്ചു. അല്ലാഹുവാണ! സ്വഫായും മർവായും ത്വവാഫു ചെയ്യാതിരുന്നാൽ ഒരാളും കുറ്റക്കാരനാവുകയില്ല എന്നാണ് അതിന്നർഥം. അപ്പോൾ ആഇശ(റ)പറഞ്ഞു: 'എന്റെ സഹോദരി പുത്രാ!നീ പറഞ്ഞ അർഥം എത്ര ചീത്തയാണ്. ഈ വാക്യത്തിന്റെ അർഥം നീ പറഞ്ഞതുപോലെയായിരുന്നെങ്കിൽ സ്വഫായും മർവായും ത്വവാഫു ചെയ്തില്ലെങ്കിൽ ഒരു തെറ്റുമില്ല എന്നാണ് അർഥമാവുക. എന്നാൽ, ഈ ഖുർആൻ വാക്യം അൻസ്വാരികളുടെ കാര്യത്തിൽ അവതരിച്ചതാണ്. അൻസ്വാരികൾ ഇസ്‌ലാം വിശ്വസിക്കുന്നതിനുമുമ്പേ മുശല്ലൽ എന്ന സ്ഥലത്തിന്നടുത്ത് സ്ഥാപിച്ച് ആരാധിച്ചുപോന്നിരുന്ന മനാത്തക്കുവേണ്ടിയാണ് ഇഹ്റാം കെട്ടിയിരുന്നത്. മനാത്തക്കുവേണ്ടി ഹജ്ജിൽ ഇഹ്റാം കെട്ടിയാൽ പിന്നെ സ്വഫാ-മർവക്കിടയിൽ നടക്കുന്നത് കുറ്റകരമാണെന്ന് അവർ ധരിച്ചിരുന്നു. ശേഷം അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ)യോടു ചോദിച്ചു: 'പ്രവാചകരേ!സ്വഫാ-മർവക്കിടയിൽ ത്വവാഫു ചെയ്യുന്നത് കുറ്റകരമായിട്ടാണ് ഞങ്ങൾ വിശ്വസിച്ചിരുന്നത്.' ഈ അവസരത്തിലാണ് ഈ ആയത്ത് അവതരിപ്പിക്കപ്പെടുന്നത്. ആഇശ(റ)പറയന്നു: നിശ്ചയം ഇവക്കിടയിൽ നടക്കുന്നത് നബി(സ)ചര്യയാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവയുടെ ഇടയിൽ നടക്കുന്നത് ആരും ഉപേക്ഷിക്കുവാൻ പാടില്ല.*(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
03-12-2021, 10-12-2021
സമ്പൂർണ പരിഭാഷ

**അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരാകുകയും അവന്റെ തഖ്ദീറിന്റെ മുമ്പിൽ തലകുനിക്കുകയും ചെയ്യുന്നവർ വളരെ പ്രസന്നതയോടെ പറയുന്നു: ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.(2:157). ഒരു തരത്തിലുള്ള പരാതിയോ കുറ്റമോ അവർ പറയുകയില്ല. അത്തരക്കാരെ സംബന്ധിച്ച് അല്ലാഹു പറയുന്നു: ഉലാഇക്ക അലയ്ഹിം സ്വലവാത്തുൻ ഇവർക്കാണ് അല്ലാഹുവിൽനിന്ന് പ്രത്യേകമായ കാരുണ്യം വരുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ചിലയാളുകളെ കാണാറുണ്ട്. എന്തെങ്കിലും പരീക്ഷണമുണ്ടായാൽ അവർ പരിഭ്രമിച്ചുപോകുന്നു. അല്ലാഹുവിനെകുറിച്ച് പരാതിപ്പെടാൻതുടങ്ങുന്നു. അവരുടെ പ്രകൃതിയിൽ ഒരു ഉദാസീനത കാണാം. കാരണം പൂർണമായ നിലയിൽ അല്ലാഹുവുമായിട്ടുണ്ടാകേണ്ടതായ പൊരുത്തം അവർക്ക് കരസ്ഥമാകുന്നില്ല. അല്ലാഹു പറയുന്നതു അനുസരിച്ചുകൊണ്ടിരിക്കുവോളമാണ് അവനുമായുള്ള പൊരുത്തം നിലനില്ക്കുന്നത്. ഇതും ഓർമിച്ചുകൊള്ളുക! അല്ലാഹുമായുള്ള കാര്യം ഒരു സ്നേഹിതനുമായുള്ള കാര്യംപോലെയാണ്. ചിലപ്പോൾ ഒരുസ്നേഹിതൻ തന്റെ സ്നേഹിതൻ പറയുന്നതു കേൾക്കുന്നു. ചിപ്പോൾ സ്നേഹിതൻ പറയുന്നത് അയാളും കേൾക്കേണ്ടിവരുന്നു. ഈ ഉഭയസമ്മതം സന്തോഷത്തോടെ ആയിരിക്കേണ്ടതാണ്; ബലാൽക്കാരത്താലാകരുത്. അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു: '**വലനബ്ലുവന്നക്കും ബിശയ്യിൻ മ്മിനൽഖൗഫി വൽജൂഇ**' (2:156) അതായത് ചിലപ്പോൾ ഭയംകൊണ്ടും ചിലപ്പോൾ വിശപ്പുകൊണ്ടും ചിലപ്പോൾ ധനംകൊണ്ടും ഫലനഷ്ടംകൊണ്ടും നാം പരീക്ഷിക്കുന്നതാണ്. ഫലനഷ്ടങ്ങളിൽ സന്താനങ്ങളും പെടുന്നു. കഠിനാധ്വാനത്തോടെ എന്തെങ്കിലും കൃഷി ചെയ്തു. പൊടുന്നനെ അതിന് തീപിടിച്ചു. അതുമുഴുവനും കത്തിനശിച്ചു. അല്ലെങ്കിൽ മറ്റെന്തങ്കിലും കാര്യത്തിനുവണ്ടി കഠിനമായി അധ്വാനിച്ചു. ഫലത്തിൽ പരാജയപ്പെട്ടു. ചുരുക്കത്തിൽ വിവിധ രീതിയിലുള്ള പരീക്ഷണങ്ങളും കെടുതികളും മനുഷ്യനുമേൽ വരുന്നു. ഇതു അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരാകുകയും അവന്റെ തഖ്ദീറിന്റെ മുമ്പിൽ തലകുനിക്കുകയും ചെയ്യുന്നവർ അവർ വളരെ പ്രസന്നതയോടെ പറയുന്നു:ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.(2:157). ഒരു തരത്തിലുള്ള പരാതിയോ കുറ്റമോ അവർ പറയുകയില്ല. അത്തരക്കാരെ സംബന്ധിച്ച് അല്ലാഹു പറയുന്നു:ഉലാഇക്ക അലയ്ഹിം സ്വലവാത്തുൻ ഇവർക്കാണ് അല്ലാഹുവിൽനിന്ന് പ്രത്യേകമായ കാരുണ്യം വരുന്നത്. അല്ലാഹു അത്തരക്കാർക്ക് പ്രയാസങ്ങളിൽ വഴി കാണിച്ചുകൊടുക്കുന്നു. അല്ലാഹു വലിയ കരീമും റഹീമും ഔദാര്യവാനുമാണ്. അവന്റെ തൃപ്തിയെ ആരെങ്കിലും മുന്തിക്കുകയും അവന്റെ തൃപ്തിയിൽ തൃപ്തരാകുകയും ചെയ്താൽ അവർക്ക് പ്രതിഫലം നല്കാതെ അവൻ അവരെ വിട്ടുകളയുകയില്ല. ചുരുക്കത്തിൽ ഈ സ്ഥാനം, ഈ ഘട്ടം ഇവിടെയാണ് അവൻ തന്റെ കാര്യം ചെയ്യിക്കാനാഗ്രഹിക്കുന്നത്. രണ്ടാമത്തെ സ്ഥാനവും ഘട്ടവുമെന്നു പറയുന്നത് അവൻ ഉദ്ഊനീ അസ്തജിബ് ലക്കും(40:61) എന്നതിൽ പറഞ്ഞിരിക്കുന്നതാണ്. ഇവിടെ അല്ലാഹു അവന്റെ കാര്യം അംഗീകരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. അതിനാൽ ശഹീദ് ആ ആദ്യ സ്ഥാനത്ത് നില്ക്കുന്നു. അതായത് സന്തോഷത്തോടുകൂടി അവന്റെ കാര്യങ്ങൾ അംഗീകരിക്കുന്നു. അവൻ സ്നേഹിതന്റെ വേദനയെ പാരിതോഷികത്തിന്റെ വർണത്തിൽ ദർശിക്കുന്നു. *(മൽഫൂദാത്ത് വാള്യം 1, പേജ് 348, പ്രസാധനം 2018 ഖാദിയാൻ)*

**അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ നോക്കിയാൽ അത് എണ്ണിക്കണക്കാക്കാൻ കഴിയില്ല. പിന്നെ ഏപ്രകാരം അവൻ ഈ ഭൗതികാനുഗ്രഹങ്ങൾ ഇറക്കിയോ എന്തുകൊണ്ട് അവന് ആത്മീയാനുഗ്രഹങ്ങൾ ഇറക്കിക്കൂടാ? ഒരു കഴിവുമില്ലാത്ത വ്യർഥമായ ആരാധികരെപ്പോലെ ഊമയായി ഇരിക്കണമെന്നാണോ?**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ് (റ)സൂറ നഹ്‌ലിലെ 18,19 വചനമായ **അഫമൻയ്യഖ്‌ലുഖു കമൻല്ലായഖ്‌ലുഖു അഫലാ തദക്കറൂൻ. വഇൻതഉദ്ദൂ നിഅ്മത്തല്ലാഹി ലാ തുഹ്സ്വൂഹാ ഇന്നല്ലാഹ ല ഗഫൂറുർറഹീം** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ആയത്തിന്റെ തർജമ ഇപ്രകാരമാണ്: 'അപ്പോൾ സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവനെപ്പോലെയാണോ? എന്നിട്ടും നിങ്ങൾ മനസ്സിലാക്കുന്നില്ലേ? അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്നപക്ഷം അതെണ്ണിത്തിട്ടപ്പെടുത്താൻ നിങ്ങൾക്കു സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ.' (കശ്ശാഫ്) കാരണം എതിരിൽ 'ഔഫാ'യെ 'അഅ്‌ലാ'യ്ക്കെതിരിൽ വെക്കുന്നു;അല്ലാതെ 'അഅ്‌ലാ' യെ 'ഔഫാ' യ്ക്കെതിരിലല്ല. ശക്തി പ്രകടിപ്പിക്കുന്നതിന് കുട്ടി, ഫയൽവാനെപ്പോലെ എന്നു പറയാവുന്നതാണ്. എന്നാൽ, ഫയൽവാൻ കുട്ടിയെപ്പോലെ എന്നു പറയാൻ പറ്റുകയില്ല. ഈ ആക്ഷേപം തികച്ചും ശരിയാണ്. ഈ ആയത്തിൽ ശക്തിയുടെ പ്രകടനമാണുദ്ദേശ്യമെങ്കിൽ തീർച്ചയായും സൃഷ്ടിക്കാത്തവൻ സൃഷ്ടിക്കുന്നതിന് സമാനനാകുമോ എന്ന് ചോദിക്കാവുന്നതാണ്. എന്നാൽ, ഇവിടെ അതുദ്ദേശ്യമേ അല്ലതന്നെ. അല്ലാമ സംഖശ്രി ഈ ചോദ്യം ഉന്നയിച്ചുകൊണ്ട് അതിന് ഇങ്ങനെ മറുപടി നല്കുന്നു, അന്യാരാധകൻ അല്ലാഹുവിന്റെ സ്വിഫത്തുകൾ അന്യദൈവങ്ങൾക്കു നല്കിക്കൊണ്ട് അല്ലാഹുവും ഒരു സൃഷ്ടിയാണെന്ന് പറയുന്നു. അതുകൊണ്ടാണ് ഇപ്രകാരം അല്ലാഹുവിന്റെമേലും ആക്ഷേപമുണ്ടാകുന്നുവെന്ന് പറഞ്ഞത്. നിങ്ങളുടെ വ്യാജദൈവങ്ങളുടെ ദർജ അതുകൊണ്ട് വർധിക്കുകയില്ല. അല്ലാഹുവിന്റെതന്നെ ദർജ കുറയ്ക്കേണ്ടിവരുന്നു. എന്നാൽ, അല്ലാഹു ഈ നിസ്സാരമായ അസ്തിത്വങ്ങൾക്ക് സമാനനാകുമോ? എന്റെ നോട്ടത്തിൽ ഈ മറുപടി അവർ മുകളിൽ ഉന്നയിച്ച ആക്ഷേപം പോലെതന്നെ ബുദ്ധിപരമല്ല. എന്റെ നോട്ടത്തിൽ ഇതിനുള്ള മറുപടി കഴിഞ്ഞ ആയത്തുകളിൽ ഞാൻ പറഞ്ഞതുപോലെയുള്ള ക്രമം മുന്നിൽവച്ചുകൊണ്ട് നല്കാവുന്നതാണ്. യഥാർഥ വിഷയം ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ അല്ലാഹുവിന് ഏതെങ്കിലും ഇൽഹാം ഇറക്കേണ്ട ആവശ്യമുണ്ടോ? എന്നതാണ്. അന്യാരാധകർ തങ്ങളുടെ ആരാധ്യരെ

ശേഷം പേജ് 16ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹുവാണ! അദ്ദേഹം ഇസ്‌ലാമിന് ആദം ഥാനിയും**
**ഖയ്റുൽഅനാമി(മുഹമ്മദ്(സ)ന്റെ പ്രകാശങ്ങളുടെ മള്ഹറെ അവ്വലുമാണ്.**

ഓരോ കാലത്തും സ്വിദ്ദീഖിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും അബൂബക്റിന്റെ സ്വഭാവത്തേയും പ്രകൃതിയേയും തന്റെയുള്ളിൽ സൃഷ്ടിക്കുന്നതിനുവേണ്ടി സാധിക്കുന്നിടത്തോളും മുജാഹദ(പരിശ്രമം) ചെയ്യേണ്ടതാണ്. പിന്നീട് കഴിയുന്നിടത്തോളം ദുആയോടുകൂടി പ്രവർത്തിക്കുക.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ**
**ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

**ഖുത്ബ ജുമുഅ 2021 ഡിസംബർ 03/1400 ഫതഹ് 03,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ചുള്ള സ്മരണ തുടങ്ങുകയാണ്. അബ്ദുല്ലാഹ് എന്നായിരുന്നു ഹദ്റത്ത് അബൂബക്റിന്റെ പേര്. ഉഥ്മാൻ ബിൻ ആമിർ എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ പേര്. സംജ്ഞാനാമം അബൂബക്ർ എന്നായിരുന്നു. അദ്ദേഹത്തിന്റെ ഉപനാമം അതീഖ് എന്നും സ്വിദ്ദീഖ് എന്നുമായിരുന്നു. അദ്ദേഹത്തിന്റെ ജനനം ആനവർഷത്തിന്റെ രണ്ടുവർഷവും ആറുമാസവും കഴിഞ്ഞ് 573-ലാണുണ്ടായത്. ഹദ്റത്ത് അബൂബക്റിന്റെ പേര് ഞാൻ പറഞ്ഞതുപോലെ അബ്ദുല്ലാഹ് എന്നായിരുന്നു. അവിടത്തെ ബന്ധം ഖുറയ്ശിലെ ഗോത്രമായ ബനൂതയ്യിം ബിൻ മുർറയുമായിട്ടായിരുന്നു. ജാഹിലിയ്യ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് അബ്ദുൽകഅ്ബ എന്നായിരുന്നു. നബി(സ)തിരുമേനിയാണ് അതുമാറ്റി അബ്ദുല്ലാഹ് എന്നുവെച്ചത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉഥ്മാൻ ബിൻ ആമിർ എന്നായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഖുഹാഫ എന്നായിരുന്നു. മാതാവിന്റെ പേര് സൽമാ ബിൻത് സ്വഖ്ർ ബിൻ ആമിർ എന്നായിരുന്നു. അവരുടെ സംജ്ഞാനാമം ഉമ്മുൽ ഖയ്ർ എന്നായിരുന്നു. ഒരു ഖൗൽ അനുസരിച്ച് അവരുടെ മാതാവിന്റെ പേര് ലയ്‌ലാ ബിൻത് സ്വഖ്ർ എന്നായിരുന്നു. *(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാള്യം 3, പേജ് 91-92, അബ്ദുല്ലാഹ് ബിൻ അബീ ഖുഹാഫ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 2002)(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 90, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റൂത്ത് 1996)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ , വാള്യം 3, പേജ് 1204, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽഫിക്ർ ബെയ്റൂത്ത്, 2003)(ഇസ്വാബ വാള്യം 4, പേജ് 145, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 2005)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ വംശാവലി 7-ാം തലമുറയിൽ 'മുർറ'യിൽ ചെന്ന് നബി(സ)തിരുമേനിയുടെ വംശാവലിയുമായി കൂടിച്ചേരുന്നു.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 57, ഉർദു തർജമ, അഞ്ചുംസുൽത്വാൻ ശഹ്ബാസ് ബുക് കോർണർ ശോറോം ജഹ്‌ലും)*

ഇപ്രകാരംതന്നെ ഹദ്റത്ത് അബൂബക്റിന്റെ മാതാവിന്റെ വംശാവലി മാതാമഹിയുടേയും പിതാമഹിയുടേയും ഭാഗത്തുനിന്ന് ആറാം തലമുറയിലെത്തി നബി(സ) തിരുമേനിയുമായി ചേരുന്നു. *(സയ്യിദുനാ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് കി സിന്ദഗീ കെ സുൻഹരി വാഖആത്ത്, അബ്ദുൽമാലിഖ് മുജാഹിദ് പേജ് 29, പ്രസാധകർ ദാറുസ്സലാം)*

അബൂ ഖുഹാഫ അതായത് ഹദ്റത്ത് അബൂബക്ർ(റ)ന്റെ പിതാവിന്റെ ഭാര്യ ഉമ്മുൽ ഖയ്ർ അദ്ദേഹത്തിന്റെ പിതൃസഹോദരന്റെ മകളായിരുന്നു.*(അർറൗളുൽഅൻഫ് വാള്യം 1, പേജ് 430 "ഇസ്‌ലാം അബീബക്ർ" ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ഒന്നാം പതിപ്പ്)*

അതായത് ഹദ്റത്ത് അബൂബക്റിന്റെ മാതാവ് അവരുടെ പിതാവിന്റെ സഹോദരന്റെ മകളായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ മാതാപിതാക്കൾ ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനുശേഷവും ജീവിച്ചിരുന്നു. അവരിരുവരും തങ്ങളുടെ മകൻ അതായത് ഹദ്റത്ത് അബൂബക്റിന്റെ അനന്താരാവകാശം പ്രാപിച്ചു. ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനുശേഷം ആദ്യം വഫാത്തായത് അദ്ദേഹത്തിന്റെ മാതാവായിരുന്നു.*(ഉസുദുൽഗാബ വാള്യം 7, ഉമ്മുൽഖയ്ർ ബിൻത് സ്വഖ്ർ, അക്ഷരം ഖാഅ്, പേജ് 314-315, ദാറുൽകുതുബുൽഇൽമിയ്യ 2008)*

പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ പിതാവ് ഹിജ്റ 14-ൽ 97-ാം വയസ്സിൽ വഫാത്തായി. *(അൽഇസ്വാബ വാള്യം 3, ഹർഫുൽഅയ്ൻ, പദം ഉഥ്മാൻ ബിൻ ആമിർ, പേജ് 424, ദാറുൽഫിക്ർ 2001)*

ഹദ്റത്ത് അബൂബക്റിന്റെ പിതാവിനും മാതാവിനും ഇസ്‌ലാം സ്വീകരിക്കാൻ തൗഫീഖ് കിട്ടി. ഹദ്റത്ത് അബൂബക്റിന്റെ പിതാവ് ഇസ്‌ലാം സ്വീകരിച്ച സംഭവം ഇപ്രകാരമാണ്. അദ്ദേഹത്തിന്റെ പിതാവ് മക്ക വിജയമുണ്ടാകുന്നതുവരെ വിശ്വസിച്ചിരുന്നില്ല. ആ നേരത്ത് അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. മക്ക വിജയത്തിന്റെ നേരത്ത് നബി(സ) തിരുമേനി മസ്ജിദ് ഹറാമിൽ പ്രവേശിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ തന്റെ പിതാവിനേയും കൂട്ടി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ)തിരുമേനി അദ്ദേഹത്തെ കണ്ടപ്പോൾ അവിടന്ന് പറഞ്ഞു:അബൂബക്റേ, 'താങ്കൾ വൃദ്ധനായ ഈ മനുഷ്യനെ ഇങ്ങോട്ടു കൊണ്ടുവന്നതെന്തിനാണ്? ഞാൻ അങ്ങോട്ടു വരുമായിരുന്നല്ലോ?' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇദ്ദേഹം അങ്ങയുടെ സന്നിധിയിൽ ഹാജരാകുന്നതിന് കൂടുതൽ അർഹനാണ്. അങ്ങ് അങ്ങോട്ടുപോകുന്നതിലല്ല.' ഹദ്റത്ത് അബൂബക്ർ(റ)തന്റെ പിതാവിനെ നബി(സ)തിരുമേനിയുടെ അടുത്തിരുത്തിയപ്പോൾ അവിടന്ന് അദ്ദേഹത്തിന്റെ നെഞ്ചിൽ തടവിക്കൊണ്ടുപറഞ്ഞു:'ഇസ്‌ലാം സ്വീകരിക്കുക! അങ്ങ് സമാധാനത്തിലാകും.' അങ്ങനെ അബൂഖുഹാഫ ഇസ്‌ലാം സ്വീകരിച്ചു.*(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, ലി ഇബ്നുഹജ്ർ വാള്യം 4, പേജ് 374-375, ദിക്റു ഉഥ്മാൻ ബിൻ ആമിർ, അബൂഖുഹാഫ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2005)*

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം. അബൂ ഖുഹാഫ മക്കവിജയ ദിവസം കൊണ്ടുവരപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന്റെ തലയും താടിയും 'ഥഗാമ'യെപ്പോലെ വെളുത്തിരുന്നു. ഥഗാമയെ കുറിച്ച് പറയപ്പെടുന്നത് വെളുത്തനിറമുള്ള ഒരു പുഷ്പമാണെന്നാണ്. അത് മലകളിലാണ് വളരുന്നത്. എന്തായാലും അദ്ദേഹത്തിന്റെ മുടി തികച്ചും നരച്ചിരുന്നു. താടിയും നരച്ചിരുന്നു. അതുകണ്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അതിനെ മറ്റേതെങ്കിലും നിറത്തിലേക്ക് മാറ്റുക. അതായത് ഡൈ ചെയ്യുക. നിറം പിടിക്കുന്നത് കൂടുതൽ നല്ലതാണ്. എന്നാൽ, കറുത്ത നിറത്തിൽനിന്ന് രക്ഷപ്പെടുക.' *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ അദബ്, ഹദീഥ് 3911, മുതർറജിം വാള്യം 11, പേജ് 198-199)*

ഹദ്റത്ത് അബൂബക്റിന്റെ മാതാവ് ആരംഭകാല വിശ്വാസികളിൽപ്പെട്ടവരായിരുന്നു. അതിനെക്കുറിച്ച് സീറത്തു ഹൽബിയായിൽ വന്നിട്ടുള്ളത് ഇപ്രകാരമാണ്. നബി(സ)തിരുമേനി ദാറുൽഅർഖമിൽ പോയത് അവിടന്നും അവിടത്തെ സ്വഹാബിമാരും രഹസ്യമായി അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടിയായിരുന്നു. അക്കാലത്ത് മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ 38 ആയിരുന്നു. ആ നേരത്ത്

നബി(സ)തിരുമേനിയോടു ഹദ്റത്ത് അബൂബക്ര്‍(റ)മസ്ജിദുല്‍ ഹറാമില്‍ പോകാന്‍ അപേക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു:'അബൂബക്റേ!നമ്മുടെ എണ്ണം കുറവാണ്.' പക്ഷേ, ഹദ്റത്ത് അബൂബക്ര്‍ നിര്‍ബന്ധിച്ചുകൊണ്ടേയിരുന്നു. അങ്ങനെ നബി(സ)തിരുമേനി തന്റെ എല്ലാ സ്വഹാബത്തിനോടുമൊപ്പം മസ്ജിദ് ഹറാമില്‍പോയി. അവിടെ ഹദ്റത്ത് അബൂബക്ര്‍ ജനങ്ങളെ സംബോധന ചെയ്ത് സംസാരിച്ചു. നബി(സ) തിരുമേനിയുടെ സാന്നിധ്യത്തിലായിരുന്നു ഇത്. പ്രസംഗത്തില്‍ ഹദ്റത്ത് അബൂബക്ര്‍(റ) ജനങ്ങളെ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും ക്ഷണിച്ചു. ഇപ്രകാരം അദ്ദേഹം നബി(സ)തിരുമേനക്കുശേഷം ആദ്യമായി ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ഖത്വീബായി. അപ്പോള്‍ അന്യാരാധകര്‍ ഹദ്റത്ത് അബൂബക്റിനേയും മുസ്‌ലിമീങ്ങളേയും മര്‍ദ്ദിക്കാന്‍ ചാടി വീണു. അവരെ മൃഗീയമായി മര്‍ദിച്ചു. അബൂബക്റിനെ കാലിനടിയിലിട്ട് ചതച്ചരച്ചു. ഗുരുതരമായി മര്‍ദിച്ചു. ഉത്ബ ബിന്‍ റബീഅ ചെരുപ്പുകൊണ്ട് ഹദ്റത്ത് അബൂബക്റിനെ അടിക്കുകയായിരുന്നു. അതില്‍ രണ്ടുതോലുകളാണ് ഒട്ടിച്ചിരുന്നത്. അയാള്‍ ആ ചെരുപ്പുകൊണ്ട് ഹദ്റത്ത് അബൂബക്റിന്റെ മുഖത്ത് എത്ര അടിച്ചുവെന്നാല്‍ മുഖത്തു നീരുവന്നു വീര്‍ത്ത കാരണത്താല്‍ അദ്ദേഹത്തിന്റെ മൂക്കുപോലും തിരിച്ചറിയാന്‍ കഴിഞ്ഞിരുന്നില്ല. പിന്നീട് ബനുതയ്യിം ഗോത്രത്തിലെയാളുകള്‍ ഓടി വന്നു. അന്യാരാധകരെ ഹദ്റത്ത് അബൂബക്റില്‍നിന്നകറ്റി. ബനൂതയ്യിമിലെ ആളുകള്‍ അദ്ദേഹത്തെ ഒരു തുണിയിലിട്ട് പൊക്കിയെടുത്ത് അദ്ദേഹത്തിന്റെ വീട്ടില്‍ കൊണ്ടുപോകുകയും ചെയ്തു. അബൂബക്ര്‍ മരിച്ചുവെന്നതില്‍ അവര്‍ക്ക് സംശയമൊന്നുമുണ്ടായിരുന്നില്ല. അത്രത്തോളം അവര്‍ മര്‍ദിച്ചിരുന്നു. അതിനുശേഷം ബനൂതയ്യിമിലെ ആളുകള്‍ തിരിച്ചുവന്നു. മസ്ജിദില്‍, കഅ്ബ ദേവാലയത്തില്‍ പ്രവേശിച്ചു. അവര്‍ പറഞ്ഞു: 'അല്ലാഹുവാണ!അബൂബക്ര്‍ മരിച്ചാല്‍ അദ്ദേഹത്തെ അധികം മര്‍ദിച്ച ഉത്ബയെ ഞങ്ങള്‍ തീര്‍ച്ചയായും വധിക്കുന്നതാണ്.' പിന്നീട് അവര്‍ ഹദ്റത്ത് അബൂബക്റിന്റെ അടുത്തു തിരിച്ചുവന്നു. അദ്ദേഹത്തിന്റെ പിതാവ് അബൂഖുഹാഫയും ബനൂതയ്യിമിലെ ആളുകളും അദ്ദേഹത്തോടു സംസാരിക്കാന്‍ ശ്രമിച്ചു. എന്നാല്‍, അബോധാവസ്ഥ കാരണത്താല്‍ അദ്ദേഹത്തിന് മറുപടിയൊന്നും പറയാന്‍ കഴിഞ്ഞില്ല. അങ്ങനെ പകലിന്റെ അവസാന ഭാഗത്ത് അദ്ദേഹം സംസാരിച്ചു. നബി(സ) തിരുമേനിയുടെ അവസ്ഥ എന്താണെന്നാണ് അദ്ദേഹം ആദ്യം ചോദിച്ചത്. എന്നാല്‍, ആളുകള്‍ അദ്ദേഹത്തിന് മറുപടി നല്കിയില്ല. പക്ഷേ, അദ്ദേഹം ആവര്‍ത്തിച്ച് അതുതന്നെ ചോദിച്ചുകൊണ്ടിരുന്നു. അപ്പോള്‍ അദ്ദേഹത്തിന്റെ മാതാവ് പറഞ്ഞു:'അല്ലാഹുവാണ! നിന്റെ കൂട്ടുകാരനെ സംബന്ധിച്ച് ഒന്നും അറിയില്ല.' ഹദ്റത്ത് അബൂബക്ര്‍ തന്റെ മാതാവിനോടു പറഞ്ഞു:'അങ്ങ് ഹദ്റത്ത് ഉമറിന്റെ സഹോദരി ഉമ്മുജമീല്‍ ബിന്‍ ഖത്ത്വാബിന്റെ അടുക്കല്‍ പോകുക.' ഉമ്മുജമീല്‍ ആദ്യമെ തന്നെ മുസ്‌ലിമായി കഴിഞ്ഞിരുന്നു. പക്ഷേ, തന്റെ ഇസ്‌ലാം വെളിപ്പെടുത്തിയിരുന്നില്ല. അവിടെപോയി നബി(സ)തിരുമേനിയുടെ അവസ്ഥ അന്വേഷിച്ചറിയുക. അങ്ങനെ ഹദ്റത്ത് അബൂബക്റിന്റെ മാതാവ് ഉമ്മുജമീലിന്റെ അടുത്തുപോയി. മുഹമ്മദു ബിന്‍ അബ്ദുല്ലാ(സ)യെ കുറിച്ച് അബൂബക്ര്‍ ചോദിക്കുന്നുവെന്ന് പറഞ്ഞു. അപ്പോള്‍ അവര്‍ മറുപടി നല്കി:എനിക്ക് മുഹമ്മദിനേയും അറിയില്ല, അബൂബക്റിനേയും അറിയില്ല. പിന്നീട് ഉമ്മു ജമീല്‍ അബൂബക്റിന്റെ മാതാവിനോടു പറഞ്ഞു:'ഞാന്‍ നിങ്ങളോടൊപ്പം വരാന്‍ നിങ്ങളാഗ്രഹിക്കുന്നുണ്ടോ?' അവര്‍ പറഞ്ഞു: 'ആഗ്രഹിക്കുന്നു.' പിന്നീട് അവര്‍ അവരോടൊപ്പം ഹദ്റത്ത് അബൂബക്റിന്റെ അടുത്തുവന്നു. മര്‍ദനംകൊണ്ട് ഗുരുതരമായ അവസ്ഥയില്‍ അദ്ദേഹം തറയില്‍ കിടക്കുന്നതു കണ്ട് ഉമ്മുജമീല്‍ നിലവിളിച്ചു. അവര്‍ പറഞ്ഞു:ആരാണോ താങ്കളോടു ഇങ്ങനെ ചെയ്തത്, അവര്‍ തീര്‍ച്ചയായും ആജ്ഞാലംഘകരാണ്. അല്ലാഹു അവരോടു പകരം ചോദിക്കുമെന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു. അപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍ അവരോടു ചോദിച്ചു:നബി(സ)തിരുമേനിയുടെ വര്‍ത്തമാനമെന്താണ്? ഉമ്മുജമീല്‍ പറഞ്ഞു:ഇത് അങ്ങയുടെ മാതാവും കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു, അവര്‍ നിങ്ങളുടെ രഹസ്യം പരസ്യപ്പെടുത്തുകയില്ല. അപ്പോള്‍ ഉമ്മുജമീല്‍ പറഞ്ഞു:നബി(സ) തിരുമേനി സുഖമായിട്ടിരിക്കുന്നു. നബി(സ) തിരുമേനി ഇപ്പോള്‍ എവിടെയാണെന്ന് അദ്ദേഹം ചോദിച്ചു. ഉമ്മു ജമീല്‍ പറഞ്ഞു:ദാറു അര്‍ഖമിലുണ്ട്. ഹദ്റത്ത് അബൂബക്റിന്, നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ സ്ഥാനം നോക്കുക! അതുകേട്ടപാടെ, അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ!ഇനി ആദ്യം നബി(സ)തിരുമേനിയെ കാണുന്നതുവരെ ഞാനെന്തങ്കിലും തിന്നുകയോ കുടിക്കുകയോ ഇല്ല. ഹദ്റത്ത് അബൂബക്റിന്റെ മാതാവ് പറഞ്ഞു:'ഞങ്ങള്‍ കുറച്ചുനേരംവരെ, ആളുകള്‍ വെളിയിലിറങ്ങുകയും നടക്കുകയും ചെയ്യുന്നതുവരെ അദ്ദേഹത്തെ തടഞ്ഞുവെച്ചു. സമാധാനമായപ്പോള്‍ ഞങ്ങള്‍ അദ്ദേഹത്തേയുംകൊണ്ടു പുറപ്പെട്ടു. അദ്ദേഹം എന്നെ പിടിച്ചുകൊണ്ട് നടക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം നബി(സ) തിരുമേനിയുടെ അടുത്തെത്തി. ഹദ്റത്ത് അബൂബക്റിന് വിഷമം അടക്കാന്‍ കഴിഞ്ഞില്ല. നബി(സ)തിരുമേനി, ഹദ്റത്ത് അബൂബക്റിന്റെ ഈ അവസ്ഥ കണ്ടപ്പോള്‍ അബൂബക്റിനെ മുത്തുന്നതിനുവേണ്ടി അദ്ദേഹത്തില്‍ കുനിഞ്ഞു. മുസ്‌ലിമീങ്ങളും അദ്ദേഹത്തില്‍ കുനിഞ്ഞു. പിന്നീട് ഹദ്റത്ത് അബൂബക്ര്‍(റ)പറഞ്ഞു:'യാ റസൂലല്ലാഹ്!എന്റെ മാതാവും പിതാവും അങ്ങയില്‍ തെണ്ടമാണ്. ആളുകള്‍ എന്റെ മുഖത്ത് പരിക്കേല്പിച്ചതല്ലാതെ എനിക്ക് ഒരുവിധ ബുദ്ധിമുട്ടുമില്ല. ഈ എന്റെ മാതാവ് തന്റെ മകനോടു നല്ല രീതിയില്‍ പെരുമാറുന്നവരാണ്.' ഇങ്ങനെ ഹ്രസ്വമായി സംസാരിച്ചു. അല്ലാഹു അങ്ങയുടെ അനുഗ്രഹംകൊണ്ട് അഗ്നിയില്‍നിന്ന് അവരെ രക്ഷിച്ചേക്കാം. ഹദ്റത്ത് അബൂബക്ര്‍(റ) തന്റെ മാതാവിനെ കുറിച്ച് പറഞ്ഞു:അല്ലാഹു അങ്ങയുടെ അനുഗ്രഹംകൊണ്ട് അഗ്നിയില്‍നിന്ന് അവരെ രക്ഷിച്ചേക്കാം. അതായത് വിശ്വസിക്കാന്‍ സാധ്യതയുണ്ട്. അപ്പോള്‍ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മാതാവിനുവേണ്ടി ദുആ ചെയ്തു. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇതുകേട്ട് അവര്‍ ഇസ്‌ലാം സ്വീകരിച്ചു.' *(അസ്സീറത്തുല്‍ ഹല്‍ബിയ്യ വാള്യം 1, പേജ് 418-419, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 2002)* ഇപ്രകാരം ഹദ്റത്ത് അബൂബക്റിന്റെ മാതാവ് ആരംഭകാലത്തുതന്നെ ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അബൂബക്റിന്റെ ജനനത്തിയതിയെ സംബന്ധിച്ചുള്ള നിവേദനങ്ങളില്‍ സ്വഹാബത്തിന്റെ ജീവിതചരിത്ര ഗ്രന്ഥങ്ങളില്‍ ആധികാരിക ഗ്രന്ഥമായ ഇസ്വാബയില്‍ പറഞ്ഞിട്ടുള്ളതനുസരിച്ച് ഹദ്റത്ത് അബൂബക്ര്‍(റ)ആനവര്‍ഷ(ആമുല്‍ഫീല്‍)ത്തിന്റെ രണ്ടു വര്‍ഷത്തിനും ആറുമാസത്തിനും ശേഷമാണ് ജനിച്ചത്.*(അല്‍ഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 145, അബ്ദുല്ലാ ബിന്‍ ഉഥ്മാന്‍, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് ലബ്നാന്‍ 2005)*

അവിടന്ന് ആനവര്‍ഷത്തിനു മൂന്നു വര്‍ഷം കഴിഞ്ഞാണ് ജനിച്ചതെന്ന് താരീഖുത്വബരിയിലും ത്വബഖാത്തുല്‍ കുബ്റായിലും എഴുതിയിരിക്കുന്നു.*(അത്ത്വബഖാത്തുല്‍ കുബ്റാ, വാള്യം 3, പേജ് 151, ദിക്റു വസ്വയ്യത്ത് അബീബക്ര്‍, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 2012)(ത്വബരി വാള്യം 2, പേജ് 348, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത്)* ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ ഉപനാമവുമുണ്ട്. വിവരിക്കപ്പെടാറുള്ള രണ്ടു ഉപനാമം പ്രശസ്തമാണ്. ഒന്ന് അതീഖ്, രണ്ട് സ്വിദ്ദീഖ്. അത്തീഖിന്റെ പേരുവരാന്‍ കാരണമെന്താണ്? ഇതുസംബന്ധമായി എഴുതിയിരിക്കുന്നു, ഹദ്റത്ത് ആഇശ(റ) പറഞ്ഞു: നബി(സ)തിരുമേനിയുടെ അടുത്ത് ഹദ്റത്ത് അബൂബക്ര്‍(റ)വന്നു. അപ്പോള്‍ അവിടന്ന് പറഞ്ഞു:അന്‍ത അതീഖുല്ലാഹി മിനന്നാരി. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് താങ്കള്‍ തീയില്‍നിന്ന് സ്വതന്ത്രനാക്കപ്പെട്ടവനാണ്. അതിനാല്‍ ആ ദിവസം മുതല്‍ അദ്ദേഹത്തിന് അതീഖ് എന്ന ഉപനാമം നല്കപ്പെട്ടു. *(സുനന്‍ അത്തിര്‍മുദി, കിതാബുല്‍മനാഖിബ്, ബാബു തസ്മിയത്തു അതീഖന്‍ ഹദീഥ് നമ്പര്‍ 3679)* ചില ചരിത്രകാരന്മാര്‍ ഉപനാമത്തിനുപകരം ഹദ്റത്ത് അബൂബക്റിന്റെ പേര് അതീഖ് എന്ന് വിവരിക്കാറുണ്ട്. അവര്‍ പറയുന്നത്, അത് ഉപനാമം അല്ലെന്നാണ്. പ്രത്യുത അദ്ദേഹത്തിന്റെ പേരായിരുന്നു. പക്ഷേ, ഇതു ശരിയല്ല. അല്ലാമ ജലാലുദ്ദീന്‍ സുയൂത്വി താരീഖുല്‍ഖുലഫായില്‍ ഇമാം നവവിയെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു: ഹദ്റത്ത് അബൂബക്റിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഇതാണ് കൂടുതല്‍ പ്രശസ്തവും ശരിയായിട്ടുള്ളതും. അദ്ദേഹത്തിന്റെ പേര് അതീഖ് എന്നായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. പക്ഷേ, ഇതില്‍ ഭൂരിഭാഗം ഉലമായും അതീഖ് അദ്ദേഹത്തിന്റെ പേരല്ല ഉപനാമമായിരുന്നുവെന്ന് പറയുന്നു. *(താരീഖുല്‍ഖുലഫാ, പേജ് 27, ദാറുല്‍കുതുബുല്‍അറബി ബെയ്റത്ത് 1999)*

അദ്ദേഹത്തിന്റെ മുഖത്തിന്റെ മനോഹാരിതയും സൗന്ദര്യവും കാരണത്താലാണ് അതീഖ് എന്ന ഉപനാമം വന്നിട്ടുള്ളതെന്ന് സീറത്ത് ഇബ്നു ഹിശാമില്‍ വിവരിക്കപ്പെട്ടിരിക്കുന്നു.*(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 117, ദാറു ഇബ്നുഹസം 2009)*

സീറത്ത് ഇബ്നു ഹിശാമിന്റെ ശറഹില്‍ അതീഖ് ഉപനാമമാണെന്നതിന് താഴെ പറയുന്ന കാരണങ്ങള്‍ വിവരിക്കപ്പെട്ടിരിക്കുന്നു. അതീഖ് എന്നതിന്റെ ഉദ്ദേശ്യം 'അല്‍ഹുസ്ന്' അതായത് നല്ല വിശേഷഗുണമുള്ളവന്‍. അദ്ദേഹം ആക്ഷേപങ്ങളില്‍നിന്നും ന്യൂനതകളില്‍നിന്നും രക്ഷിക്കപ്പെട്ടിരുന്നു. ഇങ്ങനേയും പറയപ്പെടുന്നുണ്ട്, അദ്ദേഹം അതീഖ് എന്ന്

പറയപ്പെടുന്നത് അദ്ദേഹത്തിന്റെ മാതാവിന്റെ ഒരു കുട്ടിയും ജീവനോടെ ഇരുന്നിരുന്നില്ല. ഇനി തനിക്ക് കുട്ടിയുണ്ടാകുകയാണെങ്കിൽ അവന് അബ്ദുൽകഅ്ബ എന്ന് പേരിടുന്നതാണെന്ന് അവർ നേർച്ചനേർന്നു. അവനെ കഅ്ബയ്ക്കുവേണ്ടി വഖ്ഫ് ചെയ്യുന്നതായിരിക്കും. അവിടന്ന് ജീവിച്ചിരിക്കുകയും യുവാവാകുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് അതീഖ് എന്ന് പേരു വീണു; മരണത്തിൽനിന്ന് രക്ഷപ്പെട്ടവനെപോലെ! *(അർറൗളുൽഅൻഫ് ഫീ തഫ്സീർ അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം വാല്യം 1, പേജ് 430, 'ഇസ്‌ലാം അബീബകർ' ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ഒന്നാം പതിപ്പ്)*

ഇവയ്ക്കു പുറമെയും അതീഖ് ഉപനാമമാണെന്നതിന് വിവിധ കാരണങ്ങൾ ലഭിക്കുന്നുണ്ട്. ചിലയാളുകൾ പറയുന്നതനുസരിച്ച് അദ്ദേഹം അതീഖാണെന്ന് പറയപ്പെടുന്നത് അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെമേൽ എന്തെങ്കിലും ന്യൂനതയായി പറയപ്പെടാൻ പറ്റിയ ഒരു കാര്യവുമില്ലെന്നതാണ്. *(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 3, പേജ് 963, അബ്ദുല്ലാഹ് ബിൻ അബീ ഖുഹാഫ, ദാറുൽജീൽ ബെയ്റുത്ത്)*

അതീഖിന്റെ ഒരു അർഥം പുരാതനം എന്നുമാണ്. ഹദ്റത്ത് അബൂബക്ർ(റ)പണ്ടുമുതലേ നന്മയും സൽകർമവും ചെയ്യുന്നയാളായിരുന്നു. അതുകൊണ്ട് അതീഖ് എന്ന് പറയപ്പെട്ടു. *(അൽഇസ്വബ ഫീ തമീസിസ്സഹാബ, വാല്യം 4, പേജ് 146, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)* ഇപ്രകാരംതന്നെ ഇസ്‌ലാം സ്വീകരിച്ചതിലും നന്മചെയ്യുന്നതിലും ആദ്യം മുന്നിട്ടിറങ്ങുന്ന ആളെന്ന നിലയിലും അവിടത്തെ ഉപനാമം അതീഖ് എന്ന് വെക്കപ്പെട്ടു. *(ഉംദത്തുൽഖാരി, കിതാബു ബദഉൽഖൽഖ്, ബാബു മനാഖിബുൽമുഹാജിരീന വ ഫള്‌ലുഹും, വാല്യം 16, പേജ് 260, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബെയ്റുത്ത് 2003)*

രണ്ടാമത്തെ ഉപനാമമായ സിദ്ദീഖിനെ കുറിച്ച് പറയുന്നത് എന്തുകൊണ്ട് സിദ്ദീഖ് എന്ന് ഉപനാമം വെക്കപ്പെട്ടു? അല്ലാമ ജലാലുദ്ദീൻ സുയൂത്വി എഴുതുന്നു: സിദ്ദീഖ് എന്ന നാമത്തെ സംബന്ധിച്ചിടത്തോളം പറയപ്പെടുന്നത് ജാഹിലിയ്യ കാലഘട്ടത്തിൽ അദ്ദേഹത്തിൽനിന്ന് വെളിപ്പെട്ടുകൊണ്ടിരുന്ന സത്യത കാരണത്താൽ ഈ ഉപനാമം അദ്ദേഹത്തിന് നല്കപ്പെട്ടുവെന്നാണ്. ഇങ്ങനേയും പറയപ്പെടുന്നുണ്ട്, നബി(സ)തിരുമേനി അദ്ദേഹത്തോടു പറയാറുണ്ടായിരുന്ന വാർത്തകളെ സംബന്ധിച്ച്, അത് സാക്ഷ്യപ്പെടുത്തുന്നതിൽ അദ്ദേഹം ധിറുതി കാണിക്കുമായിരുന്നു. അതുകൊണ്ട് സ്വദ്ദീഖ് എന്ന് പേരു വീണു. *(താരീഖുൽഖുലഫാ, ജലാലുദ്ദീൻ സുയൂത്വി, പേജ് 28-29, ദാറുൽകിതുബുൽഅറബി ബെയ്റുത്ത് 1999)*

ഹദ്റത്ത് ആഇശ(റ) വിവരിച്ചു: രാത്രിനേരത്ത് നബി(സ)തിരുമേനിയെ ബയ്ത്തുൽമുഖദ്ദസ് മസ്ജിദ് അഖ്സ്വയിലേക്ക് കൊണ്ടുപോയപ്പോൾ അതായത് ഇസ്റാഅ് സംഭവം ഉണ്ടായപ്പോൾ രാവിലെ ആളുകൾ ഈ സംഭവത്തെ കുറിച്ച് സംസാരിക്കാൻ തുടങ്ങി. നബി(സ)തിരുമേനി ഇതു പറഞ്ഞപ്പോൾ വിശ്വസിക്കുകയും അദ്ദേഹത്തെ സാക്ഷിപ്പെടുത്തുകയും ചെയ്തിരുന്ന ചിലയാളുകൾ പിന്നാക്കംപോയി. ചില ബലഹീനവിശ്വാസികൾ ഇങ്ങനേയുമുണ്ടായിരുന്നു. ആ നേരത്ത് അന്യാരാധകരിൽപ്പെട്ട ചിലയാളുകൾ ഹദ്റത്ത് അബൂബക്റിന്റെ അടുത്ത് ഓടിവന്നു പറഞ്ഞു:താങ്കൾക്ക് താങ്കളുടെ കൂട്ടുകാരനെ സംബന്ധിച്ച് വല്ല വിവരവുമുണ്ടോ? തന്നെ രാത്രിനേരത്ത് അല്ലാഹു ബയ്ത്തുൽമുഖദ്ദസിൽ കൊണ്ടുപോയെന്ന് അദ്ദേഹം വാദിച്ചുകൊണ്ടിരിക്കുന്നു. യഥാർഥത്തിൽ അദ്ദേഹം അങ്ങനെ പറഞ്ഞുവോ എന്ന് ഹദ്റത്ത് അബൂബക്ർ അവരോടു ചോദിച്ചു. അതേ എന്ന് ആളുകൾ പറഞ്ഞു. അതുകേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു:അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും സത്യമാണ് പറഞ്ഞത്. രാത്രിയിൽ ബയ്ത്തുൽമുഖദ്ദസിൽപോകുകയും രാവിലെ തിരിച്ചെത്തുകയും ചെയ്തത് താങ്കൾ സാക്ഷ്യപ്പെടുത്തുന്നുണ്ടോ? എന്ന് ആളുകൾ ചോദിച്ചു. കാരണം ഈ ബയ്ത്തുൽമുഖദ്ദസ് മക്കയിൽനിന്ന് 1300 കിലോമീറ്റർ ദൂരത്താണുള്ളത്. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: അതേ, അതിനെക്കാൾ ദൂരത്തുള്ളതും ഞാൻ സാക്ഷ്യപ്പെടുത്തുന്നതായിരിക്കും. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു:'ഞാൻ രാവിലേയും വൈകുന്നേരവും അദ്ദേഹത്തിനുമേൽ ഇറങ്ങുന്ന ദിവ്യമായ വിവരങ്ങളേയും സാക്ഷ്യപ്പെടുത്തുന്നു.' അങ്ങനെ ഇക്കാരണത്താൽ ഹദ്റത്ത് അബൂബക്റിന്റെ പേര് സിദ്ദീഖ് എന്നായി. അദ്ദേഹത്തെ സിദ്ദീഖ് എന്ന് വിളിക്കാൻ തുടങ്ങി.*(അൽമുസ്തദർക് അലസ്സഹീഹയ്ൻ ലിൽഹാക്കിമി കിതാബുമഅ്രിഫത്തുസ്സഹാബ, വാല്യം 4, പേജ് 81, നിവേദന നമ്പർ 4458, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002) (അറ്റ്ലസ് സീറത്തുന്നബ്‌വി, പേജ് 136)*

ഹദ്റത്ത് അബൂഹുറയ്റായുടെ സ്വതന്ത്രനാക്കപ്പെട്ട അടിമ അബൂവഹബ് വിവരിച്ചു: നബി(സ)തിരുമേനി പറഞ്ഞു, ഞാൻ കൊണ്ടുപോകപ്പെട്ട രാത്രി അതായത് ഇസ്റാഅ് സംഭവം ദിവസം ഞാൻ ജിബ്‌രീലിനോടു പറഞ്ഞു:തീർച്ചയായും എന്റെ ജനത എന്നെ സാക്ഷ്യപ്പെടുത്തുകയില്ല. അതായത് ഞാൻ പറയുന്നത് സത്യമാണെന്ന് വിശ്വസിക്കുകയില്ല. അപ്പോൾ ജിബ്‌രീൽ പറഞ്ഞു:യുസ്വദ്ദിഖുക്ക അബൂബക്‌റിൻ വ ഹുവസ്സിദ്ദീഖു താങ്കളെ അബൂബക്ർ സാക്ഷ്യപ്പെടുത്തുന്നതായിരിക്കും. അദ്ദേഹം സിദ്ദീഖാണ്. ഇത് ത്വബഖാത്തുൽകുബ്റായിൽ എഴുതിയിട്ടുള്ളതാണ്. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 127, അബൂബക്ർ സിദ്ദീഖ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ആഇശായുടെ നിവേദനം ഇതാണ്, ഇസ്റാഅ് സംഭവമുണ്ടായപ്പോൾ ആളുകൾ ഓടിയോടി ഹദ്റത്ത് അബൂബക്റിന്റെ അടുത്തുവന്നു. അദ്ദേഹത്തോടു പറഞ്ഞു: അങ്ങയുടെ കൂട്ടുകാരൻ എന്താണ് പറയുന്നതെന്ന് അങ്ങയ്ക്കറിയുമോ? താൻ രാത്രിയിൽ ബയ്ത്തുൽമുഖദ്ദസിൽപോയി വന്നുവെന്ന് അദ്ദേഹം പറയുന്നുവെന്ന് ഹദ്റത്ത് അബൂബക്ർ അവർക്ക് മറുപടി നല്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:"മിഅ്റാജിന്റെ സംഭവം വിവരിച്ചതിനോടൊപ്പം അവിടന്ന് ഇതു പറഞ്ഞിരുന്നെങ്കിൽ"അതായത് ഒരേസമയത്തുതന്നെ പറഞ്ഞിട്ടുണ്ടായിരുന്നെങ്കിൽ അതല്ല ഒരു സംഭവം തന്നെയായിരുന്നെങ്കിൽ അവിശ്വാസികൾ ഈ ഭാഗത്ത് കൂടുതൽ ബഹളമുണ്ടാക്കുമായിരുന്നു. എന്നാൽ, താൻ രാത്രി ബയ്അത്തുൽമുഖദ്ദസുവരെ പോയിരുന്നുവെന്ന് മാത്രം നബി(സ)തിരുമേനി പറഞ്ഞു. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ)അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തിയപ്പോൾ ആളുകൾ ചോദിച്ചു: അങ്ങ് ഈ ബുദ്ധിക്കുവിരുദ്ധമായ കാര്യവും വിശ്വസിക്കുമോ? ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു:രാവിലേയും വൈകുന്നേരവും അദ്ദേഹത്തിൽ ദൈവവചനം ഇറങ്ങുന്നുവെന്ന കാര്യത്തിലും ഞാൻ വിശ്വസിക്കുന്നു.'*(തഫ്സീറെ കബീർ വാല്യം 4, പേജ് 286)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിന് സിദ്ദീഖ് എന്ന ബഹുമതി നല്കിയപ്പോൾ അദ്ദേഹത്തിൽ എന്തെന്തെല്ലാം ശ്രേഷ്ഠതകളാണുണ്ടായിരുന്നതെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. നബി(സ)തിരുമേനി ഇങ്ങനേയും പറയുകയുണ്ടായി, ഹദ്റത്ത് അബൂബക്ർ(റ)ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളിലുള്ള കാര്യം കാരണത്താലാണ്. സൂക്ഷിച്ചുനോക്കുകയാണെങ്കിൽ യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർ(റ)കാണിച്ച സത്യസന്ധതയ്ക്ക് സമാനത ലഭിക്കുക പ്രയാസമാണ്. ഓരോ കാലത്തും സിദ്ദീഖിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും അബൂബക്റിന്റെ സ്വഭാവത്തേയും പ്രകൃതിയേയും തന്റെയുള്ളിൽ സൃഷ്ടിക്കുന്നതിനുവേണ്ടി സാധിക്കുന്നിടത്തോളം മുജാഹദ(പരിശ്രമം) ചെയ്യേണ്ടതാണ്. പിന്നീട് കഴിയുന്നിടത്തോളം ദുആയോടുകൂടി പ്രവർത്തിക്കുക. അബൂബക്റിന്റെ പ്രകൃതിയുടെ തണൽ തന്റെമേൽ ഇടാത്തിടത്തോളം, അതേ നിറത്തിൽ വിഭൂഷിതരാകാത്തിടത്തോളം സിദ്ദീഖിനു ലഭിച്ച ശ്രേഷ്ഠതകൾ കരസ്ഥമാകുകയില്ല.'*(മൽഫൂദാത്ത് വാല്യം 1, പേജ് 372-373)*

അതീഖിനും സ്വദ്ദീഖിനും പുറമെ ഹദ്റത്ത് അബൂബക്റിന് മറ്റു ഉപനാമങ്ങളും ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. 'ഖലീഫത്തുർറസൂലില്ലാഹ്' പോലെ. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ 'ഖലീഫത്തുർറസൂലില്ലാഹ്' അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫ എന്നും പറയുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഒരാൾ ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു:'യാ ഖലീഫത്തുല്ലാഹ്! അല്ലാഹുവിന്റെ ഖലീഫേ!'അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു:'ഖലീഫത്തുല്ലാഹ് അല്ല, ഖലീഫത്തുറസൂലില്ലായാണ്.' അതായത് അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയാണ്. ഞാനതിൽ തൃപ്തനാണ്. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 137, അബൂബക്ർ സിദ്ദീഖ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ബദ്റുദ്ദീൻ അയ്നി വിവരിക്കുന്നു: 'ഖലീഫത്തുർറസൂൽ എന്ന് ഹദ്റത്ത് അബൂബക്റിന് ഉപനാമം ഉണ്ടായിരുന്നുവെന്നുള്ളത് ചരിത്രകാരന്മാർ തുടങ്ങിയവരുടെ ഏകോപിച്ച അഭിപ്രായമാണ്.' *(ഉംദത്തുൽഖാരി, കിതാബു ബദഉൽഖൽഖ്, ബാബു മനാഖിബുൽമുഹാജിരീന വ ഫള്‌ലുഹും, വാല്യം 16, പേജ് 260, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 2003)*

പക്ഷേ, അബൂബക്റിന്റെ ഈ ഉപനാമം നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ആ മഹാത്മാവിന്റെ ഖലീഫയായ കാരണത്താൽ

നല്കപ്പെട്ടതാണെന്നത് പ്രകടമാണ്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഈ ഉപനാമമുണ്ടായിരുന്നുവെന്ന് നമുക്ക് പറയാൻ പറ്റുകയില്ല. ഇതു പിന്നീടുണ്ടായ കാര്യമാണ്. ആളുകൾ പേരുവച്ചു. അല്ലെങ്കിൽ അവിടന്ന് സ്വയം ഇതിഷ്ടപ്പെട്ടു. 'അവ്വാഹുൻ' എന്നും ഒരു ഉപനാമമുണ്ട്. 'അവ്വാഹ്' എന്നതിന്റെ അർഥം വളരെയധികം സഹനശീലനെന്നും മൃദുലഹൃദയനെന്നുമാണ്. ഹദ്റത്ത് അബൂബക്റിനെ അദ്ദേഹത്തിന്റെ മൃദുലതയും കാരുണ്യവും കാരണത്താലാണ് 'അവ്വാഹ്' എന്ന് പറയപ്പെടുന്നതെന്ന് ത്വബഖാത്തു കുബ്റായിൽ എഴുതിയിരിക്കുന്നു. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 127, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

'അവ്വാഹുൻമുനീബ്' എന്നതിന്റെ അർഥം വളരെ സഹനശീലനെന്നും മൃദുലഹൃദയനെന്നും കുനിയുന്നവനെന്നുമാണ്. ത്വബഖാത്തു കുബ്റായിലുണ്ട്, ഞാൻ ഹദ്റത്ത് അലിയെ കേട്ടു. അദ്ദേഹം മിമ്പറിൽ പറയുകയായിരുന്നു, 'ശ്രദ്ധിച്ചു കേൾക്കുക!നിവേദകൻ പറഞ്ഞു: ഹദ്റത്ത് അലിയെ കേട്ടു. അദ്ദേഹം മിമ്പറിൽ പറയുകയായിരുന്നു, ശ്രദ്ധിച്ചു കേൾക്കുക! ഹദ്റത്ത് അബൂബക്ർ വളരെയധികം സഹന ശീലനും മൃദുലഹൃദയനും കുനിയുന്നവനുമാണ്. ശ്രദ്ധിച്ചു കേൾക്കുക! ഹദ്റത്ത് ഉമർ(റ)ന് ഗുണകാംക്ഷ പ്രദാനം ചെയ്യപ്പെട്ടു. അതിന്റെ ഫലമായി അദ്ദേഹം ഗുണകാംക്ഷിയായി. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 127, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)*

'അമീറുശ്ശാക്കിരീൻ' ഇതും ഒരു ഉപനാമമാണെന്ന് പറയപ്പെടുന്നു. 'അമീറുശ്ശാക്കിരീൻ' എന്നതിന്റെ അർഥം നന്ദികാണിക്കുന്നവരുടെ നേതാവ് എന്നാണ്. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ് നന്ദിയുടെ ആധിക്യം കാരണത്താൽ 'അമീറുശ്ശാക്കിരീൻ' എന്ന് പറയപ്പെടുന്നു. ഉംദത്തുൽ ഖാരിയിൽ എഴുതിയിരിക്കുന്നു, ഹദ്റത്ത് അബൂബക്ർ(റ) 'അമീറുശ്ശാക്കിരീൻ' എന്ന ഉപനാമത്തിൽ വിളിക്കപ്പെടുന്നു. *(ഉംദത്തുൽഖാരി, കിതാബു ബിദഉൽഖൽഖ്, ബാബു മനാഖിബുൽമുഹാജിരീന വ ഫള്ലുഹും, വാള്യം 16, പേജ് 260, ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 2003)*

ഥാനിയഥ്നയ്ൻ എന്നതും ഒരു ഉപനാമമാണെന്ന് പറയപ്പെടുന്നു. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിനെ അല്ലാഹു ഥാനിയഥ്നയ്ൻ എന്ന ഉപനാമത്തിൽ വിളിച്ചു. അല്ലാഹുവിന്റെ നിർദേശമാണ് ഇല്ലാ തൻസ്വുറൂഹു ഫഖദ് നസ്റഹുല്ലാഹു ഇദ് അഖ്റജഹുല്ലദീന കഫറൂ ഥാനിയഥ്നയ്നി ഇദ് ഹുമാ ഫിൽഗാരി ഇദ് യഖൂലു ലിസ്വാഹിബിഹീ ലാ തഹ്സൻ ഇന്നല്ലാഹ മഅനാ ഫ അൻസലല്ലാഹു സക്കീനത്തഹൂ അലയ്ഹി നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ (അറിയുക) തീർച്ചയായും അവിശ്വസിച്ചവർ അദ്ദേഹത്തെ(സ്വദേശത്തുനിന്ന്)ബഹിഷ്കരിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിൽ ഒരാളായിരുന്നപ്പോൾ. അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ, 'നീ ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്ന് അദ്ദേഹം തന്റെ കൂട്ടുകാരനോടു പറയുകയായിരുന്നപ്പോൾ. ആ സന്ദർഭത്തിൽ അല്ലാഹു തന്റെ പക്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു ബുദ്ധിമുട്ടിന്റെ നേരത്തും പ്രയാസകരമായ അവസ്ഥകളിലും തന്റെ നബി (സ)യെ അബൂബക്ർ(റ)മുഖേന ആശ്വാസം നല്കുകയും അസ്സിദ്ദീഖ് എന്ന പേര് നബി (സ)തിരുമേനിയുടെ സാമീപ്യത്താൽ പ്രത്യേകമാക്കുകയും അല്ലാഹു അദ്ദേഹത്തെ ഥാനിയഥ്നയ്ന്റെ ഒന്നാന്തരമായ സൃഷ്ടിപ്പുകൊണ്ട് അനുഗ്രഹിക്കുകയും തന്റെ പ്രത്യേകരിൽ പ്രത്യേകരായ ദാസന്മാരിൽ ആക്കുകയും ചെയ്തു.

'ഥാനയഥ്നയ്ൻ എന്നു പേരു നല്കപ്പെട്ട ആരെയെങ്കിലും നിങ്ങൾക്ക് അറിയുമോ? ഇരുലോകത്തിന്റേയും നബിയുടെ കൂട്ടുകാരന്റെ പേര് ആർക്കെങ്കിലും നല്കപ്പെട്ടതായും ഇന്നല്ലാഹ മഅനാ എന്ന ശ്രേഷ്ഠതയിൽ പങ്കാളിയാക്കിയതായും അദ്ദേഹത്തെ രണ്ടുസഹായിക്കുന്നവരിൽ ഒരാളാക്കിപറഞ്ഞതായും വിശുദ്ധ ഖുർആനിൽ ഇങ്ങനെ പ്രശംസിച്ചിട്ടുള്ളതായും മറഞ്ഞിരുന്ന അവസ്ഥകളുടെ സംശയങ്ങളുടെ കൂമ്പാരത്തെ അകറ്റപ്പെട്ടതുമായുള്ള ആരെയെങ്കിലും നിങ്ങൾക്ക് അറിയുമോ? ഊഹപരവും സംശയപരവുമായ കാര്യങ്ങൾകൊണ്ടല്ലാതെ വിശുദ്ധഖുർആൻകൊണ്ട് ദൈവസന്നിധിയിൽ സ്വീകരിക്കപ്പെട്ടയാളാണെന്ന് സ്ഥാപിതമായ ആരെയെങ്കിലും നിങ്ങളറിയുമോ? അല്ലാഹുവാണ!ഗവേഷണങ്ങൾകൊണ്ട് സ്ഥാപിതമായി കഴിഞ്ഞ് ഇത്തരത്തിലുള്ള വ്യക്തമായ സ്മരണ-അത് അബൂബക്റുമായി മാത്രം പ്രത്യേകമാക്കപ്പെട്ടതാണ്-'ബയ്ത്തെ അതീഖി'ന്റെ രക്ഷിതാവിന്റെ ഏടുകളിൽ മറ്റൊരാൾക്കുംവേണ്ടി പറഞ്ഞിട്ടുള്ളത് ഞാൻ കണ്ടിട്ടില്ല. ഇനി നിനക്ക് എന്റെ വാദത്തെ സംബന്ധിച്ച് സംശയമുണ്ടെങ്കിൽ, അല്ലെങ്കിൽ ഞാൻ സത്യത്തിൽനിന്ന് വ്യതിചലിച്ചുപോയെന്ന് ധരിക്കുന്നുവെങ്കിൽ ഖുർആനിൽനിന്ന് എന്തെങ്കിലും തെളിവ് കൊണ്ടുവരിക. ഫുർഖാനെ ഹമീദ്(വിശുദ്ധ ഖുർആൻ) മറ്റുള്ളവരെ കുറിച്ചും ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് നമുക്ക് കാണിച്ചുതരിക;നിങ്ങൾ സത്യസന്ധരിൽപ്പെട്ടവരാണെങ്കിൽ!' *(സിർറുൽഖിലാഫ ഉർദു തർജമ,പേജ് 60, 63-64)* സിർറുൽഖിലാഫയിൽ അവിടന്ന് ഇതാണ് പറഞ്ഞത്.

പിന്നീട് ഒരു ഉപനാമം സാഹിബുർറസൂൽ എന്നതാണ്. റസൂലിന്റെ കൂട്ടുകാരൻ എന്നാണ് അതിനർഥം. ഹദ്റത്ത് അബൂബക്ർ വിവരിക്കുന്നു:'അദ്ദേഹം ഒരു സംഘത്തോടു പറഞ്ഞു:നിങ്ങളിലാരാണ് തൗബ എന്ന സൂറത്ത് പാരായണം ചെയ്യുക? ഞാൻ പാരായണം ചെയ്യാമെന്ന് ഒരാൾ പറഞ്ഞു. പിന്നീട് പാരായണം ചെയ്ത് ഇദ് യഖൂലു ലി സ്വാഹിബഹിലാ തഹ്സൻ (അദ്ദേഹം തന്റെ കൂട്ടുകാരനോടു വിഷമിക്കേണ്ട)എന്നിടത്തെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ!ഞാൻതന്നെയായിരുന്നു നബി(സ)തിരുമേനിയുടെ കൂട്ടുകാരൻ.'(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 56, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)'ആദംഥാനീ' ഒരു ഉപനാമമാണ്. ഹദ്റത്ത് അബൂബക്റിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയ ഒരു ഉപനാമമാണിത്. അവിടന്ന് ഹദ്റത്ത് അബൂബക്റിനെ ആദം ഥാനിയായി നിശ്ചയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു കത്തിൽ വിവരിക്കുന്നു:ഇസ്ലാമിന്റെ ആദം ഥാനിയാണ് ഹദ്റത്ത് അബൂബക്ർ(റ). അപ്രകാരംതന്നെ ഹദ്റത്ത് ഉമർ ഫാറൂഖും ഹദ്റത്ത് ഉഥ്മാനും(റ) ദീനിൽ സത്യസന്ധരായ വിശ്വസ്തരായിരുന്നില്ലെങ്കിൽ വിശുദ്ധഖുർആനിലെ ഏതെങ്കിലും ആയത്ത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് സ്ഥാപിക്കാൻ ഇന്ന് നമുക്ക് പ്രയാസപ്പെടേണ്ടിവരുമായിരുന്നു.'*(മക്തൂബാത്തെ അഹ്മദ്, വാള്യം 2, പേജ് 151, മക്തൂബ് നമ്പർ 2, മക്തൂബ് ബനാമ് ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്, പ്രസാധകർ റബ്വ)*

സിർറുൽ ഖിലാഫയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു: 'അതിന്റെ തർജമ ഇതാണ്: അല്ലാഹുവാണ! അദ്ദേഹം ഇസ്ലാമിന് ആദം ഥാനിയും ഖയ്റുൽഅനാമി(മുഹമ്മദ്(സ))ന്റെ പ്രകാശങ്ങളുടെ മള്ഹറെ അവ്വലുമാണ്.'*(സിർറുൽഖിലാഫ ഉർദു തർജമ,പേജ് 51-52)*

ഖലീലുർറസൂലും ഒരു ഉപനാമമാണ്. ജീവചരിത്രഗ്രന്ഥങ്ങളിൽ ഖലീലുർറസൂലും ഹദ്റത്ത് അബൂബക്റിന്റെ ഉപനാമമായി പറയപ്പെട്ടിരിക്കുന്നു. അതിന്റെ അടിത്തറ ഹദീഥു ഗ്രന്ഥങ്ങളിലുള്ള ഒരു നിവേദനമാണ്. നബി(സ) തിരുമേനി പറഞ്ഞു: 'ഞാൻ ആരെയെങ്കിലും ഖലീൽ അഥവാ മിത്രമാക്കുമായിരുന്നെങ്കിൽ അബൂബക്റിനെ ആക്കുമായിരുന്നു.' സ്വഹീഹ് ബുഖാരിയിലുണ്ട്. ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി മരണം ആസന്നമായപ്പോൾ പറഞ്ഞു:ഞാൻ ആളുകളിൽ ആരെയെങ്കിലും മിത്രമാക്കുമായിരുന്നെങ്കിൽ ഹദ്റത്ത് അബൂബക്റിനെത്തന്നെ മിത്രമാക്കുമായിരുന്നു. എന്നാൽ, ഇസ്ലാമിന്റെ സുഹൃത്ബന്ധം ഏറ്റവും ശ്രേഷ്ഠമാണ്. ഈ മസ്ജി

ശേഷം പേജ് 12 ൽ

## കലാമുൽ ഇമാം:

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

## കലാമുൽ ഇമാം:

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

'ഞാൻ ആരെയെല്ലാമാണോ ഇസ്‌ലാമിലേക്ക് ക്ഷണിച്ചത് അവർക്കെല്ലാം അടിപതറി. എന്നെ എതിർക്കാൻ തുടങ്ങി. അബുബക്ർ ഒഴികെ മറ്റെല്ലാവരും കാത്തിരിക്കുകയാണ് ചെയ്തത്! ഞാൻ അദ്ദേഹത്തോട് ഇസ്‌ലാമിനെ പറ്റി പരാമർശിച്ചപ്പോൾ അദ്ദേഹം പിന്മാറുകയോ അതിൽ എതിർപ്പു കാണിക്കുകയോ ചെയ്തില്ല.'

ഓരോ കാലഘട്ടത്തിലും ആരെങ്കിലും സിദ്ദീഖിന്റെ ശ്രേഷ്ഠതകൾ സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാളെ സംബന്ധിച്ച് ഏറ്റവും അനിവാര്യമായിട്ടുള്ളത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്വഭാവവും പ്രകൃതവും തങ്ങൾക്കുള്ളിൽ ഉണ്ടാക്കുന്നതിനുവേണ്ടി കഴിയുന്നത്ര പരിശ്രമിക്കുകയും കഴിയുന്നത്ര പ്രാർഥിക്കുകയുമാണ് വേണ്ടത്. ഏതുവരെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ പ്രകൃതത്തിന്റെ നിഴൽ തനിക്കുമേൽ വിരിക്കുന്നില്ലയോ, ആ നിറത്തെ സ്വായത്തമാക്കുന്നില്ലയോ അതുവരെ സിദ്ദീഖിയ്യത്തിന്റെ ശ്രേഷ്ഠതകൾ സ്വായത്തമാകുന്നതല്ല.'

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഖുത്ബ ജുമുഅ 2021 ഡിസംബർ 10/1400 ഫതഹ് 10,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ) ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട അനുസ്മരണമാണ് നടന്നു വരുന്നത്. ഇതുസംബന്ധിച്ച് കൂടുതൽ വിവരണങ്ങളുമുണ്ട്. ചില കാര്യങ്ങൾ വ്യത്യസ്ത വീക്ഷണങ്ങളോടെയുള്ളതാണ്. അതുകൊണ്ടാണ് വിവരിക്കുന്നത്. അതെല്ലാം ഒരേ സംഭവമാണെന്ന് തോന്നിയേക്കാം. ഇനി ഞാൻ കുറച്ച് കാര്യങ്ങൾ വിവരിക്കാം. ഉസുദുൽ ഗാബയിൽ ഹദ്റത്ത് അബൂബക്ർ(റ) ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട സംഭവം ഇങ്ങനെ വിവരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിൽനിന്ന് നിവേദനം. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനി നിയോഗിതനാകുന്നതിനുമുമ്പേ ഒരിക്കൽ യമനിൽ പോയതായിരുന്നു. അസദ് ഗോത്രത്തിലെ ഒരു വൃദ്ധനായ മനുഷ്യന്റെ അടുത്താണ് അതിഥിയായി കഴിഞ്ഞത്. ഇയാൾ ഒരു പണ്ഡിതനായിരുന്നു. ദൈവിക ഗ്രന്ഥങ്ങൾ വായിച്ചിട്ടുമുണ്ടായിരുന്നു. അയാൾ ജനങ്ങളുടെ വംശാവലി സംബന്ധിച്ച അറിവിൽ നിപുണനുമായിരുന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് തോന്നുന്നത് താങ്കൾ 'ഹറം' നിവാസിയാണെന്നാണ്. ഞാൻ പറഞ്ഞു: 'അതെ! ഞാൻ 'ഹറം' നിവാസിയാണ്. പിന്നെ അദ്ദേഹം പറഞ്ഞു: 'താങ്കൾ ഖുറയ്ശി വംശജനാണെന്ന് എനിക്ക് തോന്നുന്നു.' ഞാൻ പറഞ്ഞു: 'അതെ ഞാൻ ഖുറയ്ശി വംശജനാണ്.' പിന്നെ അദ്ദേഹം പറഞ്ഞു: 'താങ്കൾ തയ്യിമിയാണെന്ന് എനിക്ക് തോന്നുന്നു.' ഞാൻ പറഞ്ഞു: 'അതെ, ഞാൻ തയ്യിം ബിൻ മുർറയിൽ നിന്നുള്ളവനാകുന്നു. ഞാൻ അബ്ദുല്ലാഹ് ബിൻ ഉഥ്മാനുമാകുന്നു. കഅ്ബ് ബിൻ സഅ്ദ് ബിൻ തയ്യിം ബിൻ മുർറായുടെ സന്താന പരമ്പരയിൽ നിന്നുള്ളവനാണ്.' അദ്ദേഹം പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം താങ്കളെ കുറിച്ച് ഒരു കാര്യം മാത്രമേ ബാക്കിയുള്ളു. ഇവിടെ അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ എന്ന പേരാണ് പറയുന്നത്. ഞാൻ മനസ്സിലാക്കുന്നത് ആ സമയത്ത് നബി (സ)തിരുമേനി അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്ന് വെച്ചിട്ടില്ലായിരുന്നു. ഏതായാലും അങ്ങനെയാണുള്ളത്. അദ്ദേഹം പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം താങ്കളെ കുറിച്ച് ഇനി ഒരു കാര്യം മാത്രമേ ബാക്കിയുള്ളു. ഞാൻ ചോദിച്ചു, അതെന്താണ്? അദ്ദേഹം പറഞ്ഞു, 'താങ്കൾ ഉദരത്തിൽനിന്ന് വസ്ത്രം മാറ്റി കാണിക്കുമോ?' ഞാൻ പറഞ്ഞു: 'ഞാൻ അങ്ങനെ ചെയ്യുന്നതല്ല. അല്ലെങ്കിൽ അതെന്തിനാണെന്ന് എന്നോട് പറയൂ.' അയാൾ പറഞ്ഞു: 'ഞാൻ ശരിയായതും സത്യസന്ധവുമായ ഒരു അറിവിലേക്കെത്തിയിരിക്കുന്നു. അതായത് ഒരു നബി ഹറമിൽ നിയോഗിതനാകുന്നതാണ്. ഒരു യുവാവും പ്രായം കൂടിയ വ്യക്തിയും അദ്ദേഹത്തിന്റെ ജോലിയിൽ അദ്ദേഹത്തെ സഹായിക്കുന്നതാണ്. യുവാവിനെ സംബന്ധിച്ചിടത്തോളം അയാൾ ബുദ്ധിമുട്ടുകളിലേക്ക് ചാടി പുറപ്പെടുന്നയാളും പ്രയാസങ്ങളെ തടുക്കുന്നയാളുമായിരിക്കും. പ്രായമുള്ളയാൾ വെളുത്തതും മെലിഞ്ഞ ശരീരമുള്ളയാളുമാണ്. അയാളുടെ വയറിൽ ഒരു അടയാളമുണ്ടായിരിക്കും. അയാളുടെ ഇടത് തുടയിലും ഒരു അടയാളമുണ്ടായിരിക്കും.' അയാൾ പറഞ്ഞു: 'ഞാൻ ചോദിച്ച എല്ലാ കാര്യങ്ങളും താങ്കൾ എനിക്ക് കാണിച്ചുതരണമെന്ന് നിർബന്ധമില്ല. താങ്കളിലുള്ള മറ്റെല്ലാ അടയാളങ്ങളും എന്നെ സംബന്ധിച്ചിടത്തോളം പൂർത്തിയായിരിക്കുന്നു; ഞാൻ കാണാത്തവയൊഴികെ.' ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പറഞ്ഞു: 'ഞാൻ അയാൾക്കുവേണ്ടി എന്റെ വയറുഭാഗത്തുനിന്ന് വസ്ത്രം മാറ്റി. അയാൾ എന്റെ പൊക്കിളിനുമീതെ കറുപ്പ് നിറമുള്ള പാടു കണ്ടു. അപ്പോൾ അയാൾ പറഞ്ഞു: കഅ്ബയുടെ നാഥനാണ! ആ ആൾ താങ്കൾ തന്നെയാകുന്നു. ഞാൻ താങ്കൾക്ക് മുന്നിൽ ഒരു കാര്യം അവതരിപ്പിക്കുകയാണ്. താങ്കൾ ഈ കാര്യത്തിൽ മുൻകരുതലെടുക്കണം. ഹദ്റത്ത് അബൂബക്ർ(റ) ചോദിച്ചു: 'അതെന്താണ്?' അദ്ദേഹം പറഞ്ഞു: നോക്കുക! സന്മാർഗ്ഗത്തിൽനിന്നു മുഖം തിരിക്കരുത്. അനുപമവും നല്ലതുമായ വഴിയെ ശക്തമായി പിൻപറ്റുക.' അല്ലാഹു താങ്കൾക്ക് ധനവും സമ്പത്തും തന്നാലും അവയെക്കുറിച്ച് അല്ലാഹുവിനെ ഭയപ്പെടുക.' ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറയുന്നു: ഞാൻ യമനിൽ എന്റെ ജോലി പൂർത്തിയാക്കി. എന്നേക്കാൾ വൃദ്ധനായ മനുഷ്യനോട് വിട പറയാൻ അയാളുടെ അടുത്തെത്തി. അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ ആ നബിയെ സംബന്ധിച്ച് പറഞ്ഞ എന്റെ ഈരടികൾ താങ്കൾ നോക്കുമോ?' ഞാൻ പറഞ്ഞു: 'തീർച്ചയായും!' അദ്ദേഹം അപ്പോൾ കവിതകൾ ചൊല്ലിക്കേൾപ്പിച്ചു. ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു: 'പിന്നെ ഞാൻ മക്കയിൽ വന്നപ്പോഴേക്കും നബി (സ)തിരുമേനി ദൈവ നിയോഗിതനായിട്ടുണ്ടായിരുന്നു. തുടർന്ന് ഉഖ്ബ ബിൻ അബി മുഅത്ത്, ശയ്ബ, റബീയ, അബൂജഹൽ അബുബുഖ്ത്തിരി തുടങ്ങിയവരും കൂടാതെ ഖുറയ്ശികളുടെ മറ്റു നേതാക്കന്മാരും എന്റെയടുക്കൽ വന്നു. ഞാൻ അവരോട് പറഞ്ഞു: 'നിങ്ങൾക്ക് എന്തെങ്കിലും ആപത്ത് പറ്റിയോ അതല്ല മറ്റെന്തെങ്കിലും സംഭവിച്ചുവോ? എല്ലാവരും കൂടിയാണല്ലോ വന്നിരിക്കുന്നത്. അവർ പറഞ്ഞു: 'അബൂബക്റേ! വലിയൊരു സംഭവമുണ്ടായിരിക്കുന്നു. അബുത്വാലിബിന്റെ യത്തീം, നബിയാണെന്നു വാദിക്കുന്നു. താങ്കളില്ലായിരുന്നെങ്കിൽ ഞങ്ങൾ അവനെ സംബന്ധിച്ച് ആരെയും കാത്തിരിക്കില്ലായിരുന്നു. ഇപ്പോൾ താങ്കൾ തിരിച്ചു വന്നിരിക്കുകയാണ്. ഇനി അവനെ സംബന്ധിച്ചിടത്തോളം താങ്കളെയാണ് ഞങ്ങൾക്ക് പ്രതീക്ഷയുള്ളത്. ഞങ്ങൾക്ക് അതുമതി.' ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു: ഞാൻ അവരെ നല്ലപോലെ ഒഴിവാക്കി. ഞാൻ നബി(സ) തിരുമേനിയെ കുറിച്ച് ചോദിച്ചപ്പോൾ അവിടന്ന് ഖദീജയുടെ വീട്ടിലുണ്ടെന്ന് പറയപ്പെട്ടു. ഞാൻ പോയി വാതിലിൽ

മുട്ടിവിളിച്ചു. അങ്ങനെ നബി(സ)തിരുമേനി പുറത്തുവന്നു. ഞാൻ പറഞ്ഞു: 'മുഹമ്മദേ! (സ) അങ്ങ് സ്വന്തം വീട്ടിൽനിന്ന് പോയിരിക്കുകയാണോ. അങ്ങ് പിതൃവ്യന്മാരുടെ ദീൻ ഉപേക്ഷിച്ചിരിക്കയാണോ?' നബി(സ) തിരുമേനി പറഞ്ഞു: 'അബൂബക്ക്റേ!താങ്കൾക്കും മറ്റെല്ലാവർക്കും വേണ്ടി ഞാൻ അല്ലാഹുവിന്റെ റസൂലാകുന്നു. അതുകൊണ്ട് താങ്കൾ അല്ലാഹുവിൽ വിശ്വസിക്കുക.' ഞാൻ പചോദിച്ചു: 'അതിന് അങ്ങയ്ക്ക് എന്തു തെളിവാണുള്ളത്?' നബി(സ)തിരുമേനി പറഞ്ഞു: താങ്കൾ യമനിൽ കണ്ടുമുട്ടിയ വൃദ്ധനായ മനുഷ്യൻ തന്നെ!'ഞാൻ പറഞ്ഞു: 'യമനിൽ വൃദ്ധരായ ഒരുപാടാളുകളുണ്ടായിരുന്നു. ഞാൻ അവരെയൊക്കെ കണ്ടിരുന്നുവല്ലോ?' നബി(സ) തിരുമേനി പറഞ്ഞു: 'താങ്കൾക്ക് കവിതകൾ കേൾപ്പിച്ച വൃദ്ധനായ വ്യക്തി.' ഞാൻ പറഞ്ഞു: 'എന്റെ സുഹൃത്തേ! താങ്കളോട് ആരാണ് ഇത് പറഞ്ഞത്?' നബി(സ)തിരുമേനി പറഞ്ഞു: 'എനിക്ക് മുമ്പേ പ്രവാചകന്മാരുടെ അടുത്തുവന്ന അതെ മഹാനായ മലക്കുതന്നെ.' ഞാൻ പറഞ്ഞു: 'അങ്ങ് കൈ നീട്ടിയാലും. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു: 'പിന്നെ ഞാൻ തിരിച്ചുപോന്നു. ഞാൻ ഇസ്‌ലാമിൽ വന്ന കാരണം മക്കയിലെ രണ്ടു പർവതങ്ങൾക്കിടയിൽ നബി(സ) തിരുമേനിയെക്കാളും സന്തോഷവാനായി മറ്റാരുമുണ്ടായിരുന്നില്ല. *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാല്യം 3, പേജ് 312-313, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2008)*

ഉസുദുൽ ഗാബയിലെ ഉദ്ധരണിയാണിത്. ചില സ്ഥലങ്ങളിൽ ഒരുപക്ഷേ, വിവരണത്തിനുവേണ്ടി ചിലത് വർധിപ്പിച്ചിട്ടുമുണ്ടാകും. എങ്കിലും ഒരുപാട് കാര്യങ്ങൾ ശരിയുമായിരിക്കും.

'റിയാളുന്നളിറത്തി'ൽ ഹദ്റത്ത് അബൂബക്ർ(റ) ഇസ്‌ലാം സ്വീകരിച്ച സംഭവം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സൽമ വിവരിക്കുന്നു, നബി(സ) തിരുമേനിയുടെ വളരെ ഉറ്റ സുഹൃത്തായിരുന്നു ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ). നബി(സ) തിരുമേനി ദൈവ നിയോഗിതനായപ്പോൾ ഖുറയ്ശിലെ ആളുകൾ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ അടുത്ത് വന്നിട്ട് പറഞ്ഞു: 'അബൂബക്റേ! നിന്റെ ഈ സുഹൃത്ത് ഭ്രാന്തനായിരിക്കുന്നു. നഊദു ബില്ലാഹ്.' ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) പറഞ്ഞു: അദ്ദേഹത്തിന് എന്തുപറ്റി? അവർ പറഞ്ഞു: 'അദ്ദേഹം മസ്ജിദ് ഹറാമിൽ ജനങ്ങളെ തൗഹീദ് അഥവാ ഏക ദൈവത്തിലേക്ക് വിളിക്കുകയും താൻ നബിയാണെന്ന് പറയുകയും ചെയ്യുന്നു.' ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) പറഞ്ഞു: 'ഈ കാര്യം അദ്ദേഹം പറഞ്ഞുവോ?' ജനങ്ങൾ പറഞ്ഞു: 'പറഞ്ഞു! അദ്ദേഹം ഇക്കാര്യം മസ്ജിദുഹറാമിൽ പറഞ്ഞു കൊണ്ടിരിക്കുന്നു.' അങ്ങനെ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ), നബി(സ)തിരുമേനിയുടെ അടുത്തുപോയി. നബി(സ)തിരുമേനിയുടെ വാതിലിൽ മുട്ടിവിളിച്ചു. അതായത് നബി(സ) തിരുമേനിയെ പുറത്ത് വിളിച്ചു. അങ്ങനെ നബി(സ)തിരുമേനി പുറത്തു വന്നപ്പോൾ അബൂബക്ർ പറഞ്ഞു: 'അബുൽഖാസിമേ! ഞാൻ താങ്കളെ സംബന്ധിച്ച് എന്താണ് ഈ കേൾക്കുന്നത്?' നബി(സ) തിരുമേനി പറഞ്ഞു: 'അബൂബക്റേ! നിങ്ങൾ എന്നെ പറ്റി എന്താണ് കേട്ടത്?' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നുവെന്നും അല്ലാഹുവിന്റെ റസൂലാണെന്ന് വാദിക്കുന്നുവെന്നും താങ്കൾ പറയുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'അതേ! അബൂബക്ർ, തീർച്ചയായും എന്റെ അന്തസുടയവനായ നാഥൻ എന്നെ സുവിശേഷം അറിയിക്കുന്നവനും താക്കീതുകാരനും ആക്കിയിരിക്കുന്നു. എന്നെ ഇബ്റാഹീമിന്റെ ദുആ ആക്കിയിരിക്കുന്നു. എന്നെ എല്ലാ ജനങ്ങളിലേക്കും നിയോഗിച്ചിരിക്കുന്നു.' ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ), നബി(സ) തിരുമേനിയോട് പറഞ്ഞു: 'അല്ലാഹുവാണ! താങ്കളൊരിക്കലും കളവു പറയുന്നത് ഞാൻ കണ്ടിട്ടില്ല. താങ്കൾ തീർച്ചയായും തന്റെ വിശ്വസ്ത മുതലിന്റെ നുബുവ്വത്തിന് ഏറ്റവും അർഹനാകുന്നു. താങ്കൾ കൈ നീട്ടിയാലും ഞാൻ ബയ്അത്ത് ചെയ്യട്ടെ.' അപ്പോൾ നബി(സ) തിരുമേനി കൈ നീട്ടി. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ), നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്തു. നബി(സ) തിരുമേനിയെ സാക്ഷ്യപ്പെടുത്തി. മാത്രമല്ല നബി(സ)തിരുമേനി കൊണ്ടുവന്നത് സത്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അല്ലാഹുവാണ! നബി(സ) തിരുമേനി ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) അമാന്തിക്കുകയോ നിരാകരിക്കുകയോ ചെയ്തില്ല.' *(അർരിയാളുന്നളിറത്തി വാല്യം 1, പേജ് 84-85, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2014)*

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) തിരുമേനി പറയുന്നു, 'ഞാൻ ആരെയെല്ലാമാണോ ഇസ്‌ലാമിലേക്ക് ക്ഷണിച്ചത് അവർക്കെല്ലാം അടിപതറി. എന്നെ എതിർക്കാൻ തുടങ്ങി. അബുബക്ർ ഒഴികെ മറ്റെല്ലാവരും കാത്തിരിക്കുകയാണ് ചെയ്തത്! ഞാൻ അദ്ദേഹത്തോട് ഇസ്‌ലാമിനെ പറ്റി പരാമർശിച്ചപ്പോൾ അദ്ദേഹം പിന്മാറുകയോ അതിൽ എതിർപു കാണിക്കുകയോ ചെയ്തില്ല.' *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാല്യം 3, പേജ് 205-206, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽഫിക്ർ ബെയ്റുത്ത്, 2003)*

നബി(സ) തിരുമേനി പറയുന്നു: 'ജനങ്ങളേ! അല്ലാഹു എന്നെ നിങ്ങളിലേക്ക് നിയോഗിച്ചിരിക്കുന്നു. അപ്പോൾ 'നീ വ്യാജനാണെന്ന് നിങ്ങളെന്നോടു പറഞ്ഞു; എന്നാൽ, അബൂബക്ർ പറഞ്ഞു സത്യവാനാണെന്ന്! അദ്ദേഹം തന്റെ ജീവനും സമ്പത്തും മുഖേന എന്നോട് സഹതാപം പ്രകടിപ്പിച്ചു.'*(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി (സ),ഹദീഥ് നമ്പർ 3661)* ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ഇസ്‌ലാം സ്വീകരിച്ച സംഭവം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'നബി(സ) തിരുമേനി നുബുവ്വത്ത് വാദം പുറപ്പെടുവിച്ച സമയത്ത് ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) പുറത്തെവിടെയോ ആയിരുന്നു. തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭൃത്യ അദ്ദേഹത്തോട് പറഞ്ഞു: 'താങ്കളുടെ സുഹൃത്ത് നഊദു ബില്ലാഹ് ഭ്രാന്തനായിരിക്കുന്നു. അദ്ദേഹം കൗതുകകരമായ പല കാര്യങ്ങളും പറയുന്നു. മാത്രമല്ല തനിക്കുമേൽ ആകാശത്തനിന്ന് മലക്കുകൾ ഇറങ്ങുന്നുവെന്നും പറയുന്നുണ്ട്.' ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) അപ്പോൾത്തന്നെ എഴുന്നേറ്റ് നബി(സ)തിരുമേനിയുടെ വീട്ടിലെത്തി വാതിലിൽ മുട്ടി വിളിച്ചു. നബി(സ)തിരുമേനി പുറത്തുവന്നു. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) പറഞ്ഞു: 'ഞാൻ താങ്കളോട് ഒരു കാര്യം മാത്രം അന്വേഷിക്കാനാണ് വന്നത്. താങ്കൾക്ക് അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നുവെന്നും താങ്കളോട് സംസാരിക്കുന്നുവെന്നും താങ്കൾ പറഞ്ഞിട്ടുണ്ടോ?' അദ്ദേഹത്തിന് തെറ്റുധാരണ ഉണ്ടായെങ്കിലോ എന്ന് കരുതി നബി(സ) തിരുമേനി വിശദീകരിക്കാൻ ആഗ്രഹിച്ചു.' ഇതു പൊതുവായ നിവേദനമാണ്. നമ്മുടെ ചരിത്രങ്ങളിലും ഇതുതന്നെയാണ് വന്നിട്ടുള്ളത്. ഏതായാലും, അബുബക്ർ പറഞ്ഞു: 'താങ്കൾ വിശദീകരിക്കേണ്ടതില്ല. താങ്കൾ ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? എന്നുമാത്രം പറയുക.' നബി(സ)തിരുമേനിയാകട്ടെ, മലക്കുകളുടെ രൂപം എന്താണെന്നും അതെങ്ങനെയാണ് ഇറങ്ങിയതെന്നും മറ്റും അദ്ദേഹം ചോദിക്കുമെന്ന് കരുതി പ്രാരംഭത്തിൽ കുറച്ചു കാര്യങ്ങൾ പറയാൻ ആഗ്രഹിച്ചതാണ്. പക്ഷേ, അബുബക്ർ വീണ്ടും പറഞ്ഞു: 'അല്ല, അല്ല. ഈ കാര്യം ശരിയാണോ എന്ന് മാത്രം താങ്കളെന്നോട് പറഞ്ഞാൽ മതി.' നബി(സ)തിരുമേനി പറഞ്ഞു: 'അതെ! ശരിയാണ്.' അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഞാൻ താങ്കളിൽ വിശ്വസിക്കുന്നു.' തുടർന്ന് അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ തെളിവുകൾ വിവരിക്കുന്നതിൽനിന്ന് അങ്ങയെ തടയാൻ കാരണം ഞാൻ ആഗ്രഹിക്കുന്നത് എന്റെ വിശ്വാസം കണ്ടു കൊണ്ടായിരിക്കണമെന്നും തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കരുതെന്നും കരുതിയാണ്. കാരണം അങ്ങയെ സത്യസന്ധനും വരിഷ്ഠനുമാണെന്ന് അംഗീകരിച്ചതിനുശേഷംഏതെങ്കിലുംതെളിവുകളുടെ ആവശ്യംതന്നെ ഇല്ല. ചുരുക്കത്തിൽ ഏതൊരു കാര്യമാണോ മക്കക്കാർ മൂടിവെച്ചിരുന്നത് അതിനെ അബുബക്ർ തന്റെ കർമത്തിലൂടെ വെളിപ്പെടുത്തി കാണിച്ചു.*(തഫ്സീറെ കബീർ, വാല്യം 2, പേജ് 251-252)*

മറ്റൊരിടത്ത് ഹദ്റത്ത് അബുബക്ർ ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ വിവരിക്കുന്നു: 'മറ്റൊരു ഉദ്ധരണിയുടെ വെളിച്ചത്തിൽ ഹദ്റത്ത് അബൂബക്റിന്റെ വിശ്വസ്തത അത്ഭുതാവഹമായിരുന്നു. നബി(സ)തിരുമേനിക്കു വഹ്‌യുണ്ടായപ്പോൾ, അതായത് നുബുവ്വത്ത് വാദം പുറപ്പെടുവിക്കണമെന്ന് വെളിപാടുണ്ടായപ്പോൾ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) മക്കയിലെ ഒരു നേതാവിന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. അയാളുടെ ഒരു ഭൃത്യ വന്നു പറഞ്ഞു: 'ഖദീജക്ക് എന്തുപറ്റി എന്നറിയില്ല. അവർ പറയുന്നു, തന്റെ ഭർത്താവ് മൂസയെപോലെത്തന്നെ പ്രവാചകനാണെന്ന്! ജനങ്ങൾ ഈ വാർത്ത കേട്ടപ്പോൾ പരിഹസിക്കാൻ തുടങ്ങി. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നവരെ ഭ്രാന്തനെന്ന് പറയാൻ തുടങ്ങി.' എന്നാൽ, നബി(സ) തിരുമേനിയുടെ അവസ്ഥകളെ സംബന്ധിച്ച് വളരെ ആഴത്തിൽ അറിവുണ്ടായിരുന്ന ഹദ്റത്ത്

അബൂബക്ര്‍ സിദ്ദീഖ്(റ)ആ സമയത്തുതന്നെ എഴുന്നേറ്റ് നബി(സ) തിരുമേനിയുടെ വാതില്‍ക്കലെത്തി ചോദിച്ചു. 'അങ്ങ് എന്തെങ്കിലും വാദം ഉന്നയിച്ചിട്ടുണ്ടോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതെ, അല്ലാഹു എന്നെ ലോകത്തിന്റെ പരിഷ്കരണത്തിനുവേണ്ടി നിയോഗിച്ചിരിക്കുന്നു. ശിര്‍ക്ക് വിപാടനം ചെയ്യാന്‍ കല്പന നല്‍കിയിരിക്കുന്നു.' ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)മറ്റൊരു ചോദ്യവും ഉന്നയിക്കാതെ മറുപടിയായി പറഞ്ഞു: 'ഞാന്‍ എന്റെ പിതാവിനെയും മാതാവിനെയും സത്യം ചെയ്തു പറയുന്നു: 'അങ്ങൊരിക്കലും കളവു പറഞ്ഞിട്ടില്ലെന്നിരിക്കെ അങ്ങ് അല്ലാഹുവിനെ കുറിച്ച് കളവു പറയുമെന്ന് എനിക്ക് വിശ്വസിക്കാന്‍ സാധ്യമല്ല. അതുകൊണ്ട് അല്ലാഹുവല്ലാതെമറ്റൊരുആരാധ്യനുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാന്‍ വിശ്വസിക്കുന്നു.' അതിനുശേഷം അദ്ദേഹത്തിന്റെ അതായത് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്റെ നന്ദിയെയും ഭയഭക്തിയെയും വിശ്വാസമുണ്ടായിരുന്ന ഏതാനും യുവാക്കളെ ഒരുമിച്ചുകൂട്ടി അവര്‍ക്ക് കാര്യങ്ങള്‍ മനസ്സിലാക്കിക്കൊടുത്തുതുടങ്ങി. അങ്ങനെ ഏഴുപേര്‍ കൂടി നബി(സ)തിരുമേനിയില്‍ വിശ്വസിച്ചു. ഇവരെല്ലാവരും യുവാക്കളായിരുന്നു. അവരുടെ പ്രായം പന്ത്രണ്ടു വയസ്സുമുതല്‍ 25 വയസ്സു വരെയായിരുന്നു.'*(ദൗറയെ യൂറോപ്പ്, അന്‍വാറുല്‍ ഉലൂം വാള്യം 8, പേജ് 543-544)*

മറ്റൊരിടത്തു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ), നബി(സ) തിരുമേനിയെ ഒരൊറ്റത്തെളിവിന്റെ അടിസ്ഥാനത്തിലാണ് വിശ്വസിച്ചത്. ഒരിക്കലും അദ്ദേഹത്തിന്റെ ഹൃദയത്തില്‍ ഒരു നിമിഷനേരത്തേക്കുപോലും സംശയമുണ്ടായിട്ടില്ല. തെളിവു നേരത്തെ പറഞ്ഞത് തന്നെയാണ് തുടരുന്നത്. സംഭവങ്ങള്‍ വ്യത്യസ്തമാണെന്ന് മാത്രം. ആ തെളിവ് എന്തായിരുന്നുവെന്നാല്‍, അദ്ദേഹം നബി(സ) തിരുമേനിയെ ചെറുപ്പത്തില്‍ത്തന്നെ കണ്ടിട്ടുള്ളതാണ്. നബി(സ) തിരുമേനി ഒരിക്കലും കളവു പറഞ്ഞിട്ടില്ലെന്നും ദ്രോഹങ്ങള്‍ ചെയ്തിട്ടില്ലെന്നും ഒരിക്കലും മോശവും അസഭ്യവുമായ വര്‍ത്തമാനങ്ങള്‍ നബി(സ)തിരുമേനിയുടെ വായില്‍ നിന്നു വന്നിട്ടില്ലെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഇതിനപ്പുറത്ത് അദ്ദേഹത്തിന് ഏതെങ്കിലും ശരീഅത്തിന്റെ അറിവൊന്നുമുണ്ടായിരുന്നില്ല. അതായത് അതിന്റെ വിവരണത്തെ മാനദണ്ഡമാക്കിയല്ല നബി(സ) തിരുമേനിയെ സത്യവാനാണെന്നു മനസ്സിലാക്കിയിരുന്നത്. അദ്ദേഹം ഏതെങ്കിലും നിയമത്തെ അനുഗമിക്കുന്ന ഒരാളുമായിരുന്നില്ല. അല്ലാഹുവിന്റെ റസൂല്‍ എന്താണെന്നും അദ്ദേഹത്തിന് അറിയാമായിരുന്നില്ല. അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് എന്ത് തെളിവാണ് വേണ്ടതെന്നും അദ്ദേഹത്തിന് അറിയുമായിരുന്നില്ല. നബി(സ) തിരുമേനി കളവു പറയില്ലെന്ന് മാത്രമായിരുന്നു അദ്ദേഹത്തിനു അറിയാമായിരുന്നത്. അദ്ദേഹം ഒരു യാത്രയ്ക്ക് പോയതായിരുന്നു. തിരിച്ചെത്തിയപ്പോള്‍ വഴിയില്‍വെച്ചുതന്നെ അദ്ദേഹത്തോട് ആരോ പറഞ്ഞു. താങ്കളുടെ സുഹൃത്ത് മുഹമ്മദ്(സ) പറയുന്നു, താന്‍ അല്ലാഹുവിന്റെ റസൂലാണെന്ന്! അദ്ദേഹം ചോദിച്ചു: 'മുഹമ്മദ് അങ്ങനെ പറയുന്നുണ്ടോ?' ആഗതന്‍ പറഞ്ഞു: 'അതെ.' അപ്പോള്‍ അദ്ദേഹം പറഞ്ഞു: 'എങ്കില്‍പ്പിന്നെ അദ്ദേഹം പറയുന്നത് കള്ളമല്ല. അദ്ദേഹം പറയുന്നതൊക്കെ സത്യമാണ്. കാരണം അദ്ദേഹമൊരിക്കലും ജനങ്ങളെ പറ്റി കളവു പറഞ്ഞിട്ടില്ലെന്നിരിക്കെ ദൈവത്തെ പറ്റി എന്തിനാണ് കളവു പറയുന്നത്?

അദ്ദേഹം ജനങ്ങളോട് ഒരിക്കലും വിശ്വാസവഞ്ചന കാണിച്ചിട്ടില്ലെന്നിരിക്കെ ആത്മാക്കളെ നശിപ്പിക്കുന്ന രീതിയില്‍ ഇത്രയും വലിയ വിശ്വാസവഞ്ചന അദ്ദേഹം എന്തിന് കാണിക്കണം? കേവലം ഈ ഒരു തെളിവിന്റെ അടിസ്ഥാനത്തിലായിരുന്നു ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)നബി(സ) തിരുമേനിയെ അംഗീകരിച്ചത്. ഇക്കാര്യം തന്നെയാണ് അല്ലാഹുവും എടുത്തുപറയുന്നത്. പറയുന്നു; 'ജനങ്ങളോട് പറയുക, ഫഖദ് ലബിഥ്തു ഫീക്കും ഉമുറന്‍ മ്മിന്‍ ഖബ്‌ലിഹി അഫലാ തഅ്ഖിലൂന്‍. (10:17) ഇതിനുമുമ്പേ ഒരു ദീര്‍ഘകാലം ഞാന്‍ നിങ്ങളുടെ ഇടയില്‍ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങള്‍ കാര്യം ഗ്രഹിക്കുന്നില്ലേ?' ഈ ജീവിതത്തില്‍ ഞാനൊരിക്കലും വഞ്ചന കാണിച്ചിട്ടില്ല എന്നിരിക്കെ ഞാന്‍ അല്ലാഹുവിന്റെ കാര്യത്തില്‍ എന്തിന് വഞ്ചന കാണിക്കണം! ഈ തെളിവ് തന്നെയാണ് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) എടുത്തത്. പറയുന്നു: 'അദ്ദേഹം അല്ലാഹുവിന്റെ റസൂല്‍ എന്ന് പറയുന്നുവെങ്കില്‍ അത് സത്യമാണെന്ന് ഞാന്‍ അംഗീകരിക്കുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ ഹൃദയത്തില്‍ ഒരു സംശയവും ഉടലെടുത്തില്ല. അദ്ദേഹത്തിന്റെ സ്ഥൈര്യമുള്ള കാലുകള്‍ക്ക് ഇടര്‍ച്ചയും സംഭവിച്ചില്ല. അദ്ദേഹത്തിനുമേല്‍ വലിയ വലിയ പരീക്ഷണങ്ങള്‍ വന്നു. സ്വത്തുക്കളും വീടും ഉപേക്ഷിക്കേണ്ടതായി വന്നു. സ്വന്തം ബന്ധു ജനങ്ങളെ കൊല ചെയ്യേണ്ടതായി വന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ സത്യസാക്ഷ്യത്തില്‍ ഒരിക്കലും സംശയമുണ്ടായില്ല. *(ബയ്അത്ത് കര്‍നെവാലോം കേലിയെ ഹിദായാത്ത്, അന്‍വാറുല്‍ഉലൂം വാള്യം 6, പേജ് 76-77)*

ഇത് അദ്ദേഹം ഒരിക്കല്‍ ബയ്അത്ത് ചെയ്തവര്‍ക്ക് ഉപദേശം നല്‍കികൊണ്ട് പറഞ്ഞതായിരുന്നു. അവര്‍ക്ക് കാര്യങ്ങള്‍ മനസ്സിലാക്കി കൊടുക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ), നബി(സ) തിരുമേനിയെ വിശ്വസിച്ച ഈ സംഭവം അതോടനുബന്ധിച്ചാണ് അദ്ദേഹം വിവരിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)നു 'സിദ്ദീഖ്' എന്ന സ്ഥാനപ്പേര് നല്‍കിയിരിക്കുന്നു. അദ്ദേഹത്തിനുള്ളില്‍ എന്തെല്ലാം മികവുകള്‍ ഉണ്ടായിരുന്നുവെന്ന് അല്ലാഹുവിനു മാത്രമേ നന്നായിട്ടറിയൂ. നബി(സ) തിരുമേനി ഇത്രയുംകൂടി പറഞ്ഞു: അതായത് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്റെ മേന്മ അദ്ദേഹത്തിന്റെ മനസ്സിനുള്ളിലുള്ള കാര്യങ്ങള്‍ കൊണ്ടാണ്. ആഴത്തില്‍ ചിന്തിക്കുകയാണെങ്കില്‍ വാസ്തവത്തില്‍ ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) കാണിച്ച സത്യസന്ധതയ്ക്ക് സമാനമായത് കിട്ടാന്‍ പ്രയാസമാണ്. സത്യമെന്തെന്നാല്‍ ഓരോ കാലഘട്ടത്തിലും ആരെങ്കിലും സിദ്ദീഖിന്റെ ശ്രേഷ്ഠതകള്‍ സ്വായത്തമാക്കാന്‍ ആഗ്രഹിക്കുന്നുവെങ്കില്‍ അയാളെ സംബന്ധിച്ച് ഏറ്റവും അനിവാര്യമായിട്ടുള്ളത് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്റെ സ്വഭാവവും പ്രകൃതവും തങ്ങള്‍ക്കുള്ളില്‍ ഉണ്ടാക്കുന്നതിനുവേണ്ടി കഴിയുന്നത്ര പരിശ്രമിക്കുകയും കഴിയുന്നത്ര പ്രാര്‍ഥിക്കുകയുമാണ് വേണ്ടത്. ഏതുവരെ ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്റെ പ്രകൃതത്തിന്റെ നിഴല്‍ തനിക്കുമേല്‍ വിരിക്കുന്നില്ലയോ, ആ നിറത്തെ സ്വായത്തമാക്കുന്നില്ലയോ അതുവരെ സിദ്ദീഖിയ്യത്തിന്റെ ശ്രേഷ്ഠതകള്‍ സ്വായത്തമാകുന്നതല്ല.'

വീണ്ടും പറയുന്നു: 'ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്റെ പ്രകൃതം എന്താണ്? അതെ കുറിച്ച് വിശദമായ ചര്‍ച്ചക്കുള്ള സന്ദര്‍ഭമല്ല ഇത്. കാരണം അതിന്റെ വിശദീകരണത്തിന് വളരെയധികം സമയം അനിവാര്യമാണ്.' പറയുന്നു: 'ഞാന്‍ ചുരുക്കത്തില്‍ ഒരു സംഭവം വിവരിക്കാം അതായത് നബി(സ) തിരുമേനി നുബുവ്വത്ത് വെളിപ്പെടുത്തി. ആ സമയത്ത് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) ഈജിപ്തിലേക്ക് കച്ചവടാവശ്യാര്‍ഥം പോയതായിരുന്നു. തിരിച്ചു വന്നപ്പോള്‍ ഒരാള്‍ വഴിയില്‍വെച്ചുതന്നെ അദ്ദേഹത്തെ കണ്ടു. അദ്ദേഹം മക്കക്കാരുടെ അവസ്ഥകളെ കുറിച്ച് അന്വേഷിച്ചു. പുതിയ വല്ല വര്‍ത്തമാനങ്ങളും ഉണ്ടോ? എന്ന് ചോദിച്ചു. പൊതുവില്‍ യാത്ര കഴിഞ്ഞു തിരിച്ചു വരുമ്പോള്‍ വഴിയില്‍ സ്വന്തം നാട്ടുകാരെ ആരെയെങ്കിലും കണ്ടാല്‍ അയാളോട് നാട്ടിലെ വിശേഷങ്ങളെ കുറിച്ച് ചോദിക്കുന്നത് പതിവാണല്ലോ. അയാള്‍ മറുപടിയായി പറഞ്ഞു: 'പുതിയ കാര്യം എന്തെന്നാല്‍ താങ്കളുടെ സുഹൃത്ത് മുഹമ്മദ്(സ) പ്രവാചകനാണെന്ന് വാദിച്ചിരിക്കുന്നുവെന്നതാണ്! അതുകേട്ട മാത്രയില്‍ ഹദ്റത്ത് അബൂബക്ര്‍ പറഞ്ഞു: 'അദ്ദേഹം അങ്ങനെ വാദിച്ചിട്ടുണ്ടെങ്കില്‍ നിസ്സംശയം അദ്ദേഹം സത്യവാനാകുന്നു.' ഈ ഒരു സംഭവത്തില്‍ നിന്ന് നബി(സ) തിരുമേനിയെ കുറിച്ച് അദ്ദേഹത്തിന് എത്രമാത്രം നല്ല ചിന്തയാണ് ഉണ്ടായിരുന്നതെന്ന് മനസ്സിലാക്കാം. ദൃഷ്ടാന്തങ്ങളുടെ ഒന്നും ആവശ്യമുണ്ടെന്നു കരുതിയില്ല. വാസ്തവത്തില്‍ ദൃഷ്ടാന്തങ്ങള്‍ അന്വേഷിക്കുന്നവര്‍ വാദിയുടെ അവസ്ഥകളെ സംബന്ധിച്ച് അജ്ഞരായിരിക്കും. അപരിചിതരായ വ്യക്തി യാണെങ്കില്‍ കൂടുതല്‍ തൃപ്തി നേടേണ്ടതായിട്ടുണ്ടാകും. എന്നാല്‍, അദ്ദേഹത്തിന്റെ അവസ്ഥകള്‍ സംബന്ധിച്ച് നല്ലപോലെ അറിവുള്ള ആള്‍ക്ക് ദൃഷ്ടാന്തങ്ങളുടെ ആവശ്യമെന്താണ്? ചുരുക്കത്തില്‍ ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)വഴിയില്‍ വെച്ചുതന്നെ നബി(സ) തിരുമേനിയുടെ നുബുവ്വത്ത് വാദംകേട്ടപ്പോള്‍വിശ്വസിക്കുകയാണുണ്ടായത്. പിന്നെ മക്കയിലെത്തി, നബി(സ)തിരുമേനിയുടെ പരിശുദ്ധ സവിധത്തിലെത്തി ചോദിച്ചു: 'അങ്ങ് നുബുവ്വത്ത് വാദം ഉന്നയിച്ചിട്ടുണ്ടോ?' നബി(സ) തിരുമേനി പറഞ്ഞു: 'അതെ, അതു ശരിയാണ്.'അപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) പറഞ്ഞു: 'താങ്കള്‍ സാക്ഷിയായിരിക്കുക, ഞാന്‍ അങ്ങയെ സാക്ഷ്യപ്പെടുത്തുന്നതില്‍ പ്രഥമനാകുന്നു.' അദ്ദേഹം ഇതു പറഞ്ഞത് കേവലം വാക്കുകള്‍ മാത്രമായിരുന്നില്ല. മറിച്ച് അദ്ദേഹം, അതായത് ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)തന്റെ കര്‍മങ്ങളിലൂടെ തെളിയിച്ചു കാണിക്കുകയും ചെയ്തു. മരണംവരെ അത് നിറവേറ്റി. മരണശേഷവും സഹവാസം ഉപേക്ഷിച്ചില്ല.' *(മല്‍ഫൂ*

*ദാത്ത് വാല്യം 1, പേജ് 372-374)*
ഹദ്റത്ത് മസീഹ് മൗഊദ്(അ) റഹ്മാൻ എന്ന അധ്യായത്തിലെ വ ലിമൻ ഖാഫ മഖാമ റബ്ബിഹി ജന്നത്താൻ. അതായത് തന്റെ റബ്ബിന്റെ സ്ഥാനത്തെ ഭയപ്പെടുന്നവർക്ക് രണ്ടു സ്വർഗങ്ങളുണ്ട് എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ ഉദാഹരണമാണ് നൽകുന്നത്. അവിടന്ന് പറയുന്നു: 'ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)നെ തന്നെ നോക്കുക. അദ്ദേഹം ഈജിപ്തിൽനിന്ന് തിരിച്ചു വരികയായിരുന്നു. അപ്പോൾ വഴിയിൽ ഒരാളെ കണ്ടുമുട്ടി. അദ്ദേഹം അയാളോട് എന്തെങ്കിലും പുതിയ വർത്തമാനം കേൾപ്പിക്കാൻ പറഞ്ഞു. അയാൾ മറുപടിയായി പറഞ്ഞു: 'പുതിയ വർത്തമാനങ്ങൾ ഒന്നുമില്ലെങ്കിലും താങ്കളുടെ സുഹൃത്ത് മുഹമ്മദ്(സ) പ്രവാചകനാണെന്ന് വാദിക്കുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) മറുപടിയായി പറഞ്ഞു: 'അദ്ദേഹം നുബുവ്വത്ത് വാദിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം സത്യവാനാകുന്നു. അദ്ദേഹമൊരിക്കലും വ്യാജനല്ല. അതിനുശേഷം ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)നേരെ നബി(സ)തിരുമേനിയുടെ വീട്ടിലേക്കാണ് പോയത്. നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അങ്ങ് സാക്ഷിയായിരിക്കുക, അങ്ങയെ വിശ്വസിക്കുന്നവരിൽ ഞാൻ ഒന്നാമനാകുന്നു.' നോക്കുക! അദ്ദേഹം നബി(സ) തിരുമേനിയോട് ഒരു ദൃഷ്ടാന്തവും ചോദിച്ചില്ല. കേവലം നേരത്തെതന്നെ ഉണ്ടായിരുന്ന പരിചയത്തിന്റെ അനുഗ്രഹഫലമായി അദ്ദേഹം വിശ്വസിക്കുകയായിരുന്നു. ഓർക്കുക! ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെടുന്നത് പരിചയമില്ലാത്തവരാണ്. ചെറുപ്പകാലം മുതലേയുള്ള സുഹൃത്തിനെ സംബന്ധിച്ചിടത്തോളം മുൻകാല അവസ്ഥകൾ തന്നെ ദൃഷ്ടാന്തങ്ങളാകുന്നു. അതിനുശേഷം ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)നു വലിയ വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. കഠിനമായ ദുഃഖം സഹിക്കേണ്ടി വന്നു. നോക്കുക! ഏറ്റവുമധികം പ്രയാസങ്ങൾ നൽകി. ഏറ്റവുമധികം അദ്ദേഹം പീഢിപ്പിക്കപ്പെട്ടു. എന്നാൽ, ഏറ്റവുമാദ്യം നുബുവ്വത്തിന്റെ സിംഹാസനത്തിൽ അദ്ദേഹത്തെ തന്നെയാണ് ഇരുത്തിയത്. അല്ലാഹു അദ്ദേഹത്തിന് ഇവിടെയും അനുഗ്രഹം നൽകി. അടുത്ത ലോകത്താകട്ടെ സ്വർഗം ഏതായാലുമുണ്ട്. പകൽ മുഴുവൻ അദ്ദേഹം കച്ചവടത്തിൽ അലഞ്ഞു തിരിഞ്ഞ സമയവും ഇപ്പോൾ നബി(സ)തിരുമേനിക്കുശേഷം ഏറ്റവും ആദ്യത്തെ ഖലീഫയായി അദ്ദേഹത്തെ നിശ്ചയിച്ച ആ അവസ്ഥയും നോക്കുക.' *(മൽഫൂദാത്ത് വാല്യം 10, പേജ് 78-79)*

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'മനുഷ്യൻ രണ്ടു വിധത്തിലാണുള്ളത്. ഒന്ന് ശുദ്ധ പ്രകൃതമുള്ളവരായിരിക്കും. അവർ ആദ്യംതന്നെ വിശ്വസിക്കുന്നതാണ്. ഇക്കൂട്ടർ ദീർഘ ദർശികളും ക്രാന്തദർശികളുമായിരിക്കും. ഉദാഹരണമായി ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ് (റ). മറ്റൊന്ന് ഭോഷ്കന്മാരാണ്. എന്തെങ്കിലും തലയിൽ വന്നു വീഴുമ്പോഴാണ് അവർ ഉണരുക. *(മൽഫൂദാത്ത് വാല്യം 3, പേജ് 261)* അതായത് എന്തെങ്കിലും പ്രയാസത്തിൽ അകപ്പെടുമ്പോൾ, ആപത്തുകൾ വരുമ്പോൾ വിശ്വസിക്കണോ വേണ്ടേയെന്ന് ചിന്തിക്കാൻ തുടങ്ങും.

നബി(സ) തിരുമേനിയെ ഏറ്റവുമാദ്യം വിശ്വസിച്ചതാരാണ് എന്നുള്ള കാര്യത്തിലും ചർച്ചകൾ ഉണ്ടായിട്ടുണ്ട്. ചരിത്രകാരന്മാരുടെ വീക്ഷണത്തിൽ ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യസങ്ങളുണ്ട്. അതായത് പുരുഷന്മാരിലാരാണ് ആദ്യം വിശ്വസിച്ചത്, ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ആണോ ഹദ്റത്ത് അലിയാണോ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയാണോ. *(സുബുലുൽഹുദാ വർറശാദ് വാല്യം 2, പേജ് 300-304, അൽബാബുഥ്ഥാനി ഫിൽ ഇസ്‌ലാം ഖദീജ, വ അലി, വ സയ്ദ്, വ അബീബക്ർ, ദാറുൽകുതുബുൽഇൽമിയ്യ 1993)(താരീഖു അത്ത്വബ്രി, വാല്യം 1, താരീഖ് ഖബലൽ ഹിജ്റത്തി പേജ് 537-540, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ചിലർ അതിന് പരിഹാരം കണ്ടെത്തിയത് ഇങ്ങനെയാണ്, അതായത് കുട്ടികളിൽനിന്ന് ഹദ്റത്ത് അലിയും, മുതിർന്നവരിൽനിന്ന് ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖും(റ) അടിമകളിൽനിന്ന് ഹദ്റത്ത് സയ്ദുമാണ് ആദ്യം വിശ്വസിച്ചത്. അല്ലാമാ അഹ്മദ് ബിൻ അബ്ദുല്ലാഹ് ഈ നിവേദനങ്ങളെ പരസ്പരം ചേർത്തുകൊണ്ട് എഴുതുന്നു: 'ഏറ്റവുമാദ്യം ഹദ്റത്ത് ഖദീജ ബിൻത് ഖുവയ്ലിദാണ് ഇസ്‌ലാം സ്വീകരിച്ചത്. പുരുഷന്മാരിൽ ഏറ്റവുമാദ്യം ഹദ്റത്ത് അലിയാണ് ഇസ്‌ലാം സ്വീകരിച്ചത്. പക്ഷേ, അദ്ദേഹം അപ്പോൾ കുട്ടിയായിരുന്നു. അദ്ദേഹത്തിന്റെ പ്രായത്തെ സംബന്ധിച്ച് നേരത്തെയും പരമർശിച്ചിരുന്നു. അദ്ദേഹത്തിന് പത്ത് വയസായിരുന്നു. അദ്ദേഹം തന്റെ ഇസ്‌ലാംമത ആശ്ലേഷണം രഹസ്യമാക്കി വെച്ചിരിക്കുകയായിരുന്നു. പ്രായപൂർത്തിയെത്തിയ പുരുഷന്മാരിൽ ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചതും തന്റെ ഇസ്‌ലാം വെളിപ്പെടുത്തിയതും ഹദ്റത്ത് അബുബക്ർ ബിൻ അബി ഖുഹാഫയായിരുന്നു. സ്വാതന്ത്രരാക്കപ്പെട്ട അടിമകളിൽ ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചത് ഹദ്റത്ത് സയദ് ബിൻ ഹാരിഥ യായിരുന്നു. ഇത് ഏകോപിച്ച അഭിപ്രായമാണ്. ഇതിൽ ഒരു അഭിപ്രായ വ്യത്യാസവുമില്ല. *(അർരിയാളുന്നളിറത്തി ഫീ മനാഖിബിൽഅശ്റത്തി വാല്യം 1, പേജ് 89, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2014)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഈ വിഷയത്തെ ചർച്ച ചെയ്തുകൊണ്ട് ഇങ്ങനെ പറയുന്നു: നബി(സ) തിരുമേനി തന്റെ ദൗത്യം പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ ഏറ്റവുമാദ്യം വിശ്വസിച്ചത് ഹദ്റത്ത് ഖദീജയായിരുന്നു. അവർ നിമിഷനേരത്തേക്കുപോലും നിരാകരിച്ചില്ല. ഹദ്റത്ത് ഖദീജക്കു ശേഷം പുരുഷന്മാരിൽനിന്ന് ആരാണ് ആദ്യം വിശ്വസിച്ചതെന്നതിനെ പറ്റി ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ ഹദ്റത്ത് അബുബക്ർ ബിൻ അബ്ദുല്ലാഹ് ബിൻ അബി ഖുഹാഫയുടെ പേര് പറയുന്നു. ചിലർ ഹദ്റത്ത് അലിയുടെയോ സയ്ദ് ബിൻ ഹാരിഥയുടെയോ പേരു പറയുന്നു.' തുടർന്ന് അദ്ദേഹം എഴുതുന്നു: 'എന്റെ വീക്ഷണത്തിൽ ഈ തർക്കം അനാവശ്യമാണ്. ഹദ്റത്ത് അലിയും സയ്ദ് ബിൻ ഹാരിഥയും നബി(സ)തിരുമേനിയുടെ വീട്ടിലെ ആളുകൾതന്നെയായിരുന്നു. നബി(സ)തിരുമേനിയുടെ മക്കളെപ്പോലെ അവിടത്തെ വീട്ടിൽ കഴിയുന്നവരായിരുന്നു. നബി(സ) തിരുമേനി പറയേണ്ട താമസം അവർ വിശ്വസിക്കുകയായിരുന്നു. നബി(സ) തിരുമേനി എന്തുപറഞ്ഞാലും അവർ കുട്ടികളെന്ന നിലക്ക് അംഗീകരിച്ചിരുന്നു. അതുകൊണ്ട് ഈ കാര്യം ഇങ്ങനെതന്നെ അംഗീകരിച്ചതാകാനും മതി.' തുടർന്ന് അദ്ദേഹം എഴുതുന്നു: ഈ രണ്ടു കുട്ടികളെ മാറ്റി നിറുത്തിയാൽ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ഏറ്റവുമാദ്യം വിശ്വസിച്ചിരുന്നു എന്ന കാര്യം പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. നബി(സ)തിരുമേനിയുടെ സവിധത്തിലെ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്ത് അൻസ്വാരി(റ), ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)നെ സംബന്ധിച്ച് പറയുന്നു:

**ഇദാ തദക്കർത്ത ശജ്‌വൻ**
**മിൻ അഖീ ഥിഖത്തിൻ**
**ഫദ്കുർ അഖാക്ക അബാ**
**ബക്റിൻ ബിമാ ഫഅലാ**
**ഖയ്റൽ ബരിയ്യത്തി അത്ഖാഹാ**
**വ അഅ്ദലഹാ**
**ബഅ്ദന്നബിയ്യി വ ഔഫാഹാ**
**ബിമാ ഹമലാ**
**അഥ്ഥാനിയ ത്താലിയൽമഹ്മൂദ**
**മശ്ഹദുഹൂ**
**വ അവ്വലന്നാസി മിൻഹും**
**സ്വദ്ദഖർറുസുലാ**

അതായത് നിങ്ങളുടെ ഹൃദയത്തിൽ എപ്പോഴെങ്കിലും നിങ്ങളുടെ ഏതെങ്കിലും സഹോദരനെ കുറിച്ച് ദുഃഖമുണ്ടാവുകയാണെങ്കിൽ ആ നേരത്ത് എന്റെ സഹോദരനായ അബൂബക്റിനെ കൂടി ഓർക്കാൻ അർഹമായ മേന്മകൾ നിമിത്തം സ്മരിക്കുക. അദ്ദേഹം നബി(സ) തിരുമേനിക്കുശേഷം ജനങ്ങളുടെ ഇടയിൽ ഏറ്റവുമധികം ഭയഭക്തിയുള്ളയാളും ഏറ്റവുമധികം നീതിബോധമുള്ളയാളും താൻ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ തികവുറ്റ നിലയിൽ നടത്തുന്നയാളുമായിരുന്നു. അതെ, അബൂബക്ർ (റ) ഥൗർ ഗുഹയിൽ നബി(സ) തിരുമേനിയോടൊപ്പമുണ്ടായിരുന്ന രണ്ടാമത്തെ വ്യക്തിത്വമായിരുന്നു, അദ്ദേഹം നബി(സ)തിരുമേനിയെ പിൻപറ്റുന്ന കാര്യത്തിൽ പൂർണമായും തന്നെ ഉഴിഞ്ഞു വെച്ചിരുന്നു. അദ്ദേഹം ഏതൊരു കാര്യത്തിൽ കൈവെച്ചാലും അതിനെ ഭംഗിയായി നിറവേറ്റുമായിരുന്നു. ജനങ്ങളിൽനിന്നു ഏറ്റവുമാദ്യം നബി(സ) തിരുമേനിയെ വിശ്വസിച്ചതും അദ്ദേഹമായിരുന്നു.

'ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) തന്റെ മേന്മയിലും മികവിലും ഖുറയ്ശികൾക്കിടയിൽ ഏറെ ആദരണീയനായിരുന്നു. ഇസ്‌ലാമിൽ അദ്ദേഹത്തിന് ലഭിച്ച സ്ഥാനം മറ്റൊരു സ്വഹാബിക്കും കിട്ടിയിട്ടില്ല. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഒരു നിമിഷ നേരത്തേക്കുപോലും നബി(സ) തിരുമേനിയുടെ വാദങ്ങളിൽ സംശയിച്ചിട്ടില്ല. മറിച്ച് കേട്ടമാത്രയിൽത്തന്നെ സ്വീകരിച്ചു. പിന്നെ അദ്ദേഹം തന്റെ മുഴുവൻ ശ്രദ്ധയും തന്റെ ജീവനും സമ്പത്തും നബി(സ)തിരുമേനി കൊണ്ടുവന്ന ദീനിന്റെ സേവനത്തിനുവേണ്ടി സമർപ്പിച്ചു. നബി(സ) തിരുമേനിക്ക് തന്റെ സ്വഹാബാക്കളിൽ ഹദ്റത്ത് അബുബക്ർ സിദ്ദീഖ്(റ) ആയിരുന്നു ഏറ്റവും പ്രിയപ്പെട്ടവൻ. നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹം അവിടത്തെ ഒന്നാമത്തെ ഖലീഫയായി. തന്റെ ഖിലാഫത്തുകാലത്തും അദ്ദേഹം അനുപമമായ കഴിവ് തെളിയിച്ചു. ഹദ്റത്ത് അബുബക്ർ സിദ്ദീഖ്(റ)നെ സംബന്ധിച്ച് പ്രസിദ്ധ യൂറോപ്യൻ വിമർശകൻ സ്

പ്രിങ്കർ(**Sprenger**) എഴുതുന്നു: 'അബൂബക്ർ ഇസ്‌ലാമിന്റെ ആരംഭത്തിൽ മുഹമ്മദ്(സ)ൽ വിശ്വസിച്ചുവെന്നത് തെളിയിക്കുന്നത് മുഹമ്മദ്(സ) വഞ്ചനയിൽ അകപ്പെട്ടേക്കാമെങ്കിലും ഒരിക്കലും വഞ്ചിക്കുന്നവൻ ആയിരുന്നില്ലെന്നാണ്. മറിച്ച് സത്യഹൃദയത്തോടെ താൻ ദൈവത്തിന്റെ ദൂതനാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്നു. സർ വില്യം മ്യൂറിനും സ്പ്രിങ്കറിന്റെ ഈ അഭിപ്രായത്തോട് പൂർണമായും യോജിപ്പുണ്ട്. *(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 121-122)*

ഇസ്‌ലാമിന്റെ പ്രചാരണത്തിലും തൽഫലമായി ഏതെല്ലാം പ്രയാസങ്ങളിലൂടെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന് കടന്നു പോകേണ്ടി വന്നു എന്ന് ഉസുദുൽ ഗാബയിൽ എഴുതിയിട്ടുണ്ട്. അതായത് ഇസ്‌ലാം വന്നപ്പോൾ അദ്ദേഹം ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തിന്റെ കൈയിൽ ഒരു സംഘം ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തോട് അതായത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നോട് ജനങ്ങൾക്കുണ്ടായിരുന്ന സ്നേഹം കാരണത്താലും അദ്ദേഹത്തിനോടുണ്ടായിരുന്ന ചായ്‌വു നിമിത്തവുമായിരുന്നു. എത്രത്തോളംമെന്നാൽ സ്വർഗ്ഗീയ സുവാർത്ത നല്കപ്പെട്ട പത്തുപേരിൽ അഞ്ചു സ്വഹാബാക്കളും അദ്ദേഹത്തിന്റെ കൈയിലൂടെ ഇസ്‌ലാം സ്വീകരിച്ചവരാണ്. *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ , വാള്യം 3, പേജ് 205, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽഫിക്ർ ബെയ്റൂത്ത്, 2003)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ തബ്ലീഗിലൂടെ ഇസ്‌ലാം സ്വീകരിച്ചവരിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ, ഹദ്റത്ത് സുബൈർ ബിൻ അവ്വാം, ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ്, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് എന്നിവർ ഉൾപ്പെടുന്നു. *(സീറത്ത് ഇബ്നുഹിശാം വാള്യം 1, പേജ് 166, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2008)*

ഇതേ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: 'ഹദ്റത്ത് ഖദീജ, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലി, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ എന്നിവർക്കുശേഷം ഇസ്‌ലാം സ്വീകരിച്ച അഞ്ചു വ്യക്തികൾ ഹദ്റത്ത് അബൂ ബക്റിന്റെ തബ്ലീഗ് നിമിത്തമാണ് വിശ്വാസികളായത്. ഇവർ എല്ലാവരും ഇസ്‌ലാമിലെ ഉന്നത ശ്രേണിയിലുള്ള ഉന്നത സ്ഥാനത്തിന് അർഹരായ വലിയ സ്വഹാബാക്കളുടെ ഗണത്തിലാണുള്ളത്. അവരുടെ പേര് ഇപ്രാകാരമാകുന്നു. ഒന്ന് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ. ഇദ്ദേഹം ബനു ഉമയ്യ കുടുംബത്തിൽ പെട്ടയാളായിരുന്നു. ഇസ്‌ലാം സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന് ഏകദേശം 30 വയസ്സായിരുന്നു. ഹദ്റത്ത് ഉമറിനുശേഷം ഇദ്ദേഹം നബി(സ) തിരുമേനിയുടെ മൂന്നാമത്തെ ഖലീഫയായി. ഹദ്റത്ത് ഉഥ്മാൻ വളരെ ലജ്ജയുള്ളയാളും കൂറുള്ള വ്യക്തിയും നിർമല ഹൃദയനും വിശാല മനസ്കനും ധനാഢ്യനുമായിരുന്നു. അതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും അദ്ദേഹം ഇസ്‌ലാമിന് വലിയ വലിയ സാമ്പത്തിക സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഹദ്റത്ത് ഉഥ്മാനോട് നബി(സ) തിരുമേനിക്കുണ്ടായിരുന്ന സ്നേഹം, നബി(സ)തിരുമേനി ഒന്നിന് പിറകെ ഒന്നായി തന്റെ പെൺമക്കളുടെ വിവാഹം അദ്ദേഹവുമായി നടത്തിയതിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്. ഈ കാരണം കൊണ്ട് അദ്ദേഹം ദുന്നൂറയ്ൻ എന്ന് വിളിക്കപ്പെടുന്നു. അടുത്തത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫാകുന്നു. അദ്ദേഹം ബനു സുഹ്റയിൽ പെട്ടയാളാണ്. നബി(സ) തിരുമേനിയുടെ മാതാവും ഈ കുടുംബക്കാരിയായിരുന്നു. വളരെ ബുദ്ധിമാനും ഏറെ പക്വമായ സ്വഭാവത്തിനും ഉടമയായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തു പ്രശ്നം ഇദ്ദേഹം മുഖേനയാണ് തീരുമാനിക്കപ്പെട്ടത്. ഇസ്‌ലാം സ്വീകരിക്കുന്ന സമയത്ത് ഏകദേശം മുപ്പതുവയസ്സായിരുന്നു പ്രായം. ഉഥ്മാനിയ ഖിലാഫത്തു കാലഘട്ടത്തിലാണ് വഫാത്തായത്.

മൂന്നാമത്തേത് ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ്വായിരുന്നു. അദ്ദേഹം അക്കാലത്ത് തികച്ചും യുവാവായിരുന്നു. അതായത് ആ സമയത്ത് അദ്ദേഹത്തിന് പത്തൊമ്പത് വയസ്സായിരുന്നു. ഇദ്ദേഹവും ബനൂസുഹ്റയിൽ പെട്ടയാളായിരുന്നു. വളരെ ധൈര്യശാലിയും യോദ്ധാവുമായിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇദ്ദേഹം മുഖേനയാണ് ഇറാഖ് ജയിച്ചടക്കിയത്. അമീർ മുആവിയയുടെ കാലത്ത് വഫാത്തായി.

നാലാമത്തേത് ഹദ്റത്ത് സുബൈർ ബിൻ അവ്വാമാണ്. ഇദ്ദേഹം നബി(സ) തിരുമേനിയുടെ പിതൃ സഹോദരീ പുത്രനാണ്. അതായത് അബ്ദുൽ മുത്ത്വലിബിന്റെ മകൾ സ്വഫിയായുടെ മകനായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ ജാമാതാവായി. ഇദ്ദേഹം ബനൂ അസദിൽപെട്ടയാളായിരുന്നു. ഇസ്‌ലാം സ്വീകരിക്കുമ്പോൾ കേവലം പതിനഞ്ചു വയസ്സായിരുന്നു. നബി(സ)തിരുമേനി ഖന്തഖ് യുദ്ധാവസരത്തിൽ ഇദ്ദേഹത്തിന്റെ ഒരു സവിശേഷ സേവനം കാരണം 'ഹവാരി' എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് സുബൈർ ഹദ്റത്ത് അലിയുടെ ഖിലാഫത്തുകാലത്ത് ജമൽ യുദ്ധത്തിനുശേഷം ശഹീദാക്കപ്പെട്ടു. അഞ്ചാമത്തേത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ആയിരുന്നു. ഇദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ കുടുംബം അതായത് ബനൂ തയ്യിം ഗോത്രത്തിൽപെട്ടയാളായിരുന്നു. ആ സമയത്ത് തികച്ചും യുവാവായിരുന്നു. ഹദ്റത്ത് ത്വൽഹയും ഇസ്‌ലാമിനുവേണ്ടി ത്യാഗസന്നദ്ധരിൽ പ്രമുഖനായിരുന്നു. ഹദ്റത്ത് അലിയുടെ കാലഘട്ടത്തിൽ ജമൽ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ഈ അഞ്ചു സ്വഹാബാക്കളും അശ്റ മുബശ്ശിറയിൽ പെട്ടവരാണ്. അതായത് നബി(സ)തിരുമേനി തന്റെ അനുഗൃഹീത അധരത്താൽ പ്രത്യേകമായി സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത നൽകിയ പത്ത് സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. ഇവർ നബി(സ)തിരുമേനിയുടെ ഏറെ സമീപസ്ഥരായ സ്വഹാബാക്കളും ഉപദേശകരിൽ പെട്ടവരുമായിരുന്നു.' *(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 122-123)*

മക്കയിലെ നിഷേധികൾ ഇസ്‌ലാം സ്വീകരിച്ചവർക്കുമേൽ പല പല ആക്രമണങ്ങളും നടത്തി. ദുർബലരും അടിമകളുമായ മുസ്‌ലിമീങ്ങൾ മാത്രമല്ല അവരുടെ മർദനങ്ങൾക്ക് ഇരയായത്. മറിച്ച് നബി(സ)തിരുമേനിയും അബൂബക്റുംപോലും മക്കയിലെ മുശ്രിക്കീങ്ങളുടെദ്രോഹങ്ങളിൽനിന്ന്മുക്തരായിരുന്നില്ല. അവരെയും പല രീതിയിലും അക്രമങ്ങൾക്ക് വിധേയരാക്കിയിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. അതായത് നബി(സ) തിരുമേനിയേയും ഹദ്റത്ത് അബൂബക്റിനേയും. സീറത്ത് ഹൽബിയയിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ത്വൽഹയും തങ്ങളുടെ ഇസ്‌ലാം വെളിപ്പെടുത്തിയപ്പോൾ നൗഫൽ ബിൻ അദവിയ്യ അവർ രണ്ടു പേരെയും പിടികൂടി. ഇയാൾ ഖുറയ്ശികളുടെ സിംഹം എന്നാണ് അറിയപ്പെട്ടിരുന്നത്, അയാൾ അവർ രണ്ടു പേരെയും ഒരു കയറിൽ ബന്ധിച്ചു. അവരുടെ ബനൂ തയ്യിം ഗോത്രംപോലും രണ്ടുപേരെയും രക്ഷപ്പെടുത്തിയില്ല. ഈ കാരണംകൊണ്ടുതന്നെ ഹദ്റത്ത് അബൂബക്റും ത്വൽഹയും 'ഖരീനയ്ൻ' എന്നും അറിയപ്പെടുന്നു. അതായത് കൂടിച്ചേർന്ന രണ്ടു സുഹൃത്തുക്കൾ. നൗഫൽ ബിൻ അദവിയ്യയുടെ ശക്തിയും അയാളുടെ ദ്രോഹവും കാരണം നബി(സ)തിരുമേനി ഇങ്ങനെ പറയുമായിരുന്നു. 'അല്ലാഹുമ്മക്ഫിനാ ശർറബ്നിൽ അദവിയ്യത്തി അല്ലാഹുവേ ഇബ്നു അദവിയ്യയുടെ ദ്രോഹങ്ങൾക്കെതിരിൽ നീ തന്നെ ഞങ്ങൾക്ക് മതിയായിത്തീരേണമേ. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം1, പേജ് 395, ബാബു ദിക്ർ അവ്വലുന്നാസി ഈമാനൻ ബിഹി(സ) ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ഹദ്റത്ത് ഉർവ്വ ബിൻ സുബയ്ർ(റ) വിവരിക്കുന്നു: ഞാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസിനോട് ചോദിച്ചു. മുശ്രിക്കീങ്ങൾ നബി(സ)തിരുമേനിയോട് ചെയ്ത ദ്രോഹങ്ങൾ എന്തെല്ലാമാ യിരുന്നു എന്ന് പറഞ്ഞു തന്നാലും. അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി(സ) തിരുമേനി മസ്ജിദ് ഹറാമിലെ ഹത്വീമിൽ നമസ്കരിക്കുകയായിരുന്നു. ഉഖ്ബാ ബിൻ അബി മുഅയ്ത്ത് വന്നു. അയാൾ ഒരു തുണി നബി(സ) തിരുമേനിയുടെ കഴുത്തിൽചുറ്റി മുറുക്കാൻ തുടങ്ങി. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അബൂബക്ർ(റ) അവിടെയെത്തി. അദ്ദേഹം വന്നു ഉഖ്ബയുടെ തോളത്ത് പിടിച്ച് അയാളെ തള്ളിമാറ്റി നബി(സ)തിരുമേനിയെ രക്ഷിച്ചു. എന്നിട്ട് പറഞ്ഞു അ തഖ്തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹു തന്റെ നാഥൻ അല്ലാഹുവാണെന്ന് പറയുന്ന ഒരാളെ നിങ്ങൾ കൊല്ലാൻ നോക്കുകയാണോ?*(സ്വഹീഹുൽബുഖാരി, കിതാബുൽമനാഖിബുൽഅൻസ്വാരി ഹദീഥ് നമ്പർ 3858)*

മറ്റൊരു നിവേദനത്തിൽ വരുന്നുണ്ട്: ഒരിക്കൽ മുശ്രിക്കീങ്ങൾ നബി(സ) തിരുമേനിയോട് പറഞ്ഞു: നിങ്ങൾ ഞങ്ങളുടെ ആരാധ്യരെപറ്റി ഇന്ന കാര്യങ്ങൾ പറയുന്നില്ലേ? നബി(സ) തിരുമേനി പറഞ്ഞു: 'അതെ പറയുന്നുണ്ട്.' അപ്പോൾ അവർ നബി(സ) തിരുമേനിക്ക് ചുറ്റുംകൂടി. ആ സമയത്ത് ആരോ സുഹൃത്തിനെ കുറിച്ച് അന്വേഷിച്ചുനോക്കൂ എന്ന് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു. ഹദ്റത്ത് അബൂബക്ർ പുറപ്പെട്ട് മസ്ജിദ് ഹറാമിലെത്തി. ജനങ്ങൾ നബി(സ) തിരുമേനിക്കു ചുറ്റും കൂടിയിരിക്കുന്ന അവസ്ഥയിലാണ് അബൂബക്ർ തിരുനബിയെ കാണുന്നത്. അബൂബക്ർ പറഞ്ഞു: നിങ്ങൾക്ക് നാശമുണ്ടാകട്ടെ. **അ തഖ്തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹു വഖദ് ജാഅക്കും ബിൽ ബയ്യിനാത്തി മിൻർറബ്ബിക്കും.** (40:29) തന്റെ റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞ കാരണത്താൽ മാത്രം ഒരു വ്യക്തിയെ നിങ്ങൾ

കൊല്ലാൻ നോക്കുകയാണോ? അദ്ദേഹമാകട്ടെ നിങ്ങളുടെ അടുക്കൽ തന്റെ നാഥനിൽ നിന്ന് വ്യക്തമായ അടയാളങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. അപ്പോൾ അവർ നബി(സ) തിരുമേനിയെ ഒഴിവാക്കുകയും അബൂബക്റിനുനേരെ കുതിക്കുകയും അദ്ദേഹത്തെ മർദിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് അബൂബക്റിന്റെ മകൾ ഹദ്റത്ത് അസ്മാ പറയുന്നു: അദ്ദേഹം ഞങ്ങളുടെ അടുത്ത് വരുമ്പോൾ അദ്ദേഹത്തിന്റെ മുടിയിൽ കൈ തൊട്ടാൽ മുടി ഞങ്ങളുടെ കൈയിൽ വരുമായിരുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു. **തബാറക്ത യാ ദൽജലാലി വൽഇക്റാം** അല്ലയോ ആദരവും അന്തസ്സുടയവനുമായ നാഥാ! നീ അനുഗ്രഹപൂർണനാകുന്നു. ഒരു നിവേദനത്തിൽ പറയുന്നു: അവർ നബി(സ)തിരുമേനിയുടെ പരിശുദ്ധ ശിരസ്സും അവിടത്തെ മുടിയും ശക്തമായി പിടിച്ചുവലിച്ചു. നബി(സ)തിരുമേനിയുടെ മുടി കൊഴിഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയെ രക്ഷിക്കാൻ വന്നു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു, **അ തഖ്തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹു** തന്റെ നാഥൻ അല്ലാഹുവാണെന്ന് പറഞ്ഞ കാരണത്താൽ ഒരാളെ നിങ്ങൾ വധിക്കുകയാണോ. മാത്രമല്ല ഹദ്റത്ത് അബൂബക്ർ കരയുന്നുമുണ്ടായിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്ർ, അവരെ വിടൂ. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ഞാൻ അവനിൽനിന്ന് തന്നെയാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. ആ അവസ്ഥയിൽ ഞാൻ എന്നെ ത്യജിക്കുന്നതാണ്. അപ്പോൾ അവർ, അതായത് നിഷേധികൾ നബിയെ വിട്ടു. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം1, പേജ് 417, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002)*

ഹദ്റത്ത് അലി(റ) ഒരിക്കൽ ജനങ്ങളോട് ചോദിച്ചു: 'ജനങ്ങളേ! നിങ്ങൾക്കിടയിൽ ഏറ്റവും ധീരനായ യോദ്ധാവ് ആരാണ്? ജനങ്ങൾ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! അങ്ങുതന്നെ.' ഹദ്റത്ത് അലി പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ എന്നോട് പൊരുതിയ ആളുമായി ഞാൻ നീതി ചെയ്തിട്ടുണ്ട്. അതായത് അയാളെ അടിച്ചു വീഴ്ത്തിയിട്ടുണ്ട്. എന്നാൽ, ഏറ്റവും വലിയ യോദ്ധാവ് അബൂബക്റാകുന്നു. ഞങ്ങൾ നബി(സ) തിരുമേനിക്കുവേണ്ടി ബദ്റിന്റെ ദിവസം തമ്പ് കെട്ടിയിരുന്നു. ഞങ്ങൾ ചോദിച്ചു: നബി(സ) തിരുമേനിക്കുവേണ്ടി ആരാണ് ഇന്ന് കൂടെ നിൽക്കുക, അതായത് മുശ്രിക്കീങ്ങൾ നബി(സ) തിരുമേനിയുടെ അടുത്ത് എത്താതിരിക്കാൻ. അല്ലാഹുവാണ! നബി(സ)തിരുമേനിയുടെ അടുത്ത് ആരും പോകുന്നുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് അബൂബക്ർ തന്റെ വാളും ഊരിപ്പിടിച്ച് നബി(സ) തിരുമേനിയുടെ അടുത്തു വന്നുനിന്നു. അതായത് ആദ്യം അബൂബക്റിനോട് പൊരുതിയിട്ടല്ലാതെ ഒരു അന്യാരാധകനും നബി(സ) തിരുമേനിയുടെ അടുത്തു എത്തുകയില്ല. ചുരുക്കത്തിൽ അദ്ദേഹം എല്ലാവരെക്കളയും ധീരനായ യോദ്ധാവായിരുന്നു.

ഹദ്റത്ത് അലി(റ) പറയുന്നു: 'ഒരിക്കൽ നബി(സ) തിരുമേനിയെ ഖുറയ്ശികൾ പിടികൂടിയിരിക്കുന്നതായി ഞാൻ കണ്ടു. ചിലർ തങ്ങളുടെ ദേഷ്യം പ്രകടിപ്പിക്കുന്നു. മറ്റുചിലർ ബുദ്ധിമുട്ടിക്കുന്നു. നീ എല്ലാ ആരാധ്യന്മാരേയും ഒരൊറ്റ ആരാധ്യനാക്കുകയാണല്ലേ?എന്ന് അവർ ചോദിക്കുന്നുണ്ടായിരുന്നു. അല്ലാഹുവാണ! നബി(സ)തിരുമേനിയുടെ അടുത്ത് ആരെത്തിയാലും ഹദ്റത്ത് അബൂബക്ർ അയാളെ അടിച്ചോടിച്ചിരുന്നു. ചിലരെ ശകാരിച്ചു വിട്ടു. നിങ്ങൾക്ക് നാശമുണ്ടാകുമെന്നും പറഞ്ഞിരുന്നു. അ തഖ്തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹ് തന്റെ നാഥൻ അല്ലാഹുവാണെന്ന് പറഞ്ഞ കാരണത്താൽ നിങ്ങൾ ഒരാളെ വധിക്കാൻ നോക്കുകയാണോ? അങ്ങനെ ഹദ്റത്ത് അലി(റ) തന്റെ പുതപ്പ് മാറ്റി. അദ്ദേഹം എത്രമാത്രം കരഞ്ഞുവെന്നാൽ അദ്ദേഹത്തിന്റെ താടിയും നനഞ്ഞു. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണ! ഫിർഔനിന്റെ കുടുംബത്തിലെ വിശ്വാസിയാണോ അതോ ഹദ്റത്ത് അബൂബക്റാണോ ശ്രേഷ്ഠൻ? ഒരുപക്ഷേ, ഹദ്റത്ത് അലി ഫിർഔനിന്റെ ജനതയിലുള്ള വിശ്വാസിയെ കുറിച്ച് പറഞ്ഞതിന്റെ കാരണം, വിശുദ്ധ ഖുർആനിലുള്ള ആയത്തിൽ തന്റെ വിശ്വാസത്തെ മറച്ചുവെച്ചുകൊണ്ട് ഫിർഔനിന്റെ സദസ്സിൽ **അ തഖ്തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹ്** എന്ന് പറഞ്ഞുകൊണ്ടിരുന്ന വ്യക്തിയെ ആയിരിക്കും സൂചിപ്പിച്ചത്. ഹദ്റത്ത് അലി പറഞ്ഞു: അല്ലാഹുവാണ! ഹദ്റത്ത് അബൂബക്റിന്റെ ഒരു നിമിഷം ഫിർഔനിന്റെ ജനതയിലെ വിശ്വാസി ഭൂമിയിൽ മുഴുവനും ചെയ്തു തീർത്ത നന്മയെക്കാളും ശ്രേഷ്ഠതരമാകുന്നു. കാരണം അയാൾ തന്റെ വിശ്വാസം ഗോപ്യമാക്കി വെച്ചിരിക്കുകയായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ തന്റെ വിശ്വാസം വിളംബരപെടുത്തുകയായിരുന്നു. *(അബൂബക്ർ അസ്സിദ്ദീഖ് ശഖ്സിയ്യ വ അസ്രിഹി, ദുക്തൂർ അലി മുഹമ്മദ് അസ്സ്വല്ലാബീ, പേജ് 38, ദാറു ഇബ്നുകഥീർ, ബെയ്റൂത്ത് 2003)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നമ്മൾ നബി(സ) തിരുമേനിയുടെ ജീവിതത്തിലെ സംഭവങ്ങൾ നോക്കുകയാണെങ്കിൽ ഈ വാദങ്ങളെല്ലാം യാഥാർത്ഥ്യമാണെന്ന് നമ്മൾ കാണുന്നതാണ്. നമുക്ക് ഓരോ ചുവടിലും നബി(സ) തിരുമേനിക്ക് മനുഷ്യ കുലത്തോടുണ്ടായിരുന്ന അതിരറ്റതും മഹത്തായതുമായ സ്നേഹ വാത്സല്യങ്ങളുടെ സംഭവങ്ങൾ കാണാൻ കഴിയും. നബി(സ) തിരുമേനിക്ക് ഏകദൈവത്തിന്റെ സന്ദേശം എത്തിക്കുന്നതിനു വർഷം മുഴുവൻ അനുഭവിക്കേണ്ടി വന്ന യാതനകൾക്ക് ഒരു പരിധിയുമില്ല. ഒരിക്കൽ കഅ്ബയിൽ നിഷേധികൾ നബി(സ) തിരുമേനിയുടെ കഴുത്തിൽ മുണ്ടിട്ട് ചുറ്റി മുറുക്കി. എത്രമാത്രം വലിച്ചു മുറുക്കിയെന്നാൽ നബി(സ)തിരുമേനിയുടെ കണ്ണുകൾ തുറുഞ്ചിപ്പോയി. ഹദ്റത്ത് അബൂബക്ർ ഇതു കേട്ടപ്പോൾ ഉടനെ ഓടിയെത്തി. നബി(സ)തിരുമേനിയുടെ ഈ പ്രയാസകരമായ അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ണുനീർ വന്നു. അദ്ദേഹം നിഷേധികളെ പിടിച്ചുമാറ്റിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവിനെ ഭയപ്പെടുവിൻ. തന്റെ നാഥൻ അല്ലാഹുവാണെന്ന് പറഞ്ഞ കാരണത്താൽ ഒരു വ്യക്തിയെ നിങ്ങൾ ഇത്രമാത്രം ദ്രോഹിക്കുകയാണോ?' *(തഫ്സീറെ കബീർ വാള്യം 7, പേജ് 63-64)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരിക്കൽ ചില ശത്രുക്കൾ നബി(സ) തിരുമേനി തനിച്ചായിരുന്ന സമയത്ത് പിടികൂടി. നബി(സ) തിരുമേനിയുടെ കഴുത്തിൽ മുണ്ടിട്ട് മുറുക്കാൻ തുടങ്ങി. ജീവൻ പൊയ്പോകുന്ന അവസ്ഥവരെയെത്തി. യദൃച്ഛികമായി അബൂബക്ർ അവിടെ വന്നു പെട്ടു. അദ്ദേഹം ആ പ്രയാസത്തിൽനിന്ന് നബി(സ)തിരുമേനിയെ രക്ഷിച്ചു . അപ്പോൾ അവർ അബൂബക്റിനെ മർദിക്കാൻ തുടങ്ങി. അദ്ദേഹം ബോധംകെട്ട് തറയിൽ വീണു.' *(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 257-258)*

അടിമകളെ സ്വാതന്ത്രരാക്കുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അബൂബക്റിനെ കുറിച്ച് നിവേദനങ്ങളുണ്ട്. എഴുതുന്നു: 'ഹദ്റത്ത് അബൂബക്ർ ഇസ്‌ലാം സ്വീകരിച്ച സമയത്ത് അദ്ദേഹത്തിന്റെ കൈയിൽ നാല്പതിനായിരം ദിർഹമുണ്ടായിരുന്നു. അദ്ദേഹം അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാസമനുഭവിക്കുന്ന ഏഴുപേരെ അദ്ദേഹം സ്വന്ത്രരാക്കി. അദ്ദേഹം ഹദ്റത്ത് ബിലാൽ, ആമിർ ബിൻ ഫുഹയ്റ, സിന്നിയ്റ, നഹ്ദിയ്യാ, അവരുടെ മകൾ, ബനീ മുഅമ്മലിലെ ഒരു അടിമ സ്ത്രീ, ഉമ്മു ഉബയ്സ് എന്നിവരെ സ്വാതന്ത്രരാക്കി. ഹദ്റത്ത് ബിലാൽ ബനൂ ജുമുഹയിലെ അടിമയായിരുന്നു. ഉമയ്യ ബിൻ ഖലഫ് അദ്ദേഹത്തെ നിഷ്ഠൂരമായി ദ്രോഹിച്ചിട്ടുണ്ടായിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ബിലാൽ വിശ്വാസിയായപ്പോൾ അദ്ദേഹത്തിന്റെ ഉടമസ്ഥന്മാർ അദ്ദേഹത്തെ നിലത്തുകിടത്തുകയും അദ്ദേഹത്തിനുമേൽ കല്ലുകളും പശുവിന്റെ തോലും വലിച്ചിടുകയും ചെയ്തു. എന്നിട്ട് നിന്റെ നാഥൻ ലാത്തും ഉസ്സയുമാണെന്ന് പറയുന്നുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം അഹദ് അഹദ് എന്ന് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിനടുക്കൽ ഹദ്റത്ത് അബൂബക്ർ വന്നു. എന്നിട്ടു ചോദിച്ചു: 'ഏതുവരെ നിങ്ങൾ ഇദ്ദേഹത്തെ ദ്രോഹിച്ചുകൊണ്ടിരിക്കും?' നിവേദകൻ പറയുന്നു: 'ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ബിലാ


**കലാമുൽ ഇമാം:**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**കലാമുൽ ഇമാം:**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ലിനെ ഏഴു ഔഖിയ കൊടുത്ത് വാങ്ങുകയും സ്വതന്ത്രനാക്കുകയും ചെയ്തു.' അതായത് ഒരു ഔഖിയ എന്ന് പറഞ്ഞാൽ നാല്പത് ദിർഹമാണ്. അങ്ങനെ 280 ദിർഹം കൊടുത്താണ് വാങ്ങിയത്. തുടർന്ന് ഹദ്റത്ത് അബൂബക്ർ, നബി(സ) തിരുമേനിയുടെ സവിധത്തിൽ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: അബൂബക്ർ എന്നെയും അതിൽ പങ്കാളിയാക്കൂ. യാ റസൂലല്ലാഹ് ഞാൻ അദ്ദേഹത്തെ സ്വാതന്ത്രനാക്കിയിരിക്കുന്നു.' *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 175, ബിലാൽ ബിൻ റബാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(ലുഗാത്തുൽഹദീഥ് വാള്യം 1, പേജ് 82, നുഅ്മാനീ കുതുബ് ഖാന ലാഹോർ)*

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ഒരു കറുത്ത വംശജനായ അടിമയായിരുന്നു. അദ്ദേഹം ത്വുഫയ്ൽ ബിൻ അബ്ദില്ലാഹ് ബിൻ സൻജറയുടെ അടിമയായിരുന്നു. ഇയാൾ തന്റെ മാതാവ് മുഖേന ഹദ്റത്ത് ആഇശ(റ)യുടെ സഹോദരനാണ്. ഹദ്റത്ത് ആമിർ ഇസ്‌ലാം സ്വീകരിച്ച പ്രഥമന്മാരിൽ ഉൾപ്പെടുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ഒരുപാട് ബുദ്ധിമുട്ടുകൾക്ക് വിധേയനാക്കപ്പെട്ടു. ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ വാങ്ങുകയും സ്വാതന്ത്രനാക്കുകയും ചെയ്തു. *(ഉസുദുൽഗാബ, വാള്യം 3, പേജ് 31, ആമിർ ബിൻ ഫുഹയ്റ, ദാറുൽകുതുബുൽഇൽമിയ്യ 2003)*

ഹദ്റത്ത് സിന്നീറ റൂമി ഇസ്‌ലാം സ്വീകരിച്ച ആദ്യകാല സ്ത്രീകളിൽ പെട്ടവരായിരുന്നു. ഇവർ ആദ്യകാലത്തുതന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു. മുശ്‌രിക്കീങ്ങൾ അവരെ ദ്രോഹിച്ച് കൊണ്ടിരുന്നു. അവർ ബനൂമഖ്സൂമിന്റെ അടിമസ്ത്രീയായിരുന്നുവെന്ന് പറയപ്പെടുന്നു. അബൂജഹൽ അവരെ ദ്രോഹിക്കാറുണ്ടായിരുന്നു. അവർ ബനൂ അബ്ദുദ്ദാറിന്റെ അടിമയായിരുന്നുവെന്ന് പറയപ്പെടുന്നു. അവർ ഇസ്‌ലാം സ്വീകരിച്ച സമയത്ത് അവർക്ക് കാഴ്ച ശക്തി നഷ്ടപ്പെട്ടിരുന്നു. അപ്പോൾ മുശ്‌രിക്കീങ്ങൾ പറഞ്ഞു: ലാത്തയെയും ഉസ്സയെയും നിഷേധിച്ച കാരണത്താൽ സിന്നീറ അന്ധയായിരിക്കുന്നു. അപ്പോൾ ഹദ്റത്ത് സിന്നീറ പറഞ്ഞു; തന്നെ ആരാധിക്കുന്നവർ ആരെന്നു പോലും ലാത്തും ഉസ്സയും അറിയുന്നില്ല. അപ്പോൾ എന്നെ എങ്ങനെ അവ അന്ധയാക്കാനാണ്? അവയുടെ കണ്ണുകൾക്കുതന്നെ കാഴ്ചയില്ല. എന്റെ കാര്യം വാനലോകത്ത് നിന്നുള്ളതാണ്. അല്ലാഹുവിന്റെ ഹിതമാണ് എന്റെ കാഴ്ച നഷ്ടപ്പെട്ടത്. എന്റെ റബ്ബ് എന്റെ കാഴ്ച തിരിച്ചുതരാനും കഴിവുള്ളവനാകുന്നു. ഇതായിരുന്നു അവർ നിഷേധികൾക്ക് കൊടുത്തിരുന്ന മറുപടി. അടുത്ത ദിവസം പ്രഭാതത്തിൽ, അതായത് രാത്രി ഉറങ്ങി എഴുന്നേറ്റപ്പോൾ അവർക്ക് കാഴ്ച തിരിച്ചുകിട്ടുകയും കാഴ്ച ശക്തി ശരിയാവുകയും ചെയ്തിട്ടുണ്ടായിരുന്നു. അപ്പോൾ ഖുറയ്ശികൾ പറഞ്ഞു: 'ഇത് മുഹമ്മദിന്റെ ജാലവിദ്യകൊണ്ട് ഉണ്ടായതാണ്.' ഹദ്റത്ത് അബൂബക്ർ അവർക്ക് മേലെയുണ്ടായ പ്രായസങ്ങൾ കണ്ടപ്പോൾ അവരെ വാങ്ങുകയും സ്വാതന്ത്ര്യയാക്കുകയും ചെയ്തു. *(ഉസുദുൽഗാബ, വാള്യം 6(അന്നിസാഅ്), സിന്നീറ റൂമിയ പേജ് 127, ദാറുൽഫികർ ബെയ്റൂത്ത് 2003)*

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്. ഇൻശാഅല്ലാഹ് സ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള മറ്റു ചില സംഭവങ്ങളുമുണ്ട്.

---

പേജ് 5 ൽ നിന്ന്

ദിലെ അബൂബക്റിന്റെതല്ലാത്ത എല്ലാ ജനലുകളും അടയ്ക്കുക. *(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വലാത്ത് ഹദീഥ് നമ്പർ 467)*

നമ്മുടെ റിസർച്ച് സെൽ ഇവിടെ ഈ പ്രശ്നം ഉന്നയിച്ചിരിക്കുന്നു. അവരുടെ ചോദ്യം ശരിതന്നെയാണ്. ഈ നിവേദനത്തിൽനിന്ന് സ്ഥാപിതമാകുന്നത് നബി(സ)തിരുമേനി ആരെയെങ്കിലും മിത്രമാക്കുമായിരുന്നെങ്കിൽ ഹദ്റത്ത് അബൂബക്റിനെ ആക്കുമായിരുന്നു. പക്ഷേ, ആക്കിയില്ല. ഇക്കാര്യത്തിന്റെ വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ ഒരിടത്ത് നല്കിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)'നബി(സ)തിരുമേനിയുടെ ഖൗൽ 'ആരെയെങ്കിലും മിത്രമാക്കുമായിരുന്നെങ്കിൽ ഹദ്റത്ത് അബൂബക്റിനെ ആക്കുമായിരുന്നു'എന്നതിന് വിശദീകരണം നല്കിക്കൊണ്ടു പറയുന്നു:'ഈ വാക്യവും വിശദീകരണാർഹമാണ്. ഹദ്റത്ത് അബൂബക്റിനെ നബി(സ) തിരുമേനി സുഹൃത്താക്കിയിരുന്നു. അപ്പോൾപ്പിന്നെ ഇതിന്റെ അർഥമെന്താണ്? കാര്യമെന്താണെന്നാൽ മൈത്രി, സ്നേഹം എന്നു പറയുന്നത് നാഡിഞരമ്പുകളിൽ തുളഞ്ഞുകയറണം. അത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയും അവനുവേണ്ടി മാത്രം പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതുമാണ്. മറ്റുള്ളവരോടു വെറും സഹോദരബന്ധവും സാഹോദര്യവുമാണ്. 'ഖുല്ലത്തി'ന്റെ പൊരുൾത്തന്നെ ഉള്ളിൽ തുളഞ്ഞു കയറുക എന്നതാണ്. അതായത് 'ഖുല്ലത്തി'ന്റെ ഉന്നതതരത്തിലുള്ള തിരിച്ചറിവ് ഇതുതന്നെയാണ്. ഉന്നതമായ സ്ഥാനമാണ്.'ഹദ്റത്ത് യൂസുഫ് സുലയ്ഖയുടെ ഉള്ളിൽ തുളഞ്ഞു കയറിയിരുന്നതുപോലെ. അതുകൊണ്ട് ഈ അർഥമാണ് നബി(സ)തിരുമേനിയുടെ ഈ പരിശുദ്ധ വാക്യത്തിന്റേത്. അല്ലാഹുവിന്റെ സ്നേഹത്തിൽ ആരും പങ്കാളിയല്ല. ലോകത്ത് ആരെയെങ്കിലും മിത്രമാക്കുമായിരുന്നെങ്കിൽ അബൂബക്റിനെ ആക്കുമായിരുന്നു.' *(മൽഫൂദാത്ത് വാള്യം 8, പേജ് 277)*

അല്ലാഹുവിന് ഒരു സ്ഥാനമുണ്ട്. അതുപോലുള്ള സ്ഥാനം ആർക്കും ലഭ്യമല്ല. എന്നാൽ, എന്തായാലും ഇഹലോകത്തെ സ്നേഹം, അതിൽ ആരെങ്കിലുമായി സ്നേഹബന്ധമുണ്ടെങ്കിൽ അത് അബൂബക്റിന്റേതാണ്. അതായത് സുഹൃത്ബന്ധമുണ്ടായിരുന്നു. എന്നാൽ, അല്ലാഹുമായുള്ള സ്നേഹത്തിന്നെതിരിൽ അത് സുഹൃത്ബന്ധമാണെന്നെ പറയാൻ പറ്റുകയില്ല. ജനങ്ങളിൽ ആരെയെങ്കിലും അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ ആരെങ്കിലും സ്നേഹിക്കുക എന്നത് ഒരു നബിക്ക് പ്രത്യേകിച്ചും നബി(സ)തിരുമേനിക്ക് സാധ്യമെ അല്ലായിരുന്നു. അത് ഉണ്ടാകുകതന്നെയില്ല. ഭൗതികയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും കാര്യം സാധ്യമാകുമായിരുന്നെങ്കിൽ അവിടെയാണ് നബി(സ)തിരുമേനി പറഞ്ഞത്, ആ സ്ഥാനത്തിന്റെ ഏറ്റവും നല്ല അവകാശി അബൂബക്റാണെന്ന്!

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

അവിടത്തെ സംജ്ഞാനാമം എന്തായിരുന്നു? ഹദ്റത്ത് അബൂബക്ർ(റ)ന്റെ സംജ്ഞാനാമം അബൂബക്ർ എന്നായിരുന്നു. അതിന് ഒന്നിലധികം കാര്യങ്ങൾ വിവരിക്കപ്പെടുന്നുണ്ട്. ചിലരുടെ പക്കൽ യുവാവായ ഒട്ടകത്തിനാണ് 'ബക്ർ' എന്നു പറയുന്നത്. ഹദ്റത്ത് അബൂബക്റിന് ഒട്ടകത്തെ പരിപാലിക്കുന്നതിലും അതിന്റെ കാര്യങ്ങൾ നോക്കുന്നതിലും വളരെ താൽപര്യവും പ്രാവീണ്യവുമുണ്ടായിരുന്നു. അതുകൊണ്ട് ആളുകൾ അദ്ദേഹത്തെ അബൂബക്ർ എന്നു പറയാൻ തുടങ്ങി. 'ബക്ർ'ന്റെ ഒരു അർഥം വേഗം ചെയ്യുക എന്നുമുണ്ട്. തുടക്കം കുറിക്കുക എന്നുമുണ്ട്. ചിലർ പറയുന്നതനുസരിച്ച് ഈ സംജ്ഞാനാമം പതിഞ്ഞത് അവിടന്ന് ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചതുകൊണ്ടാണ്. ഇന്നഹ ബക്കറ ഇലൽഇസ്‌ലാമി ഖബ്‌ല ഗയ്‌രിഹീ. അദ്ദേഹം മറ്റുള്ളവരെക്കാൾ മുമ്പേ ഇസ്‌ലാം സ്വീകരിച്ചു. *(അശറമുബശ്ശിറ, ബശീർ സാജിദ്, പേജ് 41, അൽബദ്ർ പബ്ലിക്കേഷൻസ് 2000)*

അല്ലാമ സംഘശ്‌രി എഴുതിയിരിക്കുന്നു. അദ്ദേഹത്തിന് പരിശുദ്ധ സ്വഭാവങ്ങളിൽ ഇബ്തികാർ അതായത് മുൻപന്തിയിൽ ആയ കാരണത്താൽ അബൂബക്ർ എന്ന് പറയാറുണ്ടായിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം 1, പേജ് 390, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ഹദ്റത്ത് ആഇശ(റ) അവിടത്തെ ആകൃതിയെ കുറിച്ച് പറയുന്നു: അവർ നടന്നുപോകുന്ന ഒരു അറബിയെ കണ്ടു. അവർ ആ സമയത്ത് അവരുടെ അമ്പാരിയിലായിരുന്നു. ഹദ്റത്ത് ആഇശ(റ)പറഞ്ഞു: ഞാൻ അയാളെക്കാളേറെ അബൂബക്റിനോടു സാദൃശ്യമുള്ള വ്യക്തിയെ കണ്ടിട്ടില്ല. നിവേദകൻ പറയുന്നു. ഞങ്ങൾ പറഞ്ഞു: ഞങ്ങൾക്ക് അങ്ങ് ഹദ്റത്ത് അബൂബക്ർ(റ)ന്റെ ആകൃതിയെ കുറിച്ച് പറഞ്ഞു തന്നാലും. അപ്പോൾ ഹദ്റത്ത് ആഇശ(റ)പറഞ്ഞു:ഹദ്റത്ത് അബൂബക്ർ വെളുത്തയാളായിരുന്നു. മെല്ലിച്ച ശരീരമായിരുന്നു. കവിളുകളിൽ മാംസം കുറവായിരുന്നു. നടുവ് അല്പം വളഞ്ഞതായിരുന്നു. അല്പം കുനിഞ്ഞതായിരുന്നു. അവിടത്തെ മുണ്ടും അരയിൽ നില്ക്കുമായിരുന്നില്ല. താഴേക്ക് വഴുതിപ്പോകുമായിരുന്നു. മാംസം കുറവുള്ള മുഖമായിരുന്നു. കണ്ണുകൾ ഉള്ളിലേക്കായിരുന്നു. നെറ്റിത്തടം ഉയർന്നതായിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 140, അബൂബക്ർ സിദ്ദീഖ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)*

ഹദ്റത്ത് ഇബ്നുഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: അഹങ്കരിച്ചുകൊണ്ട് വല്ലവനും വസ്ത്രം വലിച്ചിഴച്ചുനടന്നാൽ പരലോക ദിനം അല്ലാഹു അവന്റെ നേർക്ക് നോക്കുകയില്ല. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: ഞാൻ പ്രത്യേകം സൂക്ഷിച്ചില്ലെങ്കിൽ എന്റെ മുണ്ടിന്റെ തല താഴ്ന്നേ കിടുക്കുകയുള്ളൂ. നബി(സ) തിരുമേനി പറഞ്ഞു: 'താങ്കളത് അഹങ്കരിച്ചു ചെയ്യുന്നതല്ലല്ലോ.'*(സ്വഹീഹുൽബുഖാരി കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ)ഹദീഥ് 3665)*

ഹദ്റത്ത് അബൂബക്ർ(റ) മൈലാഞ്ചിയും 'കതമും'കൊണ്ട് ഡൈ ചെയ്യാറുണ്ടായിരുന്നു. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽഫളാഇൽ നിവേദനം 6073)*

'കതമ്' ഒരു ചെടിയാണ്. അത് പർവതമുക

ളിലാണ് വളരുന്നത്. അത് 'വസ്മ'യോടു ചേർത്താണ് പുരട്ടുന്നത്. അതുമുഖേന മുടിക്ക് കറുപ്പുനിറം നല്കുന്നു. *(ലിസാനുൽഅറബ് 'കതമ്' എന്ന പദം)*

ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്ര്(റ)ന്റെ ജോലിയേയും ഖുറയ്ശികളിൽ അവിടത്തെ സ്ഥനത്തേയും സംബന്ധിച്ച് താരീഖ് ത്വബരിയിൽ എഴുതിയിരിക്കുന്നു: അബൂബക്ര് തന്റെ ജനതയിൽ സ്വീകാര്യനും പ്രിയപ്പെട്ടവനുമായിരുന്നു. അദ്ദേഹം മൃദുലഹൃദയനായിരുന്നു. ഖുറയ്ശിലെ വംശാവലിയും അതിന്റെ നല്ല വശങ്ങളും ചീത്തവശങ്ങളും നല്ലവണ്ണം അറിയുന്ന ആളായിരുന്നു. അദ്ദേഹം കച്ചവടക്കാരനായിരുന്നു. സൽസ്വഭാവത്തിന്റേയും നന്മകളുടേയും ഉടമയായിരുന്നു. അദ്ദേഹത്തിന്റെ ജനതയിലെ ആളുകൾ ഒന്നിലധികം കാര്യങ്ങൾ കാരണത്താൽ അദ്ദേഹത്തിന്റെ അടുക്കൽ വരുമായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ വരികയും സ്നേഹിക്കുകയും ചെയ്തിരുന്നു. അതായത് അദ്ദേഹത്തിന്റെ പാണ്ഡിത്യം കാരണത്താൽ, അനുഭവപരിചയവും കാരണത്താൽ, അവിടത്തെ നല്ല മജ്‌ലിസുകൾ കാരണത്താൽ! *(താരീഖ് ത്വബരി, വാല്യം 1, പേജ് 540, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ എഴുതുന്നു: ഖുറയ്ശികളിലെ എല്ലാ ജനതയും കച്ചവടക്കാരായിരുന്നു. അതിലെ ഓരോ വ്യക്തിയും അതിൽ വ്യാപൃതരുമായിരുന്നു. അങ്ങനെ അബൂബക്റും വലുതായി വസ്ത്രവ്യാപാരം തുടങ്ങി. അതിൽ അദ്ദേഹം അസാധാരണമായ അഭിവൃദ്ധി കരസ്ഥമാക്കി. അധികം താമസിയാതെ മക്കയിലെ വിജയികളായ വ്യാപാരികളിൽ ഉൾപ്പെടാൻ തുടങ്ങി. വ്യാപാരത്തിന്റെ വിജയത്തിൽ അദ്ദേഹത്തിന്റെ ആകർഷണീയമായ വ്യക്തിത്വത്തിനും അതുല്യമായ ധാർമികഗുണങ്ങൾക്കും വലിയ പങ്കുണ്ട്. *(ഹദ്റത്ത് അബൂബക്ര് സിദ്ദീഖ് അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം ശെയ്ഖ് മുഹമ്മദ് അഹ് മദ് പാനിപ്പത്തി, പേജ് 41, ഇൽമ് വ ഇർഫാൻ പബ്ലീഷേർസ് ലാഹോർ 2004)*

നബി(സ) തിരുമേനി ദൈവനിയോഗിതനായ നേരത്ത് ഹദ്റത്ത് അബൂബക്റിന്റെ മൂലധനം 40,000 ദിർഹമായിരുന്നു. അതിൽനിന്ന് അദ്ദേഹം അടിമകളെ മോചിപ്പിക്കുകയും മുസ്‌ലിമീങ്ങളെ സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം മദീനയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നത് വെറും 5000 ദിർഹമായിരുന്നു. *(അൽഇസ്വാബ ഫീ തമീസിസ്സഹാബ, വാല്യം 4, പേജ് 148, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2005)*

ഇസ്‌ലാമിനു മുമ്പേയുണ്ടായിരുന്ന ചില സംഭവങ്ങൾ. ഹദ്റത്ത് അബൂബക്ര്(റ) തന്റെ സാമ്പത്തിക ശേഷിയും ഉന്നതമായ ധാർമിക ഗുണങ്ങളും കാരണത്താൽ ഖുറയ്ശികളിൽ ഉന്നതസ്ഥാനമുള്ള ആളായിരുന്നു. അദ്ദേഹം ഖുറയ്ശീ നേതാക്കളിൽപ്പെട്ടയാളായിരുന്നു. അവരുടെ അഭിപ്രായങ്ങളുടെ അച്ചുതണ്ടായിരുന്നു. ഏറ്റവുമധികം പരിശുദ്ധരും നന്മനിറഞ്ഞവരുമായവരിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. ആദരണീയനായ നേതവും ധർമശീലനും ധാരാളം ധനം ചെലവഴിക്കുന്ന വ്യക്തിയുമായിരുന്നു. തന്റെ ജനതയിൽ എല്ലാവർക്കും പ്രിയങ്കരനും സ്നേഹിതനുമായിരുന്നു. നല്ല മജ്‌ലിസുകാരനായിരുന്നു. സ്വപ്നശാസ്ത്രത്തിൽ നല്ല അറിവുണ്ടായിരുന്നു. അതായത് അദ്ദേഹത്തിന് ഇതുസംബന്ധമായി നല്ല വിവരമുണ്ടായിരുന്നു. സ്വപ്നശാസ്ത്രത്തിന്റെ വലിയ പണ്ഡിതനായിരുന്നു ഇബ്നുസീരീൻ പറയുന്നു: നബി(സ)തിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്റാണ് ഈ സമുദായത്തിന്റെ ഏറ്റവും വലിയ പണ്ഡിതൻ. ജനങ്ങളിൽ ഏറ്റവുമധികം അറബികളുടെ വംശപരമ്പര അറിയുന്നയാളായിരുന്നു.'

ജുബയ്ര് ബിൻ മുത്യിം വംശപരമ്പരാ പാണ്ഡിത്യത്തിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ വംശാവലിയുടെ അറിവ് ഹദ്റത്ത് അബൂബക്റിൽനിന്നാണ് കരസ്ഥമാക്കിയത്. പ്രത്യേകിച്ചും ഖുറയ്ശികളുടെ വംശാവലി. കാരണം ഹദ്റത്ത് അബൂബക്ര്(റ)ഖുറയ്ശികളിൽനിന്നുള്ള ഖുറയ്ശികളുടെ മാതാപിതാക്കളുടെ വംശക്രമങ്ങളും അവരുടെ വംശത്തിലുണ്ടായിരുന്ന നന്മകളും ദോഷങ്ങളും ഏറ്റവും നല്ലവണ്ണം അറിയുന്ന ആളായിരുന്നു. അദ്ദേഹം അവരുടെ തിന്മകളെ കുറിച്ച് ചർച്ച ചെയ്തിരുന്നില്ല. അതായത് ഹദ്റത്ത് അബൂബക്ര്(റ)അവരുടെ ദോഷങ്ങൾ പറഞ്ഞിരുന്നില്ല. ഇക്കാരണത്താൽ അദ്ദേഹം ഹദ്റത്ത് അഖീൽ ബിൻ അബൂത്വാലിബിനെ അപേക്ഷിച്ച് അവരിൽ കൂടുതൽ സ്വീകാര്യനായിരുന്നു. ഹദ്റത്ത് അബൂബക്റിനുശേഷം ഖുറയ്ശികളുടെ മാതാപിതാക്കളുടെ വംശക്രമങ്ങളും അവരുടെ വംശത്തിലുണ്ടായിരുന്ന നന്മകളും ദോഷങ്ങളും ഏറ്റവും നല്ലവണ്ണം അറിയുന്നയാൾ അഖീലായിരുന്നു. എന്നാൽ, ഹദ്റത്ത് അഖീൽ ഖുറയ്ശികൾക്ക് ഇഷ്ടപ്പെട്ടയാളായിരുന്നില്ല. കാരണം അദ്ദേഹം ഖുറയ്ശികളുടെ കുറ്റങ്ങൾ എടുത്തുപറയുമായിരുന്നു. ഹദ്റത്ത് അഖീൽ(റ)മസ്ജിദ് നബ്‌വിയിൽ വംശങ്ങളുടെ പേരുകളും അറബികളുടെ അവസ്ഥകളും സംഭവങ്ങളും കരസ്ഥമാക്കുന്നതിന് ഹദ്റത്ത് അബൂബക്റിന്റെ അടുത്ത് വന്നിരിക്കാറുണ്ടായിരുന്നു.'

മക്കക്കാരുടെ പക്കൽ ഹദ്റത്ത് അബൂബക്ര് അവരുടെ ഉന്നതരായവരിൽപ്പെട്ടയാളാണ്. അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അവർ അദ്ദേഹത്തിൽനിന്ന് സഹായം തേടുമായിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 1, പേജ് 390, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002)*

മക്കയിൽതാമസക്കാരായ എല്ലാഗോത്രങ്ങളും കഅ്ബയ്ക്ക് ചേർന്നവിധം എന്തെങ്കിലുമൊക്കെ അധികാരം ലഭിച്ചവരായിരുന്നു. എന്തെങ്കിലുമൊക്കെ ജോലികൾ അവർക്ക് ഏല്പിക്കപ്പെട്ടിരുന്നു. ബനൂ അബ്ദുൽമനാഫിന്റെ ജോലി ഹാജിമാർക്ക് വെള്ളം എത്തിക്കുകയും അവർക്ക് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുകയുമായിരുന്നു. യുദ്ധനേരത്ത് പതാകവഹിക്കലും കഅ്ബയുടെ സംരക്ഷണവും ദാറുന്നദവയുടെ ഏർപാടുകളുമൊക്കെ ബനൂഅബ്ദുദ്ദാറിനായിരുന്നു. സൈന്യങ്ങളുടെ നേതൃത്വം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഗോത്രമായ ബനൂമഖ്സൂമിനായിരുന്നു. നഷ്ടപരിഹാരവും രക്തപരിഹാരധനവും സ്വരുക്കൂട്ടുന്ന ജോലി ഹദ്റത്ത് അബൂബക്റിന്റെ ഗോത്രമായ ബനൂ തയ്മ് ബിൻ മുർറയുടെ ജോലിയായിരുന്നു. ഹദ്റത്ത് അബൂബക്ര് സ്വിദ്ദീഖ്(റ)യുവാവായപ്പോൾ ഈ സേവനം അദ്ദേഹത്തെ ഏല്പിച്ചു. *(ഹദ്റത്ത് അബൂബക്ര് സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജിം പേജ് 59)*

ഹദ്റത്ത് അബൂബക്ര്(റ) ഏതെങ്കിലും രക്തപരിഹാരധനത്തെ സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഖുറയ്ശികൾ അതു സാക്ഷ്യപ്പെടുത്തുമായിരുന്നു. ആ തീരുമാനം പരിഗണിക്കുമായിരുന്നു. അദ്ദേഹം അല്ലാതെ മറ്റാരെങ്കിലും തീരുമാനമെടുത്താൽ ഖുറയ്ശികൾ അതു ഉപേക്ഷിച്ചു കളയുമായിരുന്നു. അതിനെ സാക്ഷ്യപ്പെടുത്തുമായിരുന്നില്ല. *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ , വാല്യം 3, പേജ് 311, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽഫിക്ര് ബെയ്റൂത്ത്, 2008)*

ഹിൽഫുൽ ഫുളൂലിൽ ഹദ്റത്ത് അബൂബക്റും പങ്കെടുത്തിരുന്നു. സാധുക്കളെ സഹായിക്കുക, ന്നു. പീഢിപ്പിക്കപ്പെട്ടവരെ സഹായിക്കുക എന്നത് അതിലെ പ്രധാനപ്പെട്ട പ്രതിജ്ഞയായിരുന്നു. ഇതിനെ സംബന്ധിച്ച് പഴയകാലത്ത് അറേബ്യയിലെ ചില മാന്യന്മാരായ വ്യക്തികളുടെ ചിന്തയിലുണ്ടായതാണിത്. അതായത് അവകാശം ധ്വംസിക്കപ്പെട്ടവർക്ക് അവരുടെ അവകാശം വാങ്ങികൊടുക്കാൻ ശ്രമിക്കുമെന്നും അക്രമികളെ അക്രമത്തിൽനിന്ന് തടയുമെന്നും കൂടിച്ചേർന്ന് പ്രതിജ്ഞചെയ്യണമെന്ന് തീരുമാനിച്ചു. അറബിയിൽ 'ഫഖ്'എന്നതിന് 'ഫള്ൽ' എന്നും പറയുന്നു. അതിന്റെ ബഹുവചനമാണ് 'ഫുളൂൽ'. അതുകൊണ്ടാണ് ഈ പ്രതിജ്ഞയുടെ നാമം 'ഹിൽഫുൽഫുളൂൽ' എന്ന് വെക്കപ്പെട്ടത്. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, ഈ പദ്ധതിയുടെ സൂത്രധാരകന്റെ പേരിൽ 'ഫള്ൽ' എന്ന പദമുണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് 'ഹിൽഫുൽഫുളൂൽ' എന്ന പേരിൽ ഈ പ്രതിജ്ഞ പ്രശസ്തമായതെന്നുമാണ്. എന്തായാലും ഫുജ്ജാർ യുദ്ധത്തിനുശേഷം ഈ യുദ്ധത്തിൽ ആകർഷിതരായിട്ടാണെന്ന് തോന്നുന്നു ഈ പ്രതിജ്ഞ വീണ്ടും പുതുക്കപ്പെടേണ്ടതാണെന്ന വിചാരം നബി(സ)തിരുമേനിയുടെ പിതൃസഹോദരൻ സുബയ്ര് ബിൻ അബ്ദുൽമുത്ത്വലിബിന്റെ മനസ്സിലുണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ ആഹ്വാനമനുസരിച്ച് ചില ഖുറയ്ശിഗോത്രങ്ങളുടെ പ്രതിനിധികൾ അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ വീട്ടിൽ സംഘടിച്ചു. അവിടെ അബ്ദുല്ലാഹ് ബിൻ ജുദ്ആൻ ഒരു വിരുന്നും ഒരുക്കിയിരുന്നു. പിന്നീട് എല്ലാവരും ചേർന്ന് സത്യം ചെയ്തു: ഞങ്ങൾ സാധുക്കളെ സഹായിക്കുന്നതാണ്. പീഢിപ്പിക്കപ്പെട്ടവരെ സഹായിക്കുന്നതാണ്!ഈ പ്രതിജ്ഞയിൽ പങ്കെടുത്തവരിൽ ബനൂഹാശിം, ബനൂമുത്ത്വലിബ്, ബനൂ അസദ്, ബനൂ സുഹ്റ, ബനൂ തയ്മ് എന്നിവർ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനിയും ആ അവസരത്തിൽ സന്നിഹിതനായിരുന്നു. പ്രതിജ്ഞയിൽ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി നുബുവ്വത്ത് കാലത്ത് ഒരിക്കൽ പറഞ്ഞു:ഞാൻ അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ വീട്ടിൽ എങ്ങനെയുള്ള ഒരു പ്രതിജ്ഞയിലാണ് പങ്കെടുത്തതെന്നാൽ ഇന്ന് ഇസ്‌ലാമിന്റെ കാലത്തും ആരെങ്കിലും അതിലേക്ക് വിളിച്ചാൽ ഞാൻ അതിന് ലബ്ബയ്ക്ക് പറയുന്നതായിരിക്കും." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 104-105)*

ഒരു ഗ്രന്ഥകർത്താവ് ഹദ്റത്ത് അബൂബക്റും ഹിൽഫുൽഫുളൂലിൽ പങ്കെടുത്തതിനെ സംബന്ധിച്ച് എഴുതുന്നു:'ഈ കമ്മിറ്റിയിൽ നബി(സ)തിരുമേനിയും പങ്കെടുത്തിരുന്നു. അവിടത്തോടൊപ്പം ഹദ്റത്ത് അബൂബക്റും പങ്കെ

ടുത്തു.'*(സയ്യിദുനാ സിദ്ദീഖെ അക്ബർ കെ ശബ് വ റോസ്, മുഹമ്മദു ഹുദയ്ഫ ലാഹോരി, പേജ് 19, മക്തബത്തുൽഹർമയ്ൻ ലാഹോർ)*

ദൗത്യത്തിനുമുമ്പേ നബി(സ) തിരുമേനിയുമായുള്ള അവിടത്തെ ബന്ധത്തിന്റേയും സുഹൃത്ബന്ധത്തിന്റേയും അവസ്ഥ ഇങ്ങനെ വിവരിക്കപ്പെട്ടിട്ടുണ്ട്: ഇബ്നു ഇസ്ഹാഖും അദ്ദേഹത്തിനുപുറമെ മറ്റു ചിലരും വിവരിച്ചിരിക്കുന്നു: ദൗത്യ പ്രഖ്യാപനത്തിനുമുമ്പേതന്നെ ഹദ്റത്ത് അബൂബക്ർ, നബി(സ) തിരുമേനിയുടെ കൂട്ടുകാരനായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ സത്യസന്ധത, വിശ്വസ്തത, അവിടത്തെ പരിശുദ്ധ പ്രകൃതി, ഉദാത്തമായ ധാർമിക ഗുണങ്ങൾ തുടങ്ങിയവയെ കുറിച്ച് നല്ലവണ്ണം അറിഞ്ഞിരുന്നു. ജാഹിലിയ കാലഘട്ടത്തിലും ഹ്ദറത്ത് അബൂബക്ർ(റ)നബി(സ)തിരുമേനിയുടെ സുഹൃത്തായിരുന്നുവെന്ന് മറ്റൊരു നിവേദനത്തിലും പറയുന്നുണ്ട്. *(അൽബിദായ വന്നിഹായ, വാള്യം 2, ഭാഗം 3, പേജ് 29-32, ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

സയ്റുസ്സ്വഹാബയിൽഎഴുതിയിരിക്കുന്നു: നബി(സ)തിരുമേനിയോടു കുട്ടിക്കാലംമുതലെ അദ്ദേഹത്തിന് അതായത് ഹദ്റത്ത് അബൂബക്റിന് പ്രത്യേക സ്നേഹവും ഇഷ്ടവുമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ സ്നേഹവൃത്തത്തിലുള്ള ആളായിരുന്നു. മിക്ക കച്ചവടയാത്രകളിലും കൂടെപ്പോകാൻ ഭാഗ്യം കിട്ടിയിരുന്നു.*(സയ്റുസ്സഹാബ, വാള്യം 1, ഭാഗം 1, പേജ് 56)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ദൗത്യപ്രഖ്യാപനത്തിനുമുമ്പേയുള്ള നബി(സ)തിരുമേനിയുടെ സ്നേഹവൃത്തത്തിലുണ്ടായിരുന്നവരെ കുറിച്ച് എഴുതിയിരിക്കുന്നു:'ദൗത്യപ്രഖ്യാപനത്തിനുമുമ്പേ നബി(സ)തിരുമേനിയുടെ സുഹൃത്പരമായ ബന്ധങ്ങളുടെ വൃത്തം വളരെ പരിമിതമായി കാണുന്നു. വാസ്തവത്തിൽ ആരംഭംമുതൽതന്നെ അവിടത്തെ പ്രകൃതി ഏകാന്തതയാണ് ഇഷ്ടപ്പെട്ടിരുന്നത്. അവിടന്ന് തന്റെ ജീവിതത്തിന്റെ ഒരു ഭാഗത്തും മക്കയിലെ പൊതുസൊസൈറ്റിയിൽ ഒഴിഞ്ഞും നിറഞ്ഞും ഇടപഴകിയിരുന്നില്ല. എന്നാലും സുഹൃത്പരമായി ബന്ധമുണ്ടായിരുന്ന ചിലയാളുകളുണ്ടായിരുന്നു. അവരിൽ മുന്നിലുള്ളത് ഹദ്റത്ത് അബൂബക്റാണ്. അതായത് അബ്ദുല്ലാഹ് ബിൻ അബൂഖുഹാഫ. അദ്ദേഹം ഖുറയ്ശികളിലെ ഒരു ഉന്നത കുടുംബവുമായി ബന്ധമുള്ള ആളായിരുന്നു. തന്റെ മാന്യതയും കഴിവും കൊണ്ട് വളരെ ആദരദൃഷ്ടിയോടെ, ജനത അദ്ദേഹത്തെ കണ്ടിരുന്നു. രണ്ടാം സ്ഥാനത്ത് ഹക്കീം ബിൻ ഹിസാമായിരുന്നു. അദ്ദേഹം ഖദീജയുടെ സഹോദരപുത്രനായിരുന്നു. ഇദ്ദേഹം അങ്ങേയറ്റം സൽപ്രകൃതക്കാരനായിരുന്നു. തുടക്കത്തിൽ അദ്ദേഹം ഇസ്ലാമിൽ വന്നിരുന്നില്ല. പക്ഷേ, ആ അവസ്ഥയിലും നബി(സ) തിരുമേനിയോടു വളരെ സ്നേഹവും ആത്മാർഥതയും പുലർത്തിയിരുന്നു. അവസാനം ഭാഗ്യപ്രകൃതി ഇസ്ലാമിലേക്ക് വലിച്ചുകൊണ്ടുവന്നു. സയ്ദ് ബിൻ അംറുമായും നബി(സ)തിരുമേനിക്ക് ബന്ധങ്ങളുണ്ടായിരുന്നു. ഈ സാഹിബ് ഹദ്റത്ത് ഉമർ(റ)ന്റെ അടുത്ത ബന്ധുവായിരുന്നു. ജാഹിലിയ കാലത്തുതന്നെ ബിംബാരാധന ഉപേക്ഷിച്ചവരിൽപ്പെട്ടവരായിരുന്നു. ദീനെ ഇബ്റാഹീമുമായി തന്നെ ബന്ധപ്പെടുത്തി പറയുമായിരുന്നു. എന്നാൽ ഇദ്ദേഹം ഇസ്ലാമിന്റെ കാലത്തിനുമുമ്പേ വഫാത്തായി.'*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പേജ് 114)*

എന്തായാലും നബി(സ) തിരുമേനിയുമായി ബന്ധം വെക്കുന്നവരിൽ ഹദ്റത്ത് അബൂബക്ർ(റ) ഒന്നാം സ്ഥാനത്തായിരുന്നു. ജാഹിലിയ കാലഘട്ടത്തിൽത്തന്നെ ഹദ്റത്ത് അബൂബക്റിന് ബിംബാരാധനയോടു വെറുപ്പും വിരക്തിയുമായിരുന്നു.

ഹദ്റത്ത് അബൂബക്ർ(റ) ജാഹിലിയ കാലഘട്ടത്തിലും ഒരിക്കലും ബിംബാരാധന നടത്തിയിട്ടില്ല. ഏതെങ്കിലും ബിംബത്തിനുമുമ്പിൽ സുജൂദും ചെയ്തിട്ടില്ല. സീറത്തുൽ ഹൽബിയായിൽ എഴുതിയിരിക്കുന്നു:തീർച്ചയായും ഹദ്റത്ത് അബൂബക്ർ ഒരിക്കലും ഏതെങ്കിലും ബിംബത്തിന് സുജൂദുചെയതിട്ടില്ലെന്ന് വിവരിക്കപ്പെടുന്നു. അല്ലാമ ഇബ്നു ജൂസി ഹദ്റത്ത് അബൂബക്റിനെ ജാഹിലിയ കാലഘട്ടത്തിൽ ബിബാരാധന നിഷേധിച്ചവരിലാണ് ഗണിക്കുന്നത്. അതായത് അദ്ദേഹം ഒരിക്കലും ബിംബാരാധന നടത്തിയിട്ടില്ല. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം 1, ബാബു ദിക്റു അവ്വലുന്നാസു ഈമാനൻ പേജ് 384-38, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ജാഹിലായി കാലഘട്ടത്തിൽ അദ്ദേഹത്തിന് മദ്യത്തോടും വെറുപ്പായിരുന്നു. ഹദ്റത്ത് ആഇശ(റ)പറയുന്നു: ഹദ്റത്ത് അബൂബക്ർ ജാഹിലിയ കാലഘട്ടത്തിൽ മദ്യം തന്റെമേൽ നിഷിദ്ധമാക്കിയിരുന്നു. അദ്ദേഹം ജാഹിലിയ കാലത്തോ ഇസ്ലാമിന്റെ കാലത്തോ ഒരിക്കലും മദ്യപിച്ചിരുന്നില്ല. *(കൻസുൽഉമ്മാൽ, ഭാഗം 12, പേജ് 490, മനാഖിബു അബൂബക്ർ (റ), ഹദീഥ് 35609, മുഅസ്സസത്തുർരിസാല ബെയ്റുത്ത് 1985)*

ഒരു നിവേദനത്തിൽ വരുന്നു: നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റെ കൂട്ടത്തിൽ ഹദ്റത്തഅബൂബക്റിനോടു ചോദിക്കപ്പെട്ടു: അങ്ങ് ജാഹിലിയ കാലഘട്ടത്തിൽ എപ്പോഴെങ്കിലും മദ്യപിച്ചിട്ടുണ്ടോ?അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: അഊദുബില്ലാഹ്! ഞാൻ അല്ലാഹുവിനോടു അഭയം തേടുന്നു. അതിനു കാരണമെന്താണ്? എന്ന് ചോദിക്കപ്പെട്ടു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാനെന്റെ അഭിമാനത്തെ കാത്തുസൂക്ഷിച്ചിരുന്നു. എന്റെ പരിശുദ്ധിയെ സംരക്ഷിച്ചിരുന്നു. കാരണം ആരാണോ മദ്യപിക്കുന്നത് അവൻ തന്റെ അഭിമാനവും പരിശുദ്ധിയും നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. നിവേദകൻ പറയുന്നു:ഇക്കാര്യം നബി(സ)തിരുമേനിവരെ എത്തിയപ്പോൾ അവിടന്ന് പറഞ്ഞു:സ്വദഖ അബൂബക്ർൻ, സ്വദഖ അബൂബക്ർൻ. അതായത് അബൂബക്ർ സത്യം പറഞ്ഞു. അബൂബക്ർ സത്യം പറഞ്ഞു. അവിടന്ന് രണ്ടുപ്രാവശ്യം ഇതു പറഞ്ഞു. *(താരീഖുൽഖുലഫാലിസുയൂതി, പേജ് 30, ദാറുൽകിതാബ് അൽ അറബി ബെയ്റുത്ത് 1999)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഇസ്ലാം സ്വീകരണത്തെ സംബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ചിലത് വിശദീകരിച്ചു പറഞ്ഞിട്ടുള്ളതാണ്. ചിലത് ഹ്രസ്വമാണ്. അതും കുറച്ച് വിവരിച്ചുതരികയാണ്. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു, എനിക്കു ബോധംവച്ച കാലംമുതൽ എന്റെ മാതാവും പിതാവും ഇസ്ലാമിലാണ്. നബി(സ)തിരുമേനി രാവിലേയും വൈകുന്നേരവും രണ്ടുനേരവും ഞങ്ങളുടെ വീട്ടിൽ വരാത്തതായ ഒരു ദിവസവും ഞങ്ങളുടെ ജീവിതത്തിൽ കഴിഞ്ഞു കടന്നിട്ടില്ല. *(സ്വഹീഹു ബുഖാരി, കിതാബുൽകഫാല ഹദീഥ് നമ്പർ 2297)*

ഹദ്റത്ത് അബൂബക്ർ ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങളും വിവരിക്കുകയാണ്. ശറഹ് സുർഖാനിയിൽ ഹദ്റത്ത് അബൂബക്ർ ഇസ്ലാം സ്വീകരണ സംഭവം ഇങ്ങനെ വിവരിക്കപ്പെടുന്നു. ഒരു ദിവസം ഹദ്റത്ത് അബൂബക്ർ(റ), ഹക്കീം ബിൻ ഹിസാമിന്റെ വീട്ടിൽ വന്നു. ആ നേരത്ത് അദ്ദേഹത്തിന്റെ അടിമസ്ത്രീയാണ് വന്നത്. അവർ പറയാൻ തുടങ്ങി. നിന്റെ പിതൃസഹോദരി ഖദീജ അവരുടെ ഭർത്താവ് മൂസായെപോലെ നബി എന്ന നിലയിൽ അയക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ ഒന്നും മിണ്ടാതെ അവിടെ നിന്നിറങ്ങി നബി(സ)തിരുമേനിയുടെ അടുത്തെത്തി ഇസ്ലാം സ്വീകരിച്ചു. *(ശറഹ് അൽഅല്ലാമസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 1, പേജ് 447-448, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)*

സീറത്ത് ഇബ്നുഹിശാമിന്റെ ശറഹായ'അർറൗളുൽഅൻഫി'ൽ ഹദ്റത്ത് അബൂബക്റിന്റെ ഒരു സ്വപ്നത്തിന്റേയും ഇസ്ലാം സ്വീകരണത്തിന്റേയും സംഭവം ഇങ്ങനെ വിവരിച്ചിട്ടുണ്ട്. നബി(സ)തിരുമേനിയുടെ ദൗത്യപ്രഖ്യാപനത്തിനുമുമ്പേ ഹദ്റത്ത് അബൂബക്ർ(റ)ഒരു സ്വപ്നം കണ്ടു. ചന്ദ്രൻ മക്കയിൽ ഇറങ്ങിവന്നതായാണ് അദ്ദേഹം കണ്ടത്. പിന്നീട് അത് കഷണംകഷണമായി മക്കയിലെ എല്ലാ സ്ഥലത്തും എല്ലാ വീടുകളിലും വ്യാപിച്ചിരിക്കുന്നതായും കണ്ടു. അതിലെ ഓരോ കഷണവും എല്ലാ വീട്ടിലും പ്രവേശിച്ചു. പിന്നീട് ആചന്ദ്രൻ അവിടത്തെ മടിയിൽ ഒരുമിച്ചുകൂട്ടപ്പെട്ടു. ഹദ്റത്ത് അബൂബക്ർ ഗ്രന്ഥാനുസാരികളുടെ ചില പണ്ഡിതന്മാരോടു ഈ സ്വപ്നത്തെ കുറിച്ച് പറഞ്ഞു. അവർ അതിനെ ഇങ്ങനെ വ്യാഖ്യാനിച്ചു. ജനങ്ങൾ കാത്തിരിക്കുന്ന ആ നബിയുടെ കാലം വന്നിരിക്കുന്നു. താങ്കൾ ആ നബിയെ പിൻപറ്റുന്നതായിരിക്കും. ഇക്കാരണത്താൽ അങ്ങ് ജനങ്ങളിൽ ഏറ്റവുംകൂടുതൽ ഭാഗ്യവാനായിരിക്കും. പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെ ഇസ്ലാമിൽ ക്ഷണിച്ചപ്പോൾ അദ്ദേഹം ഒട്ടും താമസിപ്പിച്ചില്ല. *(അർറൗളുൽ അൻഫ് ഫീ തഫ്സീർ അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം വാള്യം 1, പേജ് 431, 'ഇസ്ലാം അബീബകർ' ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

സുബുലുൽഹുദായിൽ ഹദ്റത്ത് അബൂബക്റിന്റെ ഇസ്ലാം സ്വീകരണത്തെ കുറിച്ച് ഒരു നിവേദനം ഇങ്ങനെ വിവരിച്ചിരിക്കുന്നു: കഅ്ബ് വിവരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഇസ്ലാം സ്വീകരണത്തിന്റെ കാരണം ആകാശത്തു നിന്നിറങ്ങിയ ഒരു വെളിപാടായിരുന്നു. അതിന്റെ വിശദീകരണം ഇങ്ങനെയാണ്:ഹദ്റത്ത് അബൂബക്ർ(റ) ശാമിൽ കച്ചവട ഉദ്ദേശ്യാർഥം പോയിരിക്കുകയായിരുന്നു. അവിടെ അദ്ദേഹം ഒരു സ്വപ്നംകണ്ടു. ആ സ്വപ്നം ബഹീറ പുരോഹിതനോടു പറഞ്ഞു. അപ്പോൾ ബഹീറ പുരോഹിതൻ ചോദിച്ചു, അങ്ങ് എവിടെ നിന്നാണ്? മക്കയിൽനിന്നാ

ശേഷം പേജ് 16 ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

(ബദ്ർ വാല്യം 7 ലക്കം 1–2 പേജ് 16–ൽനിന്ന്)

**(റിപ്പോർട്ട് തുടർച്ച)**

ഒരു അതിഥി ആഇശാ സാഹിബ പറയുന്നു: ഞാൻ ഇസ്‌ലാമിന്റെ മുഖം മറ്റൊരു തരത്തിലാണ് കണ്ടിട്ടുള്ളത്. എന്നാൽ, ഇന്നത്തെ പരിപാടി എനിക്ക് മറ്റൊരു തരത്തിലുള്ള ഇസ്‌ലാമിനെയാണ് പരിചയപ്പെടുത്തിയത്. ഇത് എത്രമാത്രം ഹൃദയസ്പൃക്കാണെന്നാൽ ഇത്തരത്തിലുള്ള പരിപാടികളിൽ പങ്കെടുക്കാൻ എപ്പോഴും സാധിച്ചെങ്കിലെന്നാണ് എന്റെ ആഗ്രഹം.

ഹായിക് ബ്രാഡർ(**Heik Brader**) സാഹിബ പറയുന്നു: അഹ്‌മദിയ്യാ ജമാഅത്ത് ഇമാം ദൈവം സർവ ലോകത്തിന്റേയും പരിപാലകനാണെന്ന് സൂചിപ്പിച്ചു. സർവ ലോകത്തിന്റേയും പരിപാലകൻ എന്നതുപോലെയുള്ള വിശാലമായ വീക്ഷണം ദൈവത്തെ സംബന്ധിച്ച് സമർപ്പിച്ചത് എനിക്ക് വളരെയധികം ഹൃദയസ്പൃക്കായി കാണാൻ കഴിഞ്ഞു. ദൈവം ഏകനായിരിക്കെതന്നെ എല്ലാ മതങ്ങളുടേയും മനുഷ്യരുടേയും സമൂഹങ്ങളുടേയും പരിപാലകനാണെന്നത് വിസ്മയിപ്പിക്കുന്ന കാര്യമാണ്. എല്ലാവരേയും വിവേചനം കൂടാതെ അവൻ പരിപാലിക്കുന്നു!

ഒരു ലോഫോറമിൽ നിന്നുവന്ന ജോച്ചിം മക്കോൾട്ട് (**Joachim Macholdt**) എന്ന വക്കീൽ പറയുന്നു: അഹ്‌മദിയ്യാ ജമാഅത്തിന്റെ ചിന്താധാരയിലുള്ള വിശാലതയിലൽ ഞാനും എന്റെ ഓഫീസും ഒരുപോലെ വിസ്മയത്തിലാണ്. അയൽവാസികളോടുള്ള അവകാശങ്ങൾ വിശദീകരിച്ചുകൊണ്ട് അതിന്റെ വിശദാംശത്തിന്റെ വിശാലത അഹ്‌മദിയ്യാ ജമാഅത്ത് ഇമാം ഇന്ന് വിശദീകരിച്ചു. പട്ടണമാകമാനം ഈ വിശാലതയിൽ ഉൾപ്പെട്ടു.നമ്മുടെ പ്രഥമ വിസ്മയത്തിൽ അത്ഭുതകരമായ മറ്റൊരു കൂട്ടിച്ചേർക്കലാണ് ഇത്. പട്ടണവാസികൾക്ക് അഹ്‌മദിയ്യാ ജമാഅത്തിന്റെ അനുകമ്പയുടേയും ക്ഷേമാന്വേഷണത്തിന്റേയും വൃത്തം കൂടുതൽ വിശാലമാകുന്നു.

ഒരു എൻ ജി ഒ യുടെ തലവനായ ആദരണീയ ഹെന്നിംഗ്സെൻ മൈകെ(**Henningsen Maike**) സാഹിബ പറയുന്നു: ഇവിടുത്തെ ആതിഥ്യമര്യാദയിൽ ഞാൻ വളരെയധികം ആകർഷിതയാണ്. സർ വ്വലോകത്തിനും ശുഭ ഭാവുകങ്ങൾ സൂക്ഷിക്കുന്ന വ്യക്തിയാണ് ഖലീഫയെന്ന് വാക്കുകൾ വ്യക്തമാക്കുന്നു. എല്ലാ മതങ്ങളോടും നല്ല ബന്ധങ്ങൾ ആഗ്രഹിക്കുന്ന വ്യക്തിയാണെന്നും വ്യക്തമാകുന്നു. ഖലീഫയുടെ പ്രഭാഷണങ്ങളിലെ എല്ലാ പോയന്റുകളും സ്തുത്യർഹവും വളരെയധികം ഹൃദയസ്പൃക്കുമാണ്.

ഡെന്നിസ് മേർസ് (**Dennis Merz**)സാഹിബ് പറയുന്നു: എല്ലാ പ്രഭാഷകരേയും ഞാൻ കേട്ടു. എന്നാൽ, അഹ്‌മദിയ്യാ ജമാഅത്ത് ഇമാം മൈക്രോഫോണിന്റെ മുന്നിലൽ നിന്നതോടെ മറ്റൊരു തരത്തിലുള്ള അവസ്ഥ സംജാതമായി. അദ്ദേഹത്തിന്റെ ശബ്ദം, അവതരണ രീതി തികച്ചും തനിമയുള്ളതായിരുന്നു. അത് എന്നിൽ ഒരു ആത്മീയ സ്വാധീനം ഉണ്ടാക്കി. വളരെ ഗഹനതയോടെ അങ്ങയുടെ പ്രഭാഷണം കേട്ടു. നമുക്ക് അദ്ദേഹം നല്കിയ പ്രഭാഷണം കേവലം ഇസ്‌ലാമിനെ കുറിച്ച് മാത്രമല്ലായിരുന്നു, മറിച്ച്, സർവ്വ ലോകത്തിനും വളരെ പ്രാധാന്യം അർഹിക്കുന്നതായിരുന്നു

■ ആദരണീയായ നാൻ(**Nan**) സാഹിബ പറയുന്നു: സൃഷ്ടി സേവനവുമായി ബന്ധപ്പെട്ട് എത്രയധികം ശക്തിയോടെ വിശദീകരണം നല്കിക്കൊണ്ട് നിങ്ങളുടെ ഖലീഫ സംസാരിച്ചോ അത് എന്നെ സംബന്ധിച്ചിടത്തോളം വിസ്മയിപ്പിക്കുന്നതാണ്. കാരണം, പറയുന്ന വ്യക്തിയുടെ ഉള്ളിൽ സൃഷ്ടികളോട് ആഴത്തിലുള്ള അനുകമ്പയില്ലാതെ ഇത്തരം വാക്കുകൾ പറയാൻ സാധിക്കില്ല.

■ കത്തോലിക്കാ ചർച്ചിലെ ഒരു പാതിരി പറയുന്നു: ഞാൻ ഇന്നുവരെ ഇത്ര നല്ല പ്രഭാഷണം കേട്ടിട്ടില്ല. അഹ്‌മദിയ്യാ ജമാഅത്തിന്റെ ഇമാം വിവരിച്ച എല്ലാ വീക്ഷണങ്ങളോടും ഞാൻ പൂർണമായും യോജിക്കുന്നു. സ്നേഹിക്കലും ദൈവത്തിനോടുള്ള കടമകൾ നിർവഹിക്കലുമെല്ലാം എനിക്ക് ലഭിച്ച അധ്യാപനത്തിലുമുണ്ട്. ഇസ്‌ലാമിന്റെ ദൈവത്തെ കുറിച്ച് ഇത്ര ഗഹനീയവും വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമായ അവലോകനം ഇന്നുവരെ ഞാൻ കേട്ടിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തെ പൂർണ വാദത്തോടെ സമർപ്പിച്ചുകൊണ്ട് എല്ലാ മതങ്ങളുടേയും രാജ്യങ്ങളുടേയും എല്ലാ മാനുഷിക തലമുറകളേയും പരിപാലിക്കുന്നവനാണ് അവനെന്ന് അദ്ദേഹം സമർഥിച്ചു. സഹായിക്കുന്നതിലും നന്മ എത്തിക്കുന്നതിലും ഭൂമിലോകത്ത് ആരോടും അന്യതയോ മതപരമോ ജാതീയമോ ആയ ഒരു വിവേചനവും അവൻ കാണിക്കുന്നില്ല. വ്യസനകരം തന്നെ, ലോകത്തെ എല്ലാ നേതാക്കളും ഇത്തരത്തിലുള്ള പ്രഭാഷണങ്ങൾ നല്കിയിരുന്നെങ്കിൽ ഇന്ന് ലോകത്ത് സമാധാനം സുസ്ഥാപിതമാകുമായിരുന്നു. ഇനിയും അഹ്‌മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ടു നിൽക്കാൻ ഞാനാ ഗ്രഹിക്കുന്നു. മസ്ജിദ് കാണാൻ തീർച്ചയായും ഞാൻ വരും.

■ ബാവുർ(**Bauer**)സാഹിബ പറയുന്നു: അഹ്‌മദിയ്യ ജമാഅത്ത് ഇമാമിന്റെ ഹാളിലേക്കുള്ള വരവോടെ എനിക്ക് ഒരു ആവേശം കൈവന്നു. ഇത്തരത്തിലുള്ള അനുഗൃഹീത വേദിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ വളരെ വലിയ ആദരവാണ് എനിക്കു ലഭിച്ചത്. ചില ആശങ്കകളും തെറ്റുധാരണകളും എനിക്കുണ്ടായിരുന്നു. വ്യക്തമായ നിലപാടും ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ യഥാർഥ വ്യാഖ്യാനവും വിശദീകരണവും നല്കിക്കൊണ്ട് അഹ്‌മദിയ്യ ജമാഅത്ത് അതെല്ലാം അകറ്റി. ഇപ്പോളെനിക്ക് വളരെയധികം കാര്യങ്ങൾ വ്യക്തമായിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽനിന്നു വെളിപ്പെട്ടു കൊണ്ടിരുന്ന സമാധാനം വിശദീകരിക്കാൻ എനിക്ക് വാക്കുകളില്ല. കാരണം, അതിന്റെ ബന്ധം വികാരങ്ങളുമായി ചേർന്നു നില്ക്കുന്നതാണ്.

■ ഒരു ജർമൻകാരി പറയുന്നു: എന്തെല്ലാം കാര്യങ്ങൾ പറയുന്നുവോ അതനുസരിച്ച് പ്രവർത്തിക്കുന്നു എന്നതാണ് നിങ്ങളുടെ ഖലീഫയുടെ വ്യക്തിത്വത്തിൽ ദർശിക്കാൻ സാധിക്കുന്നത്. ഇതു മുഖേന അദ്ദേഹത്തിന്റെ വ്യക്തിത്വം എനിക്ക് നല്കിയ ആദരവാണിത്. വിദേശകാര്യമന്ത്രി സീഹോഫർ (**Seehofer**)നെ പോലുള്ള ജർമനിയിൽനിന്നുള്ള രാഷ്ട്രീയക്കാർ ഖലീഫയുടെ നിർദേശങ്ങളിൽ നിന്നു ഫലമെടുക്കേണ്ടതാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ സ്വാധീനം ഉളവാക്കുന്നതും വർത്തമാന കാലത്തിന്റെ സാഹചര്യങ്ങൾക്ക് അനിവാര്യവുമാണ്. നിങ്ങളുടെ ക്ഷണത്തിന് ഞാൻ ഹൃദ്യമായി നന്ദിയുള്ളവളാണ്.

■ കുറച്ചു കാലം സൈന്യത്തിൽ പാതിരിയായി സേവനം ചെയ്ത അഹ്‌മദിയ്യ ജമാഅത്തിന്റെ വളരെയടുത്ത മിത്രമായ സ്ട്രോഹെ(**Strohe**) പറയുന്നു: ഹുദൂർ അൻവറിന്റെ വ്യക്തിത്വം വിനയഭാവത്താൽ നിർഭരമായിരുന്നുവെന്ന് മനസ്സിലാകുന്നു എന്നതാണ് പ്രഥമമായി ഞാൻ പറയാനാഗ്രഹിക്കുന്നത്. ഞാനിതിൽ അത്ഭുതപരതന്ത്രനാണ്. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ രീതിയും വിഷയവും തികച്ചും വ്യക്തമായിരുന്നു. വളരെ നല്ല ഗവേഷണത്തിൽ അധിഷ്ഠിതമായിരുന്നു എന്ന് എനിക്ക് തോന്നി. അത് നമ്മുടെ സമൂഹത്തെ കുറിച്ചുള്ള വളരെ നല്ല അവലോകനമായിരുന്നു. വളരെ ഉന്നതമായ രീതിയിൽ അത് വിശദീകരിച്ചു. വിശിഷ്യാ രണ്ടു കാര്യങ്ങൾ ഈ പ്രഭാഷണത്തിൽ വിശദമാക്കപ്പെട്ടു. പ്രഥമ കാര്യം ഉന്നതനായ അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കലാണ്. മനുഷ്യരോടുള്ള കടമകളാണ് രണ്ടാമത്തേത്. ഇപ്പോൾ ഇതുതന്നെയാണ് നമ്മുടെ ലോകത്തിന്റെ ഏറ്റവും വലിയ കർത്തവ്യം.

■ വീസ്ബാഡൻ പട്ടണത്തിന്റെ കൗൺസിൽ അംഗം റാശിദ് ഡെൽബാസ്തെഹ്(**Rashid Delbasteh**) സാഹിബ് പറയുന്നു: ഇന്നീ പരിപാടിയിൽ പങ്കെടുത്തത് വളരെ നല്ലതായി തോന്നി. ഞാനും ഒരു മുസ്‌ലിമാണ്. എന്നാൽ നിങ്ങളുടെ ജമാഅത്തിനെ എനിക്ക് വളരെ ഇഷ്ടമായി. കാരണം നിങ്ങൾ പരസ്പരം സ്നേഹത്തോടെ പെരുമാറുന്നുവെന്ന് മാത്രമല്ല, അതിഥികളോടും അപ്രകാരംതന്നെ പെരുമാറുന്നു. ഹുദൂർഅൻവർ ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹം കാലത്തിന്റെ ഖലീഫയാണെന്ന് വളരെ എളുപ്പത്തിലൽ മനുഷ്യന് പറയാൻ സാധിക്കും. ആദ്യം അദ്ദേഹത്തെ മസ്ജിദിൽവെച്ച് കാണാൻ അവസരം ലഭിച്ചു. ഇപ്പോൾ ഇവിടേയും വളരെ അടുത്തുനിന്ന് എനിക്ക് അദ്ദേഹത്തെ കാണാൻ സാധിച്ചു.വളരെ സന്തോഷം തോന്നി. യഥാർഥത്തിൽ ഇതൊരു ഖലീഫതന്നെയെന്ന് എനിക്ക് വ്യക്തമായി.

■ ഒരു അധ്യാപിക സൂസന്നെ ക്ലെയിൻസ്ച്ച്മിച്ച്(**Susanne Kleinschmidt**) സാഹിബ പറയുന്നു: ഇന്നത്തെ പരിപാടി വളരെയധികം ഹൃദയസ്പൃക്കായിരുന്നു. കാരണം, സവിശേഷമായ നിലയിൽ അഹ്‌മദിയ്യ ജമാഅത്തിനെ പരിചയപ്പെടാൻ എനിക്ക് സാധിച്ചു. ഇസ്‌ലാം ഒരു സമാധാനത്തിന്റെ മതമാണെന്ന കാലത്തിന്റെ ഖലീഫയുടെ വിശദീകരണം എന്നിൽ വളരെ ഗഹനമായ സ്വാധീനം ഇടുകയുണ്ടായി. ഖലീഫ സാഹിബിന്റെ പ്രഭാഷണം വളരെയധികം ആകർഷണം നല്കുന്നതായിരുന്നു. നമ്മളെല്ലാ മനുഷ്യരുടേയും സ്രഷ്ടാവ് ഒരേ അസ്തിത്വമാണെന്നുള്ള വിവരണം ഈ പ്രഭാഷണത്തിൽ എനിക്കു വളരെ നല്ലതായി തോന്നി. നാമെല്ലാവരും ഒരേ ദൈവത്തിൽ വിശ്വസിക്കുന്നു. ഇക്കാര്യം നാമെല്ലാവരും എന്നും ഓർക്കേണ്ടതാണ്.

■ വീസ്ബാഡനിലെ ഡൈഗ്രൂണെ(**Die Grune**) പാർട്ടിയുടെ നേതാവായ ഉട്ട ബ്രെഹം(**Uta Brehm**) സാഹിബ പറയുന്നു: നിങ്ങളുടെ ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണമാണ് ഇന്നെനിക്ക് ഏറ്റവും ഇഷ്ടമായത്. കാരണം അത് വളരെയധികം സ്വാധീനം ചെലുത്തുന്നതായിരുന്നു. ഒരു മതനേതാവായിരുന്നിട്ടും കേവലം മതപരമായ കാര്യം മാത്രമല്ല അദ്ദേഹം സംസാരിക്കുന്നത്. വളരെ വിശാലമായ പരിപ്രേക്ഷ്യത്തിലാണ് സംസാരിച്ചതെന്ന കാര്യം സവിശേഷമായ നിലയിൽ എന്നെ വളരെ വിസ്മയിപ്പിച്ചു. എല്ലാവർക്കും പ്രധാനപ്പെട്ട രാഷ്ട്രീയ സാമൂഹിക വിഷയങ്ങളെ(**Politicalsocio**) കുറിച്ച് അദ്ദേഹം സംസാരിച്ചു.

■ ഒരു വനിത പറയുന്നു:ഇസ്‌ലാമിക ലോകത്ത് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ കുറിച്ച് വളരെ തുറന്ന നിലയിൽ ആ മഹാത്മാവ് (**his holiness**) തന്റെ പ്രഭാഷണത്തിൽ വിശദീകരിച്ചു എന്നത് എനിക്ക് വളരെ ഇഷ്ടമായി. യഥാർഥത്തിൽ ഇസ്‌ലാമാണ് സമാധാനം പരത്തുന്നതെന്ന് മഹാനവർകൾ(**his holiness**)വളരെ നല്ലരീതിയിൽ വിശദീകരിച്ചു. ഇന്നിവിടെ പറയപ്പെട്ട ഇസ്‌ലാമിന്റെ അധ്യാപനം സർവ്വ ലോകത്തും വ്യാപിപ്പിക്കേണ്ടതാണ്. യഥാർഥത്തിൽ സാഹോദര്യവും ഇസ്‌ലാമിലാണ് നിലനില്ക്കുന്നത്. ഇപ്രകാരം അതിന് സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നു.

■ വീസ്ബാഡൻ പട്ടണത്തിലെ ഡെപ്യൂട്ടി കൗൺസിലർ(**deputy councillor**) മിഖായേൽ ഡേവിഡ്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 20 January 2022 Issue-3

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

(**Michael David**) പറയുന്നു: ഇന്നത്തെ പരിപാടി വളരെയധികം വിജയപ്രദമായിരുന്നു. എല്ലാ മനുഷ്യരും മതാനുയായികളും പരസ്പരം സമാധാനത്തോടെ ജീവിക്കണമെന്നാണ് സവിശേഷമായ നിലയിൽ അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണത്തിൽ വിശദീകരിച്ചത്. ഇന്നത്തെ കാലത്ത് വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണിത്.

■ വീസ്ബാഡൻ പട്ടണത്തിന്റെ പാർലമെന്റിൽ ഇന്റഗ്രേഷൻ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഡൈ ഗ്രൂണെ(**Die Grune**) പാർട്ടിയുമായി ബന്ധമുള്ള കോണി ക്യൂപ്പെച്ച്(**Conny Kuippeh**) സാഹിബ പറയുന്നു: ഖലീഫയുടെ പ്രഭാഷണം വളരെയധികം ആവേശജനകമായി എനിക്ക് തോന്നി. എന്റെ മനസ്സിന് ഇതിൽ സന്തോഷം തോന്നി. എല്ലാ അഹ്മദികളും തങ്ങളുടെ ചുറ്റുപാടിൽ വസിക്കുന്നവർക്ക് പ്രയോജനപ്പെടുന്നവരാകണമെന്ന ഖലീഫയുടെ വാക്ക് വളരെ പ്രാധാന്യമുള്ളതായി എനിക്ക് തോന്നി. എനിക്കിത് ഒരിക്കലും മറക്കാൻ കഴിയില്ല. ഇതനുസരിച്ച് അഹ്മദികൾ മാത്രമല്ല, എല്ലാവരും പ്രവർത്തിക്കേണ്ടതുണ്ട്. എല്ലാ മുസ്ലിം വിഭാഗങ്ങളും അഹ്മദികളായ നിങ്ങളെ പോലെ തുറന്ന മനഃസ്ഥിതിക്കാരാണെങ്കിൽ നമ്മുടെ ഇടപഴകിയുള്ള ജീവിതം എത്ര സുഗമമാകുമായിരുന്നു.

■ മാരിയോ ബൊഹ്ർമാൻ(**Mario Bohrmann**) സാഹിബ് ഒരു പത്രപ്രവർത്തകനാണ്. അദ്ദേഹം പറയുന്നു: 'എനിക്ക് ഹിസ് ഹോളിനെസ്സി(**his holiness**)ന്റെ പ്രഭാഷണം ഇഷ്ടമായി. ജിഹാദിനെപോലെ ഇന്ന് ലോകത്ത് ഇസ്ലാമിനെ കുറിച്ച് വ്യാപിച്ചിരിക്കുന്ന എല്ലാ വിദ്വേഷങ്ങളും അദ്ദേഹം നീക്കി. ഹൃദയത്തെ ആകർഷിച്ചെടുക്കുന്ന വ്യക്തിത്വമാണ് ഖലീഫ. ഇപ്പോൾ എനിക്ക് പത്രസമ്മേളനത്തിലും 2 ചോദ്യങ്ങൾ ചോദിക്കാൻ അവസരം ലഭിച്ചു.വളരെയധികം സ്നേഹമുള്ള വ്യക്തി എന്ന് തോന്നി. അദ്ദേഹത്തിന്റെ മുഖത്ത് ഒരു മന്ദഹാസം ദൃശ്യമാണ്.'

■ ഒരു അധ്യാപകനായ ഉവെ വിഡേര(**Uwe Widera**) സാഹിബ് പറയുന്നു:'ഇവിടെവെച്ച് ആദ്യമായാണ് അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുന്നത്. ഈ പരിപാടിയുടെ എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. വിശേഷിച്ചും ഖലീഫയുടെ പ്രഭാഷണം ഹൃദയസ്പൃക്കായിരുന്നു. സാഹോദര്യത്തിന് ശക്തി ചെലുത്തുകയും ഇതര മതസ്ഥരോടും എല്ലാ മനുഷ്യരോടും സ്നേഹത്തോടെ പെരുമാറണമെന്നും വ്യക്തമാക്കുന്ന ഖലീഫയുടെ വാക്കുകൾ വളരെ പ്രാധാന്യം അർഹിക്കുന്നതാണെന്ന് തോന്നി. ഇത് ഇന്നത്തെ സമൂഹത്തിൽ വളരെ കുറഞ്ഞു വരുന്നു. ഇതര മതങ്ങൾ ഇക്കാര്യം മറന്നു വരുന്നു. എന്നാൽ, നിങ്ങൾ ഇതിന്ന് വളരെ പ്രാധാന്യം നല്കുന്നു. ഇനി നിങ്ങളുടെ മസ്ജിദിലും തീർച്ചയായും എനിക്ക് പോകണം. എന്റെയുള്ളിൽ ഉണ്ടാകുന്ന എല്ലാ ചോദ്യങ്ങൾക്കും മറുപടി വാങ്ങണം.' അദ്ദേഹം തുടർന്നു പറഞ്ഞു:'ഹിസ് ഹോളിനെസ്സിന്റെ പ്രഭാഷണം വളരെ നന്നായിരുന്നു. ലോകത്തിലെ എല്ലാ സമൂഹത്തിനും പ്രാധാന്യം അർഹിക്കുന്നതാണ്. ഖലീഫ ഇന്നു വിവരിച്ച കാര്യങ്ങൾ ഇതര മതക്കാർ വിസ്മൃതിയിൽ തള്ളുന്നു. ലോകം ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ ലോകത്തുനിന്ന് യുദ്ധങ്ങൾ പാടേ ഇല്ലാതാകുമായിരുന്നു.'

■ വീസ് ബാഡൻ സ്കൂളിലെ അധ്യാപിക ഹൈക് എബെൽ(**Heike Ebel**) സാഹിബ പറയുന്നു:
എനിക്ക് വളരെ നല്ലതായി തോന്നിയ കാര്യം ഇവിടെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും വർത്തമാനങ്ങൾ ചെയ്യപ്പെടുന്നതു കൂടാതെ അതനുസരിച്ച് പ്രവർത്തിച്ചു വരുന്നു എന്നതാണ്. ഇന്റിഗ്രേഷൻ(ശിലേഴ്യമശേീ) എന്താണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. അതിന്റെ നല്ല മാതൃക കാഴ്ച വെക്കുന്നു. യഥാർഥത്തിൽ ഖലീഫ പരിശുദ്ധ വ്യക്തിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു യഥാർഥ മതനേതാവ് എന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ സവിശേഷ പരിശുദ്ധി കാരണത്താൽ എന്റെയുള്ളിൽ ഖലീഫ സാഹിബ് ഒരു മാറ്റം ഉണ്ടാക്കിയിരിക്കുന്നു. എല്ലാ ഓരോരുത്തരേയും തങ്ങളോടൊപ്പം ബന്ധിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നു ഒരു പ്രകാശം നിർഗളിക്കുന്നുണ്ട്.ഖലീഫ ഒരു യഥാർഥ ആത്മീയ വ്യക്തിത്വം എന്ന തോന്നലുണ്ടാക്കുന്നു. എനിക്ക് അദ്ദേഹത്തെ പരിശുദ്ധ വ്യക്തി എന്ന് അംഗീകരിക്കാൻ സാധിക്കും.

■ ഒരു വനിത പറയുന്നു:10 വർഷമായി എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ അറിയാം. എന്നും വളരെ സ്നേഹിക്കുന്നവരായിട്ടാണ് എനിക്ക് നിങ്ങളെ കാണാൻ കഴിഞ്ഞിട്ടുള്ളത്.എന്നാൽ, ഖലീഫയെ ആദ്യമായാണ് കാണാൻ അവസരം ലഭിച്ചത്.ഓരോ മനുഷ്യനും ഇതേ ചിന്താധാര വെച്ചു പുലർത്തുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിതമാകുമെന്നത് വ്യക്തമാണ്.

■ കത്തോലിക്ക ചർച്ചിലെ ഒരംഗം പറയുന്നു: അയൽവാസികളോട് നല്ല രീതിയിൽ പെരുമാറുന്നതിന് ഇത്രയും ശക്തി ചെലുത്തി പറയുന്ന ഒരു മത നേതാവിനേയും മുമ്പേയൊരിക്കലും ഞാൻ കേട്ടിട്ടില്ല. ഇവിടെ സ്നേഹത്തിന്റേതായ അധ്യാപനങ്ങളാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

■ ക്ലൗസ് ബാർട്ടെൽ(**Klaus Bartel**) സാഹിബ് പറയുന്നു: 'മൂല്യങ്ങളെ മുന്നിൽ വെക്കേണ്ടതാണെന്ന സുപ്രധാന കാര്യമാണ് ഖലീഫ സമാധാന സംസ്ഥാപനത്തിന് മുന്നോട്ടു വെച്ചത്. മുസ്ലിമീങ്ങളിൽ വിവിധ വിഭാഗങ്ങളുണ്ടെന്ന് കാര്യം എനിക്ക് അറിയാമായിരുന്നു. എന്നാൽ, ഇത്രയും സമാധാന കാംക്ഷിയായ ജമാഅത്തിനെ കുറിച്ചു ഒരു വിധത്തിലും എനിക്ക് അറിയില്ലായിരുന്നു.' (തുടരും)

പേജ് 14 ൽ നിന്ന്

ണെന്ന് അദ്ദേഹം പറഞ്ഞു. മക്കയിലെ ഏതു ഗോത്രക്കാരനാണ്? ഖുറയ്ശി എന്ന് അവിടന്ന് പറഞ്ഞു. അങ്ങ് എന്താണ് ചെയ്യുന്നതെന്ന് പുരോഹിതൻ ചോദിച്ചു. വ്യാപാരിയാണെന്ന് അദ്ദേഹം മറുപടി നല്കി. അപ്പോൾ ബഹീറ പുരോഹിതൻ പറഞ്ഞു:അല്ലാഹു അങ്ങയുടെ സ്പനം സത്യമായി കാണിച്ചതാണെങ്കിൽ അങ്ങയുടെ ജനതയിൽനിന്ന് ഒരു നബി നിയോഗിതനാകുന്നതായിരിക്കും. അങ്ങ് ആ നബിയുടെ ജീവിതത്തിൽ അദ്ദേഹത്തിന്റെ മന്ത്രിയായിരിക്കും. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഖലീഫയായിരിക്കും

പിന്നീട് ഹദ്റത്ത് അബൂബക്ർ(റ) അത് മറച്ചുവെച്ചു. അങ്ങനെ നബി(സ)തിരുമേനി ദൈവനിയോഗിതനായി. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: മുഹമ്മദേ(സ)!അങ്ങയുടെ വാദത്തിനുള്ള തെളിവെന്താണ്?മറ്റുസ്ഥലത്തുള്ളത് ഒരു തെളിവും അദ്ദേഹം ചോദിച്ചില്ലെന്നാണ്. പക്ഷേ, ഈ നിവേദനത്തിലുണ്ട്. നബി(സ)തിരുമേനി പറഞ്ഞു:താങ്കൾ ശാമിൽവെച്ചു കണ്ട സ്വപ്നം തന്നെയാണ് തെളിവ്. അപ്പോൾ നബി(സ)തിരുമേനിയെ ഹദ്റത്ത് അബൂബക്ർ(റ)ആലിംഗനം ചെയ്തു. അവിടത്തെ കണ്ണുകൾക്കിടയിൽ മുത്തി. എന്നിട്ട് പറഞ്ഞു:'അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.'*(സുബുലുൽഹുദാ വാള്യം 1, പേജ് 124, അൽബാബുത്താസിഉ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഈ നിവേദനത്തിൽ ഹദ്റത്ത് അബൂബക്റിന്റെ ഒരു സ്വപ്നത്തിന്റെ ചർച്ചയുണ്ടായിരിക്കുന്നു. പക്ഷേ, അതിന്റെ വിശദീകരണങ്ങൾ ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. സ്വപ്നത്തിൽ അബൂബക്ർ എന്താണ് കണ്ടത്? ചന്ദ്രൻ കഷണംകഷണമായി വീണിരിക്കുന്നു. അതിന്റെ ആദ്യ ചർച്ച കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഹദ്റത്ത് അബൂബക്ർ ഈസ്വപ്നത്തെ കുറിച്ച് ബഹീറ പുരോഹിതനോടു പറഞ്ഞു. *(അസ്സീറത്തുൽഹൽബിയ്യ, വാള്യം 1, പേജ് 391, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2001)* എന്തായാലും ഇതിനെക്കുറിച്ച് കൂടുതൽ നിവേദനങ്ങൾ ജീവചരിത്രകാരന്മാർ എഴുതിയിട്ടുണ്ട്. അത് തുടർന്ന് വിവരിക്കുന്നതായിരിക്കും.

പേജ് 1 ൽ നിന്ന്

സംബന്ധിച്ച് അവരുടെ ആരാധ്യർ ഇൽഹാം ഇറക്കാത്തത് അത് അവരുടെ തേജോവിലാസത്തിനെതിരായതുകൊണ്ടാണെന്ന് പ്രകടിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ, അല്ലാഹു പറയുന്നത് അങ്ങനെയല്ല! അവർക്ക് അത് ഇറക്കാനെ കഴിയുകയില്ലെന്നാണ്. അവർ ഭൗതികമായ ഒരു അനുഗ്രഹവും മനുഷ്യനുനല്കിയിട്ടിയല്ല, ആത്മീയമായ അനുഗ്രഹവും നല്കാൻ അവർക്കാകില്ല. പിന്നെങ്ങനെയാണ് നിങ്ങൾ അല്ലാഹുവും അവരെപ്പോലെ ആകാമെന്ന് മനസ്സിലാക്കുന്നത്? വാസ്തവത്തിൽ അവന് ഇൽഹാം ഇറക്കാനുള്ള ശക്തിയുണ്ട്. അവൻ ഭൗതികാനുഗ്രഹങ്ങൾ നല്കിയതുപോലെ ആത്മീയമായ അനുഗ്രഹങ്ങളും നല്കുന്നു. നിങ്ങളാഗ്രഹിക്കുന്നത് അവനും നിങ്ങളുടെ സാങ്കല്പിക ദൈവങ്ങളെപ്പോലെ നിരാലംബനായിരിക്കണമെന്നാണ്. എന്നാൽ, അവൻ ജീവനുള്ളവനും ശക്തനുമായ ദൈവമാണ്. അവൻ ആയിരക്കണക്കിന് വസ്തുക്കൾ ലോകത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ട് അവൻ നിങ്ങളുടെ ആരാധ്യരെപ്പോലെ ആത്മീയമായ അഭിവൃദ്ധിയുടെ മാർഗങ്ങൾ വിവരിക്കുന്നതിൽ എന്തിന് വീഴ്ചവരുത്തണം. നിങ്ങളുടെ ആരാധ്യരുടെ അങ്ങനെ ചെയ്യൽ അവരുടെ ഉയർന്ന തേജോവിലാസംകൊണ്ടൊന്നുമല്ല. പ്രത്യുത കഴിവില്ലായ്മ കാരണത്താലാണ്. അല്ലാഹു കഴിവില്ലാത്തവനല്ല. അതുകൊണ്ട് അവൻ ഇൽഹാം ഇറക്കിക്കൊണ്ടിരുന്നു. ഇറക്കിക്കൊണ്ടിരിക്കുകയും ചെയ്യും. അടുത്ത വചനവും ഇതേ അർഥംതന്നെയാണ് സാക്ഷ്യപ്പെടുത്തുന്നത്. അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ നോക്കിയാൽ അത് എണ്ണിക്കണക്കാക്കാൻ കഴിയില്ല. പിന്നെ ഏപ്രകാരം അവൻ ഈ ഭൗതികാനുഗ്രഹങ്ങൾ ഇറക്കിയോ എന്തുകൊണ്ട് അവന് ആത്മീയാനുഗ്രഹങ്ങൾ ഇറക്കിക്കൂടാ? ഒരു കഴിവുമില്ലാത്ത വ്യർഥമായ ആരാധികരെപ്പോലെ ഊമയായി ഇരിക്കണമെന്നാണോ? മറ്റൊന്ന് പറഞ്ഞത് ഗഫൂർ, റഹീം എന്നാണ്. അവൻ സന്മാർഗം അയക്കുന്നില്ലെങ്കിൽ ദുർബലജനതകൾക്കുള്ള മാപ്പും അർഹരായ ആളുകളുടെ ആദരവർധനവിനുള്ള വസ്തുക്കളും എങ്ങനെയുണ്ടാകാനാണ്? അവൻ സന്മാർഗം അയക്കുന്നതിൽ വീഴ്ച വരുത്തിയാൽ അതിനോടൊപ്പം അവന്റെ ഗഫൂർ, റഹീം എന്നീ സവിശേഷ ഗുണങ്ങളും വ്യർഥമായിപ്പോകുന്നു. അതിനാൽ അവന് അങ്ങനെ ചെയ്യാൻ സാധ്യമല്ല. (തഫ്സീറെ കബീർ വാള്യം 4, പേജ് 146, പ്രസാധനം ഖാദിയാൻ 2010)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin